POSTAL REG NO GDP-44/2017-2019

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 2

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

ലക്കം 27

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 ജൂലായ് 06/ഹി:ശം:1396 വഫാ 06/ഹി:ഖ: 1438 ശവ്വാൽ 11

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മു അ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹു ല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സു ഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ് മിനീൻ 26-05-2017നും 02-06-2017 നും മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ (ലണ്ടൻ)നിൽ ജുമുഅ ഖുത്ബ നിർവഹി ച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിലും 8ാം പേജിലും വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോ ഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതി നും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴുംഹുദൂർഅൻവറിന്റെസംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണ യും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹു മ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്ലനാ ഫീ ഉംരിഹീ വ അംരി ഹീ.

**അല്ലാഹുവിനുവേണ്ടി തന്റെ ഇന്ദ്രിയാശകളോട് പടവെട്ടുന്നവൻ ഭാഗ്യവാൻ. സ്വന്തം ഇന്ദ്രിയാശകൾക്കുവേണ്ടി ദൈവത്തോട് മല്ലടിക്കുന്നവരും അവനോട് ചേരാത്തവരും ഭാഗ്യംകെട്ടവരാണ്. അല്ലാഹുവിന്റെ ഉപദേശത്തിനും വിശുദ്ധഖുർആനിന്റെ നിർദ്ദേശത്തിനുമെതിരെ ഒരു ചുവടുപോലും എടുത്തുവെക്കരുത്. ഞാൻ നിങ്ങളോട് സത്യമായും സത്യമായും പറയുന്നു, വിശുദ്ധഖുർആനിലെ എഴുന്നൂറ് കല്പനകളിൽനിന്ന് ഒരു ചെറിയ കല്പനപോലും നിരസിക്കുന്നവൻ തനിക്കായി മോക്ഷത്തിന്റെ വാതിൽ സ്വകരംകൊണ്ട് അടക്കുകയാണ് ചെയ്യുന്നത്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

"അല്ലാഹുവിനുവേണ്ടി തന്റെ ഇന്ദ്രിയാശകളോട് പടവെട്ടുന്നവൻ ഭാഗ്യവാൻ. സ്വന്തം ഇന്ദ്രിയാശ കൾക്കുവേണ്ടി ദൈവത്തോട് മല്ലടിക്കുന്നവരും അവനോട് ചേരാത്തവരും ഭാഗ്യംകെട്ടവരാണ്. തന്റെ ഇച്ഛയ്ക്കായി ദൈവകല്പനകളെ നിരസി ക്കുന്നവൻ ഒരിക്കലും ഉപരിലോകത്ത് പ്രവേശി ക്കുകയില്ല. അതുകൊണ്ട് വിശുദ്ധഖുർആനിന്റെ ഒരു വള്ളിയോ പുള്ളിയോ നിങ്ങൾക്കെതിരിൽ സാക്ഷി പറയാതിരിക്കുവാനും അതുമുഖേന നി ങ്ങൾ പിടിക്കപ്പെടാതിരിക്കുവാനും പരിശ്രമിക്കു ക. കാരണം ഒരു കടുകളവ് തിന്മ ചെയ്താലും ശിക്ഷയ്ക്കർഹരായിത്തീരും. സമയം വളരെ കുറ ച്ചേയുള്ളു. ചെയ്തുതീർക്കേണ്ട കടമകൾ അസം ഖ്യമാണ്. ധിറുതിയിൽ നടക്കുക. ആ സായാഹ്നം അടുത്തെത്തിയിരിക്കുന്നു. ദൈവസന്നിധിയിൽ സ മർപ്പിക്കേണ്ടതെല്ലാം അടിക്കടി നോക്കിക്കൊണ്ടി രിക്കുക. എന്തെങ്കിലും വിട്ടുപോകാനും അത് നഷ്ടത്തിന് കാരണമാകാനും ഇടയാകരുത്. അല്ലെ ങ്കിൽ ദൈവത്തിന്റെ തിരുസന്നിധിയിൽ സമർപ്പി ണാർഹമല്ലാത്ത മലീമസവും ആർക്കും വേണ്ടാ ത്തതുമായ സാധനങ്ങൾ കൊണ്ടുപോകരുത്.

അതുകൊണ്ട് നിങ്ങൾ കരുതിയിരിക്കുക. അല്ലാ ഹുവിന്റെ ഉപദേശത്തിനും വിശുദ്ധഖുർആനിന്റെ നിർദ്ദേശത്തിനുമെതിരെ ഒരു ചുവടുപോലും എടു ത്തുവെക്കരുത്. ഞാൻ നിങ്ങളോട് സത്യമായും സത്യമായും പറയുന്നു, വിശുദ്ധഖുർആനിലെ എഴുന്നൂറ് കല്പനകളിൽനിന്ന് ഒരു ചെറിയ കല്പ നപോലും നിരസിക്കുന്നവൻ തനിക്കായി മോക്ഷ ത്തിന്റെ വാതിൽ സ്വകരംകൊണ്ട് അടക്കുകയാണ് ചെയ്യുന്നത്. പരമാർഥപരവും പരിപൂർണവുമായ മോക്ഷത്തിന്റെ വാതിൽ വിശുദ്ധഖുർആൻ തുറ ന്നുതന്നിരിക്കുന്നു. മറ്റുള്ളതെല്ലാം അതിന്റെ ഛാ യയാണ്. അതുകൊണ്ട് നിങ്ങൾ വിശുദ്ധഖുർ ആൻ ഗ്രഹിച്ച് പാരായണം ചെയ്യുക. മറ്റൊന്നി നോടും പുലർത്തിയിട്ടില്ലാത്തവിധം നിങ്ങൾ അതിനെ വളരെയധികം സ്നേഹിക്കുക. എന്തു കൊണ്ടെന്നാൽ അല്ലാഹു എന്നെ സംബോധന ചെയ്ത് ഇപ്രകാരം പറഞ്ഞു: *അൽഖയ്റു കുല്ലു ഹു ഫിൽ ഖുർആനി* എല്ലാവിധത്തിലുള്ള നന്മ കളും വിശുദ്ധഖുർആനിലുണ്ട്. സത്യവും ഇതു തന്നെയാണ്. അതിനുമേൽ മറ്റു വസ്തുക്കളെ മുന്തിക്കുന്നവർക്ക് അഹോ കഷ്ടം! നിങ്ങളുടെ സകലവിജയങ്ങളുടേയും മോക്ഷത്തിന്റേയും ഉറ വിടം ഖുർആനിലാണുള്ളത്. നിങ്ങളുടെ മതപര മായ ഒരാവശ്യവും വിശുദ്ധഖുർആനിൽ കാണാ ത്തതായി ഇല്ല. പുനരുദ്ധാനനാളിൽ നിങ്ങളുടെ വിശ്വാസത്തെ സത്യപ്പെടുത്തുകയോ വ്യാജപ്പെ ടുത്തുകയോ ചെയ്യുന്നത് ഖുർആനാകുന്നു. നി ങ്ങൾക്ക് നേരിട്ട് സന്മാർഗം നൽകാൻ കഴിവുറ്റ ഗ്രന്ഥം ആകാശത്തിൻകീഴിൽ ഖുർആൻ അല്ലാ തെ മറ്റൊന്നില്ല. വിശുദ്ധഖുർആൻ പോലുള്ള ഗ്രന്ഥം നിങ്ങൾക്ക് ദാനം ചെയ്ത അല്ലാഹു നിങ്ങ ളോട് ഒരുപാട് ഔദാര്യം ചെയ്തിരിക്കുകയാണ്. നിങ്ങൾക്കവതരിപ്പിക്കപ്പെട്ട ആ ഗ്രന്ഥം ക്രിസ്ത്യാ നികൾക്ക് അവതരിച്ചിരുന്നെങ്കിൽ അവർ നശിക്കു മായിരുന്നില്ലെന്നും നിങ്ങൾക്ക് നല്കപ്പെട്ട ഈ അനുഗ്രഹവും സന്മാർഗ്ഗവും തൗറാത്തിനു പകരം യഹൂദികൾക്ക് നൽകിയിരുന്നെങ്കിൽ അവരിൽ ചില കക്ഷികൾ പരലോകനിഷേധികളാകുമായി രുന്നില്ലെന്നും ഞാൻ സത്യമായും നിങ്ങളോട് പ റയുന്നു. അതുകൊണ്ട് നിങ്ങൾക്ക് നല്കപ്പെട്ടിരി ക്കുന്ന ഈ അനുഗ്രഹത്തെ ആദരിക്കുക. ഇത് അങ്ങേയറ്റം പ്രിയങ്കരമായ അനുഗ്രഹമാണ്. ഇത് വലിയ സമ്പത്താണ്. ഖുർആൻ വന്നില്ലായിരുന്നെ ങ്കിൽ മുഴുലോകവും അഴുകിയ മാംസപിണ്ഡംപോ ലെയാകുമായിരുന്നു. അതാണ് ഖുർആൻ! ഇതി ന്നെതിരിലുള്ള എല്ലാ രക്ഷാമാർഗങ്ങളും നിഷ്ഫ ലമാണ്. മനുഷ്യൻ ബാഹ്യവും ആന്തരികവുമായ അന്തസ്സ് ആഗ്രഹിക്കാതിരുന്നാൽ ഒരാഴ്ചകൊണ്ട് അവനെ പരിശുദ്ധമാക്കാൻ ഖുർആന് സാധിക്കും. ഖുർആനിൽനിന്ന് സ്വയം ഓടിയകലാതിരുന്നാൽ നിങ്ങളെ നബിമാരെപോലെ ആക്കിത്തീർക്കുവാൻ ഖുർആന് കഴിയും. ഖുർആനല്ലാതെ മറ്റേത് ഗ്രന്ഥ മാണ് തുടക്കത്തിൽത്തന്നെ അതിന്റെ അനുവാച കരെ *ഇഹ്ദിനസ്സിറാത്തൽമുസ്തഖീമ സിറാത്ത ല്ലദീന അൻഅംത അലയ്ഹിം* എന്ന പ്രാർഥന പ ഠിപ്പിക്കുകയും അവർക്ക് പ്രതീക്ഷ നല്കുകയും ചെയ്തിട്ടുള്ളത്. അതായത് നബിയും റസൂലും സിദ്ദീഖും ശഹീദും സ്വാലിഹുമായിട്ടുള്ള ഞങ്ങ ളുടെ മുൻകഴിഞ്ഞുപോയവർക്ക് കാണിക്കപ്പെട്ട അനുഗ്രഹങ്ങളുടെ വഴി ഞങ്ങൾക്കും കാണിച്ചു തന്നാലും. അതുകൊണ്ട് സ്വന്തം നിശ്ചയദാർഢ്യ ങ്ങളെ മികച്ചതാക്കിത്തീർക്കുക. വിശുദ്ധഖുർആനി ന്റെ ക്ഷണം നിരസിക്കാതിരിക്കുക. നിങ്ങളുടെ പൂ ർവ്വികർക്ക് നല്കിയതുപോലുള്ള അനുഗ്രഹം അവൻ നിങ്ങൾക്കും നല്കുവാനാഗ്രഹിക്കുന്നു..... അല്ലാഹു നിങ്ങളെ തന്റെ വഹ്യ്, ഇൽഹാം- ദൈവികഭാഷണം എന്നീ അനുഗ്രഹങ്ങളിൽനിന്ന് ഒരിക്കലും മാറ്റിവെക്കുന്നതല്ല. മറിച്ച്, നിങ്ങളുടെ പൂർവ്വികന്മാർക്ക് ലഭിച്ചതുപോലുള്ള എല്ലാ അനു ഗ്രഹങ്ങളും നിങ്ങളിലും പൂർത്തിയാക്കിത്തരുന്ന താണ്. എന്നാൽ, ആരാണോ അഹങ്കാരത്തിന്റെ വഴിയിലൂടെ അല്ലാഹുവിന്റെമേൽ കളവ് കെട്ടി യുണ്ടാക്കുകയും വെളിപാട് ഉണ്ടാകാതിരിക്കെ തനിക്കുണ്ടായി എന്ന് പറയുകയും ചെയ്യുന്നത്, അല്ലെങ്കിൽ ദൈവികഭാഷണം തനിക്ക് സിദ്ധിക്കാ തിരിക്കെ സിദ്ധിച്ചുവെന്ന് പറയുന്നത് അവൻ ന ശിപ്പിക്കപ്പെടുന്നതാണെന്ന് ഞാൻ അല്ലാഹുവിനേ യും അവന്റെ മലക്കുകളേയും സാക്ഷി നിറത്തിപ്പ റയുന്നു. എന്തുകൊണ്ടെന്നാൽ, അവൻ തന്റെ സ്രഷ്ടാവിന്റെമേൽ കളവ് കെട്ടുകയും വഞ്ചന കാ ണിക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് നി ങ്ങൾ ഈ നിലപാടിനെ ഭയപ്പെടുക. വ്യാജസ്വപ് നങ്ങൾ ഉണ്ടാക്കുകയും തനിക്ക് ദൈവഭാഷണം ഉണ്ടാകുന്നുവെന്ന് വ്യാജവാദം പുറപ്പെടുവിക്കു കയും ചെയ്യുന്നവന്റെമേൽ ദൈവശാപമുണ്ടാകട്ടെ. ദൈവം എന്നൊന്നില്ല എന്ന് മനസ്സിൽ കരുതുന്നവ രാണവർ. എന്നാൽ, ദൈവശിക്ഷ കഠിനമായ നി ലയിൽ തീർച്ചയായും അവരെ പിടികൂടുന്നതാണ്. അവരിൽനിന്ന് ആ ശിക്ഷയുടെ നാൾ നീങ്ങിപ്പോ കുന്നതല്ല. അതുകൊണ്ട് നിങ്ങൾ സത്യസന്ധത യിലും ദൈവഭക്തിയിലും ദൈവസ്നേഹത്തിലും പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുക. ജീവിതകാ ലം മുഴുവനും നിങ്ങളുടെ ഉത്തരവാദിത്വം ഇതൊ ന്നുമാത്രമാണെന്ന് കരുതുക. അതിനുശേഷം നി ങ്ങളിൽനിന്ന് അല്ലാഹു ഇച്ഛിക്കുന്നവരെ തന്റെ ദിവ്യഭാഷണം മുഖേന അനുഗ്രഹിക്കുന്നതാണ്. സാത്താനികപ്രചോദനം ഉണ്ടാകാതിരിക്കാൻ നി ങ്ങൾക്ക് അത്തരം ആഗ്രഹവും ഉണ്ടാകാൻ പാടി ല്ല. ഇതുമുഖേന വളരെപേർ നശിച്ചവരായിപ്പോ കുന്നു. അതുകൊണ്ട് നിങ്ങൾ സേവനത്തിലും ആരാധനയിലും മുഴുകുക. നിങ്ങളുടെ എല്ലാ പ്ര യത്നങ്ങളും ദൈവികകല്പനകൾ അനുസരി ക്കുന്നതിലും വിശ്വാസദാർഢ്യതയിൽ മുന്നേറു ന്നതിലും വിനിയോഗിക്കപ്പെടേണ്ടതാണ്. ഈ പ്ര യത്നം ദൈവികവെളിപാടുകൾ പ്രത്യക്ഷപ്പെടുന്ന തിനായിട്ടല്ല, മോക്ഷപ്രാപ്തിക്കായിട്ടാണ്."

(കശ്തീയെനൂഹ്, റൂഹാനീഖസായിൻ, വാല്യം 19, പേജ് 25-28)

◆

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

പേജ് 12ൽ നിന്ന്

യാണ് സത്യം. ഞാൻ 1980 മുതൽ അഹ്മദീ മുസൽമാനാണ്. കഴിഞ്ഞ പത്തുപതിനഞ്ച് വർഷമായി ജമാഅത്തിൽനിന്ന് അകന്നുപോയിരുന്നു. പക്ഷേ, ഇപ്പോൾ ജമാഅത്തിന്റെ ഉലമാക്കളുമായി ബന്ധംവെക്കണമെന്ന് വിചാരിച്ചു.

* സാന്റാ അലോയി (ഉഗാണ്ട മദർ ചർച്ച്) തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഖലീഫത്തുൽ മസീഹിന്റെ ഇന്നത്തെ സന്ദേശം മാപ്പിനേയും വിട്ടുവീഴ്ചയേയും സമാധാനസംസ്ഥാപനത്തേയും കുറിച്ചായിരുന്നു. പ്രത്യേകിച്ചും എല്ലാ മതങ്ങളും ഏകദൈവത്തെ വിശ്വസിക്കുന്നു. പക്ഷേ, വിവിധ നാമങ്ങളിൽ ആ ദൈവത്തെ സ്മരിക്കുന്നു. ഹുദൂർ പ്രത്യേകിച്ചും മുസ്ലിംകളോട് പറഞ്ഞത് നിങ്ങൾ സമാധാന സംസ്ഥാപനത്തിനായി കൂടുതൽ പരിശ്രമിക്കണമെന്നാണ്. ഇതുകേട്ട് എനിക്ക് വളരെ സന്തോഷമുണ്ടായി.

* സുരേന്ദർ സിദ്ധു തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:ഇതൊരു നല്ല അവസരമായിരുന്നു. ഹുദൂറിന്റെ പ്രഭാഷണത്തിൽ സമാധാനം സ്നേഹം, അതുപോലെ ലോകത്തിന്റെ നന്മയെ സംബന്ധിച്ച് വിവരിക്കുകയുണ്ടായി.

* ഫെഡൽ എന്ന പേരുള്ള ഒരു വിദ്യാർഥി തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: എല്ലാ പരിപാടികളും ഹുദൂറിന്റെ പ്രഭാഷണവും വളരെ നല്ലതായിരുന്നു. അതെന്റെ മനസ്സിലിറങ്ങി. ഹുദൂറുമായിട്ടുള്ള കൂടിക്കാഴ്ച വിവരിക്കുന്നതിന് എന്റെ പക്കൽ വാക്കുകളില്ല. ഇതെന്റെ ജീവിതത്തിന്റെ വളരെ പ്രധാനപ്പെട്ട അനുഭവമായിരുന്നു.

* ഒരു ശിയാമുസ്ലിം വിദ്യാർഥി ഫരിസ്ത തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഹുദൂറിന്റെ ഇസ്ലാമിനേയും സമാധാനത്തേയും സംബന്ധിച്ചുള്ള പ്രഭാഷണം തികച്ചും എന്റെ ചിന്താഗതിക്ക് അനുസരിച്ചിട്ടുള്ളതായിരുന്നു. ഹുദൂറിന്റെ മുഖത്ത് വ്യക്തമായിരുന്ന പ്രകാശം വളരെ മനോഹരമായിരുന്നു.

* ഗീർത്ത് കാൽവേയും ദീനാ കാൽവേയും തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: വളരെ ആകർഷണീയമായ സന്ദേശമായിരുന്നു. നിത്യവും നമ്മൾ ലോകത്ത് കാണുന്നതിൽനിന്ന് വ്യത്യസ്തവും മനോഹരവുമായ മാറ്റമായിരുന്നു.

* ബാറാകാത്ത് തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഹുദൂറിന്റെ പ്രഭാഷണം അങ്ങേയറ്റം ആകർഷണീയവും ലോകത്തിലെ മുഴുവൻ ജനങ്ങൾക്കുമുള്ളതായിരുന്നു. ഈ സന്ദേശം ലോകം മുഴുവനുമുള്ള ആളുകളിൽ എത്തണമെന്നാണ് എന്റെ ആഗ്രഹം.

* ലൂസി കരാണോൾ (പബ്ലിക്ക് റിലേഷൻ ഗൈനീസ് കരീബിയൻ കമ്മ്യൂണിറ്റി) തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഖലീഫയുടെ പ്രസംഗത്തിൽനിന്ന് എനിക്ക് അറിയാത്തതായ പല കാര്യങ്ങളും ഞാൻ പഠിച്ചു. അവിടന്ന് പ്രസംഗിച്ചുവെന്ന് മാത്രമല്ല മറിച്ച് നമുക്കെങ്ങനെ പരസ്പരം അങ്ങോട്ടുമിങ്ങോട്ടും സ്നേഹിക്കാൻ കഴിയുമെന്ന കാര്യവും വ്യക്തമാക്കി. മുഴുവൻ മനുഷ്യകുലവും എങ്ങനെയാണ് ഒന്നാകുന്നത്. അദ്ദേഹം പറഞ്ഞ ഒരു കാര്യം എന്നെ ആഴത്തിൽ സ്വാധീനിച്ചു. മനുഷ്യൻ എന്ന നിലയിൽ നമ്മൾ ഏതെങ്കിലുമൊക്കെ കാര്യത്തിൽ ഭിന്നിക്കാറുണ്ട്. പക്ഷേ, നമ്മുടെ ശ്രമം അതെങ്ങനെ പരിഹരിക്കാമെന്നുള്ളതായിരിക്കണം. നമുക്ക് ആദ്യം നമ്മൾ പറയുന്ന കാര്യങ്ങൾ മനസ്സിലാക്കേണ്ട ആവശ്യമുണ്ട്. പിന്നീട് നമുക്ക് ന്യായത്തോടും നീതിയോടുംകൂടി പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. എന്നെ ആകർഷിച്ച മറ്റൊരു കാര്യം നമ്മൾ നമ്മുടെ ഭിന്നതകൾ അകറ്റുന്നില്ലെങ്കിൽ ഒന്നിച്ച് കഴിയേണ്ടത് എങ്ങനെയെന്ന് പഠിക്കുന്നില്ലെങ്കിൽ അതിന്റെ ഫലമായി വരുംതലമുറ അതിന്റെ കെടുതികൾ അനുഭവിക്കേണ്ടിവരുമെന്ന് പറഞ്ഞതാണ്. നമുക്ക് നമ്മുടെ ദൈവം പറഞ്ഞുതന്നത് എന്തെല്ലാം അഭിപ്രായഭിന്നതകളുണ്ടെങ്കിലും ഐക്യത്തോടെ കഴിയണമെന്നാണ്.

* യാറിക് യൂണിവേഴ്സിറ്റിയിലെ ഒരു വിദ്യാർഥി മേഗൺ തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഇന്ന് ഇവിടെ വന്നിട്ട് എനിക്ക് വളരെ സന്തോഷമുണ്ടായി. അഹ്മദിയ്യാ ജമാഅത്ത് എങ്ങനെ വിവിധ വിഭാഗങ്ങളിലുള്ള ആളുകളെ ഒരുമിച്ചുകൂട്ടുന്നു എന്ന് കണ്ട് വളരെ നന്നായി തോന്നി. ഞാൻ വിചാരിക്കുന്നത് ഇക്കാര്യമാണ് ലോകത്തിന് ആവശ്യമെന്നാണ്.

* അബൂബക്കർ യൂസുഫ്, സെമീദാ കമ്മ്യൂണിറ്റിയുടെ അംഗമാണ്. തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഞാൻ കേട്ടതിലും കണ്ടതിലും വളരെ ആകർഷിതനാണ്. ഹുദൂർ തന്റെ പ്രഭാഷണത്തിൽ നബി(സ) തിരുമേനിയുടെ ധാരാളം ഉദാഹരണങ്ങൾ അവതരിപ്പിക്കുകയുണ്ടായി. അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കണമെന്ന് നമ്മളോട് പറഞ്ഞു. ബലാൽക്കാരമായി ഒരിക്കലും ആരേയും നബി(സ)തിരുമേനി ഇസ്ലാമിൽ പ്രവേശിപ്പിച്ചിട്ടില്ലെന്ന് ആ മഹാത്മാവിന്റെ ജീവിതമാതൃകയിലൂടെ ഹുദൂർ സ്ഥാപിച്ചു. നബി(സ) തിരുമേനി എങ്ങനെയാണ് മുഴുലോകത്തേയും സേവിച്ചതെന്ന് ഹുദൂർ വിശുദ്ധഖുർആന്റെ അടിസ്ഥാനത്തിലും ഇസ്ലാമികാധ്യാപനത്തിൽ വെളിച്ചത്തിലും വിശദീകരിച്ചു. ലാ ഇക്റാഹ ഫിദ്ദീൻ എന്ന് വിശുദ്ധഖുർആനിൽ വന്നിരിക്കുന്നു. എങ്ങനെയാണ് നബി(സ) തിരുമേനി ക്രിസ്ത്യാനികൾ, യഹൂദികൾ, ഹിന്ദുക്കൾ അല്ലെങ്കിൽ മറ്റ് ഏതുവിഭാഗക്കാർക്കും അവരുടെ അവകാശങ്ങൾ നൽകിയതെന്നും വിവരിച്ചു. മനുഷ്യർ എന്ന നിലയിൽ എല്ലാവരും ഒന്നാണെന്ന് പറഞ്ഞു. ഹുദൂർ തന്റെ പ്രഭാഷണത്തിൽ ദുഃഖിക്കുന്ന മനുഷ്യരിലേക്കും നമ്മുടെ ശ്രദ്ധ ക്ഷണിച്ചു. അതായത് അവരെ സഹായിക്കേണ്ടത് നമ്മുടെ നിർബന്ധ കടമയാണ്. നമ്മൾ ബലാൽക്കാരം, അക്രമം, ഭീകരവാദം, സ്വാർഥത തുടങ്ങിയവ ഉപേക്ഷിച്ച് ഐക്യത്തോടെ ജീവിക്കണമെന്ന് ഹുദൂർ പറയുകയായിരുന്നു. ഇതാണ് നബി(സ) തിരുമേനി നമുക്ക് നൽകിയ പാഠം.

* ഐ.ടി. പ്രൊഫഷണൽ ഗണേഷ് തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഖലീഫയുമായി കണ്ട് എനിക്ക് സന്തോഷമായി. ഇപ്രകാരംതന്നെ പരിപാടികളിൽ പങ്കെടുത്ത് സന്തോഷം അനുഭവിക്കുന്നു.'

മഖ്സൂദ് എന്ന പേരുള്ള ഒരു വിദ്യാർഥി പറഞ്ഞു: നമ്മൾ എല്ലാവരും ഹുദൂർ പറഞ്ഞതനുസരിച്ചുള്ള ചിന്താഗതിയുള്ളവരായിരുന്നെങ്കിൽ! ഞാൻ ഹുദൂറിന്റെ പ്രഭാഷണത്തിൽ വളരെ ആകർഷിതനാണ്. ഞാൻ ഈ സന്ദേശം എന്റെ കൂടെ കൊണ്ടുപോകും. അത് എന്റെ ജീവിതത്തിന്റെ ഭാഗമാക്കാൻ ശ്രമിക്കുന്നതുമാണ്.

ഒരു അതിഥി ക്രഷ തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഞാൻ ഇവിടെ വന്നതും എന്നെ സംബന്ധിച്ചിടത്തോളം ബഹുമതിയും അന്തസ്സുമാണ്. സമാധാനത്തെക്കുറിച്ചുള്ള പ്രസംഗം വളരെ നന്നായിരുന്നു. നമ്മൾ ടെലിവിഷനിൽ ധാരാളം പ്രസംഗങ്ങൾ കേൾക്കാറുണ്ട്. അതിൽ യുദ്ധവും, കലഹവും വെറുപ്പുമാണ് പ്രചരിപ്പിക്കുന്നത്. അതുകൊണ്ട് ഈ സ്നേഹവും സമാധാനവും നിറഞ്ഞ കാര്യങ്ങൾ കേട്ട് സന്തോഷമുണ്ടായി.

ഒരതിഥി ഷൈന്റേൽ തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഇവിടെ വന്നത് എനിക്ക് വളരെ സന്തോഷമായി. നിങ്ങൾ എന്നെ ക്ഷണിച്ചത് എന്റെ അന്തസ്സിന് നിമിത്തമാണ്. നമ്മൾ എങ്ങനെ ഒരുമിച്ച് ജീവിക്കണമെന്നതായിരുന്നു പ്രസംഗവിഷയം. ഞാൻ പ്രതീക്ഷിക്കുന്നത് മറ്റുള്ളവരും ഈ സന്ദേശം കേൾക്കുമെന്നാണ്.

* അനീറ്റ സമറ തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഇത് അസുലഭമായ ഒരവസരമായിരുന്നു. ഖലീഫയുടെ പ്രസംഗം കേൾക്കുക എന്നതും ഇസ്ലാമിക കമ്മ്യൂണിറ്റിയെ കാണുകയെന്നതും എന്നെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം സന്തോഷകരമായ അവസ്ഥയായിരുന്നു. എനിക്ക് ഹുദൂറിന്റെ ഓട്ടോഗ്രാഫ് വാങ്ങാനുള്ള അവസരവും കിട്ടി.

ഡിസൈനർ ലിയോ കോറന്റി തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഹുദൂറിന്റെ പ്രഭാഷണം വളരെ ആകർഷഭരിതമായിരുന്നു. ഞാൻ വളരെ സന്തോഷവാനും ആകർഷിതനുമാണ്. ഖലീഫയിൽ ഒരു ആദരയുക്തമായ ഭയമുണ്ട്. ഞാൻ അദ്ദേഹത്തിന്റെ അടുത്തെത്തിയപ്പോൾ ഒരു വിറയൽപോലെ എനിക്കനുഭവപ്പെട്ടു. തീർച്ചയായും അദ്ദേഹത്തിൽ എന്തോ പരിശുദ്ധ ശക്തി നിലകൊള്ളുന്നുണ്ട്. ഹുദൂർ ഒരു വിനയനായ മനുഷ്യനാണ്. ഈ വിനയത്വം മനുഷ്യന് അനുഭവിച്ചറിയാൻ കഴിയും.

* ഫ്രാൻസിസ് അത്താ മെമ്പർ ഓഫ് ഉഗാണ്ട മീറ്റേഴ്സ് ചർച്ച് തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: എല്ലാവരോടും സ്നേഹം എന്ന വാക്യം നമ്മൾ എങ്ങനെയാണ് നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കേണ്ടതെന്ന് ഖലീഫ തന്റെ പ്രസംഗത്തിൽ പറയുകയുണ്ടായി. അവിടന്ന് സ്വയം തന്റെ കർമം കൊണ്ട് കാണിച്ചു എങ്ങനെയാണ് നമ്മൾ അതനുസരിച്ച് പ്രവർത്തിക്കേണ്ടതെന്ന്. അവിടന്ന് ഇസ്ലാമിക അധ്യാപനങ്ങളിൽ വെളിച്ചം വീശിക്കൊണ്ട് സംസാരിക്കുകയുണ്ടായി. അതിൽനിന്ന് വ്യക്തമായത് ഏതൊരു കാര്യങ്ങളാണോ മാധ്യമങ്ങൾ ഇസ്ലാമിന്റെമേൽ ഉന്നയിച്ചുകൊണ്ടിരിക്കുന്നത് അതെല്ലാം കളവാണെന്നാണ്. ഏതൊരു കാര്യമാണോ ഖലീഫ വിവരിച്ചത് അത് സത്യമാണ്. യഥാർഥ മുസൽമാൻ മറ്റുള്ളവരേയും സംരക്ഷിക്കുന്നവനാണ്.

* ജഗ് ഗ്രേൺബർഗ് ഒന്റാറിയോ, പീസി യൂത്ത് അസോസിയേഷൻ തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഖലീഫയുടെ പ്രസംഗം വികാരഭരിതമായിരുന്നു. അതുമുഖേന എനിക്ക് ഒരുപാട് പ്രചോദനം കിട്ടി. അവിടന്ന് തന്റെ പ്രസംഗത്തിൽ ലോകത്ത് സമാധാന സംസ്ഥാപനത്തിന്റെ അടിസ്ഥാനത്തിൽ സംസാരിച്ചു. ഞാൻ വിചാരിക്കുന്നത് ഖലീഫ അഹ്മദികൾക്ക് മാത്രമല്ല മറിച്ച് മുഴുവൻ മുസ്ലിംകൾക്കുമുള്ള ഒരു ശക്തമായ ശബ്ദമാണ്. ഖലീഫ പറഞ്ഞ കാര്യങ്ങൾ എന്നെ അഗാധമായി സ്വാധീനിച്ചു. നമുക്ക് ഒരു മഹായുദ്ധം സഹിക്കാൻ കഴിയുകയില്ല. നമ്മൾ എല്ലാ ജനതകളും ഒന്നിച്ചുചേർന്ന് പ്രവർത്തിക്കുകയും അവരവരുടേതായ പങ്ക് വഹിക്കുകയും ചെയ്യേണ്ടതാണ്.

* എഴുത്തുകാരനായ പ്യാരാസിംഗ് കാദോവാൽ തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഏതൊരു വാക്കുകളാണോ ഹുദൂർ വിവരിച്ചത് അത് സമാധാന സംസ്ഥാപനത്തിന് വളരെ അനിവാര്യമാണ്. നമ്മൾ ഇതിലെ പകുതി ഉപദേശങ്ങളനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽത്തന്നെ നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതങ്ങളിൽ സമാധാനമുണ്ടാകുന്നതാണ്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന യുദ്ധങ്ങൾ അവസാനിക്കുന്നതാണ്. ഞാൻ ഇന്നത്തെ പ്രഭാഷണത്തിൽ വളരെ ആകർഷിതനാണ്.

* പീറ്റർ സൊറാൻസ് റിയൽ എസ്റ്റേറ്റ് തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഞാൻ നന്ദി പ്രകടിപ്പിക്കുന്നതിന് ആഗ്രഹിക്കുകയായിരുന്നു. ഹുദൂർ എനിക്ക് അതിന് അവസരം നൽകി.

* ഒരതിഥി ഹർജോത് തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: എനിക്ക് നന്നായി തോന്നി എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്ന സന്ദേശം എനിക്ക് വളരെ നല്ലതായിതോന്നി.

## പ്രസ്സ് മീഡിയാ കവറേജ്

* അല്ലാഹുവിന്റെ കൃപയാൽ പത്രമാധ്യമങ്ങളിൽ ഈ നാഷണൽ പീസ് സിമ്പോസിയത്തിന്റെ കവറേജുണ്ടായി.

* ഗ്ലോബൽ ന്യൂസ് പത്രത്തിൽ കവറേജ് വന്നു. ഇത് വായിക്കുന്നവരുടെ എണ്ണം 5 ലക്ഷമാണ്.

* ഇതിനുപുറമെ ഈ സിമ്പോസിയത്തിന്റെ പരിപാടിയിൽ നാല് വിവിധ ഭാഷകളിലെ മാധ്യമക്കാർ ഉണ്ടായിരുന്നു. ഇവരിൽ എട്ട് പേർ ഉർദു, ആറ് പേർ പഞ്ചാബി, ഒരാൾ അറബി, ഒരാൾ ബംഗാളിയുമായിരുന്നു. ഇവരുടെയെല്ലാവരുടേയും ബന്ധം ചില ടിവി ചാനലുകളുമായിട്ടാണ്. റേഡിയോ ചാനലും വിവിധ പത്രങ്ങളുമായിട്ടാണ്.

* സോഷ്യൽ മീഡിയായിൽ ട്വീട്ടർ ഇൻസ്റ്റിയാഗ്രം മുഖേന മൂന്ന് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരം പേർവരെ ഈ സമ്പോസിയത്തിന്റെ വാർത്തകളെത്തി. (2017 ജനുവരി 19, ബദർ)




# ഖുത്ബ ജുമുഅ

മുസ്‌ലിം ഉലമാക്കളുടെ തെറ്റായ വീക്ഷണങ്ങളും വിശുദ്ധ ഖുർആനിന്റേയും നബി(സ)തിരുമേനിയുടെയും അധ്യാപനങ്ങളുടേയും നിർദേശങ്ങളുടേയും ആഴം മനസ്സിലാക്കാതെ കേവലം ഉപരിപ്ലവമായ വിശദീകരണങ്ങളും വ്യാഖ്യാനങ്ങളും ചെയ്യുന്ന കാരണത്താലും മുസ്‌ലീംകളിലെ ഭൂരിപക്ഷവും ഖിലാഫത്ത് വ്യവസ്ഥിതി എങ്ങനെയാണ് സ്ഥാപിതമാകുന്നതെന്ന് മനസ്സിലാക്കുന്നതേയില്ല. ഖിലാഫത്തിന്റെ ആവശ്യമേയില്ലെന്നും ആര് ഏത് കക്ഷിയുമായാണോ ബന്ധംവെക്കുന്നത് അതനുസരിച്ച് കർമങ്ങൾ ചെയ്താൽ മതിയെന്നും പറയുന്ന ഒരു വലിയ വിഭാഗം മുസ്‌ലിംകളിലുണ്ട്... ഇക്കാര്യങ്ങൾ പ്രകടിപ്പിക്കുന്നത് അവർ ബന്ധങ്ങൾക്കും കക്ഷികൾക്കും മുസ്‌ലിം സമുദായത്തിന്റെ വിശാലമായ നേട്ടങ്ങൾക്കും ഒരു കൈയിൽ ഒരുമിച്ചുകൂടുന്നതിനെ അപേക്ഷിച്ചും കൂടുതൽ പ്രാധാന്യം നല്കുന്നുവെന്നാണ്.

തങ്ങളുടെ ഭൗതികമായ സർക്കാരുകളുടെ പിൻബലത്തിൽ സ്വന്തം ഖിലാഫത്ത് സ്ഥാപിക്കാനാഗ്രഹിക്കുന്ന കുറച്ചാളുകളുണ്ട്. ഏതെങ്കിലും ശക്തികൊണ്ട് ഖിലാഫത്ത് സ്ഥാപിതമാകുമെന്നാണ് അവരുടെ വിചാരം. പൊതുമുസ്‌ലിംകളുടെ ഈ തെറ്റായ വീക്ഷണങ്ങൾ കാരണത്താൽ ഇസ്‌ലാമികലോകത്തെ ബലഹീനമാക്കുന്നതിന് ഇസ്‌ലാം വിരുദ്ധ ശക്തികളും ഇങ്ങനെയുള്ള സംഘടനകൾ സ്ഥാപിക്കുന്നതിൽ പങ്കുവഹിക്കുകയും അവരെ സഹായിക്കുകയും ചെയ്യാൻ തുടങ്ങി. അവർ ഖിലാഫത്തിന്റെ പേരിൽ തങ്ങളെ സംഘടിപ്പിച്ചു. പക്ഷേ, ഇത് കുറച്ചുകാലംവരെ ഭൗതികമായ ഉദ്ദേശ്യങ്ങൾ കരസ്ഥമാക്കി ഭൗതികനേതാക്കളുടെ സഹായം കിട്ടാത്ത കാരണത്താൽ അല്ലെങ്കിൽ അവരുടെ ഉദ്ദേശ്യങ്ങൾ പൂർത്തിയായ കാരണത്താൽ അവസാനിച്ചുകൊിരിക്കുകയാണ്.

കഴിഞ്ഞദിവസം ഇവിടെ യു.കെയിൽ മാഞ്ചസ്റ്ററിൽ ഒരു അക്രമ സംഭവമുണ്ടായി. അകാരണമായി 22, 23 ആളുകളെ വധിച്ചു. അവരിൽ നിരപരാധികളായ കുട്ടികളുമുണ്ടായിരുന്നു. ഇത് അങ്ങേയറ്റം അക്രമപരമായ പ്രവൃത്തിയാണ്. ഒരു രീതിയിലും ഇത് ഇസ്‌ലാമികാധ്യാപനമാണെന്ന് പറയാൻ പറ്റുകയില്ല. അത്തരം അക്രമപരമായ സംഭവങ്ങൾ കണ്ടിട്ട് നമ്മൾ അസ്വസ്ഥരാകുന്നു. അല്ലാഹു ഈ മരിച്ചവരുടെമേൽ കരുണ ചൊരിയുമാറാകട്ടെ. അവരുടെ ബന്ധുമിത്രാദികൾക്കും ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ. ഇസ്‌ലാമിന്റെ പേരിലും ഖിലാഫത്തിന്റെ പേരിലും ഇത്തരം പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുന്ന ഈ അക്രമികളുടെ കൈകളെ തടയുമാറാകട്ടെ.

ഭൗതികമായ ശക്തികൊണ്ട് ലഭിക്കുന്നതല്ല ഖിലാഫത്ത്. അത് ഭൗതികമായ തന്ത്രങ്ങളാലും നാമമാത്ര ഉലമ സംഘടിച്ച് പ്രമേയങ്ങൾ പാസാക്കിയതുകൊണ്ടും ലഭിക്കുന്നതല്ല.

ഭയത്തെ സമാധാനത്തിലേക്ക് മാറ്റുന്നതും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കിക്കൊണ്ട് ദീനിന്റെ പ്രബലതയ്ക്ക് മാർഗമായി ത്തീരുന്നതുമായ ഖിലാഫത്ത് വ്യവസ്ഥിതി അല്ലാഹുവും അവന്റെ റസൂലും പറഞ്ഞ മാർഗമനുസരിച്ച് നിലവിൽ വരേണ്ടതാണ്. ഇതു സംബന്ധമായി അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞു: വ ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം ഇവരുമായി ഇപ്പോൾ ചേർന്നിട്ടില്ലാത്ത ഇവരിൽനിന്നുള്ള മറ്റൊരു കൂട്ടരിലേക്കും(ദൂതനെ അയച്ചിരിക്കുന്നു).

ഇന്ന് ഈമാനിനെ അഥവാ സത്യവിശ്വാസത്തെ ലോകത്ത് സ്ഥാപിക്കുന്നതിനുള്ള പരിശ്രമം നബി(സ)തിരുമേനിയുടെ സത്യദാസൻ മുഖേന തുടർന്നിട്ടുള്ള വ്യവസ്ഥിതിയല്ലാതെ മറ്റാരാണ് നിർവഹിച്ചുകൊണ്ടിരിക്കുന്നത്? അവർ ശാന്തിയോടും സമാധാനത്തോടും സ്നേഹത്തോടുംകൂടി ഇസ്‌ലാമിന്റെ സന്ദേശം ലോകത്ത് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. സത്യവിശ്വാസം ലോകത്ത് സ്ഥാപിക്കുന്നതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. സത്യനിഷേധത്തിന്റേയും അവിശ്വാസത്തിന്റേയും ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിന്റെ ജോലിയാണിത്. ഇത് നമ്മൾ ചെയ്യേണ്ടതുണ്ട്. ചെയ്തുകൊണ്ടിരിക്കുന്നുമുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദി(അ)നുശേഷം രണ്ടാമത്തെ ശക്തിപ്രഭാവം അഥവാ ഖിലാഫത്ത് ഉണ്ടാകുമെന്നും അതുമുഖേന അദ്ദേഹത്തിന്റെ മിഷന്റെ പ്രവർത്തനം പൂർത്തിയാക്കുമെന്നും ഇസ്‌ലാമിന് വീണ്ടും വിജയം നൽകുമെന്നും വിശ്വാസികളുടെ സമാധാനത്തിനുള്ള സാഹചര്യം ഒരുക്കുമെന്നും അല്ലാഹു വാഗ്ദാനം ചെയ്തിരുന്നു.

ബുദ്ധിമുട്ടുകൾ വരും. പരീക്ഷണങ്ങളുമുണ്ടാകും. പക്ഷേ, അവസാന വിജയം അഹ്മദിയ്യാ ജമാഅത്തിന്റേതായിരിക്കും ഇൻശാഅല്ലാഹ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന തുടങ്ങിയ ഖിലാഫത്ത് വ്യവസ്ഥിതി തന്നെയാണ് ആ യഥാർഥ വ്യവസ്ഥിതി. ഇതുമായിട്ടാണ് അഭിവൃദ്ധികളും ലോകത്തിന്റെ ശാന്തിയും സമാധാനവും ബന്ധപ്പെട്ടിരിക്കുന്നത്.

താൽക്കാലികമായ തടസ്സങ്ങൾ ഉണ്ടെങ്കിലും ഇസ്‌ലാമിന്റെ വിജയം ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേനയും ആ മഹാത്മാവിനുശേഷം തുടങ്ങിയിട്ടുള്ള ഖിലാഫത്ത് വ്യവസ്ഥിതി മുഖേനയും ഉണ്ടാകണമെന്നാണ്. എതിരാളികൾ എത്ര വേണമെങ്കിലും ശക്തി ചെലുത്തിക്കൊള്ളട്ടെ. അവർക്കുള്ളത് അപചയവും പരാജയവുമാണ്.

യു.കെയിലെ ചൗദ്‌രി മുഹമ്മദ് സുലൈമാൻ അഖ്തർ സാഹിബിന്റെ മകൻ ചൗദ്‌രി ഹമീദ് അഹ്മദ് സാഹിബിനെ കുറിച്ചുള്ള അനസ്മരണവും ജനാസ നമസ്കാരവും.

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്

2017 മെയ് 26/1396 ഹിജ്റത്ത് 26
മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ(യു.കെ)

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۔
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۔ الرَّحْمٰنِ الرَّحِيْمِ ۔ مٰلِكِ يَوْمِ الدِّيْنِ ۔ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ۔ اِهْدِنَا
الصِّرَاطَ الْمُسْتَقِيْمَ ۔ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۔
وَعَدَ اللّٰهُ الَّذِيْنَ اٰمَنُوْا مِنْكُمْ وَعَمِلُوا الصّٰلِحٰتِ لَيَسْتَخْلِفَنَّهُمْ فِي الْاَرْضِ كَمَا
اسْتَخْلَفَ الَّذِيْنَ مِنْ قَبْلِهِمْ ۠ وَلَيُمَكِّنَنَّ لَهُمْ دِيْنَهُمُ الَّذِي ارْتَضٰى لَهُمْ وَلَيُبَدِّلَنَّهُمْ مِّنْۢ
بَعْدِ خَوْفِهِمْ اَمْنًا ؕ يَعْبُدُوْنَنِيْ لَا يُشْرِكُوْنَ بِيْ شَيْـًٔا ؕ وَمَنْ كَفَرَ بَعْدَ ذٰلِكَ فَاُولٰٓئِكَ هُمُ
الْفٰسِقُوْنَ ۔ (النور:56)

നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽകർമങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവർക്ക് മുമ്പേയുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്കു പകരം നല്കുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്; എന്നോട് മറ്റൊന്നിനേയും അവർ പങ്കുചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ.(24:56)

ഈ ആയത്തിൽ വിവരിച്ചിട്ടുള്ള വിഷയത്തിൽനിന്ന് വ്യക്തമാകുന്നത് ഇസ്‌ലാമിൽ ഖിലാഫത്ത് സ്ഥാപിതമാകുമെന്ന് അല്ലാഹു മുസ്‌ലിംകളോട് വാഗ്ദാനം ചെയ്തിരിക്കുന്നു എന്നാണ്. അതേ! നബി(സ)തിരുമേനി പറഞ്ഞതനുസരിച്ച് മുസ്‌ലിംകളുടെ കർമത്തിന്റേയും വിശ്വാസത്തിന്റേയും അവസ്ഥ കാരണത്താൽ ഈ സമ്മാനം അവരിൽനിന്ന് ഒരു കാലത്തേക്ക് തട്ടിപ്പറിച്ചെടുക്കപ്പെടുന്നതാണ്. പക്ഷേ, അതിനോടൊപ്പം അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് ശക്തമായ ഈമാനുള്ളവരിലും സൽക്കർമങ്ങൾ അനുഷ്ഠിക്കുന്നവരിലും അല്ലാഹുവിന്റെ ഈ അവസാനത്തെ തികവുറ്റതും സമ്പൂർണവുമായ ദീനിൽ നടക്കുന്നവരിലും ഈ വ്യവസ്ഥിതി വീണ്ടും സ്ഥാപിതമാകുന്നതായിരിക്കും. ഖിലാഫത്തുൻ അലാ മിൻഹാജുന്നുബുവ്വത്ത് വീണ്ടും ലോകത്ത് സ്ഥാപിതമാവുകയും തുടർന്നുകൊണ്ടുപോവുകയും ചെയ്യും.(മുസനദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 6 പേജ് 285 ഹദീഥ് 18596)

മുസ്‌ലിം ഉലമാക്കളുടെ തെറ്റായ വീക്ഷണങ്ങളും വിശുദ്ധ ഖുർആനിന്റേയും നബി(സ)തിരുമേനിയുടെയും അധ്യാപനങ്ങളുടേയും നിർദേശങ്ങളുടേയും ആഴം മനസ്സിലാക്കാതെ കേവലം ഉപരിപ്ലവമായ വിശദീകരണങ്ങളും വ്യാഖ്യാനങ്ങളും ചെയ്യുന്ന കാരണത്താലും മുസ്‌ലീംകളിലെ ഭൂരിപക്ഷവും ഖിലാഫത്ത് വ്യവസ്ഥിതി എങ്ങനെയാണ് സ്ഥാപിതമാകുന്നതെന്ന് മനസ്സിലാക്കുന്നതേയില്ല.

ഖിലാഫത്തിന്റെ ആവശ്യമേയില്ലെന്നും ആര് ഏത് കക്ഷിയുമായാണോ ബന്ധംവെക്കുന്നത് അതനുസരിച്ച് കർമങ്ങൾ ചെയ്താൽ മതിയെന്നും പറയുന്ന ഒരു വലിയ വിഭാഗം മുസ്‌ലിംകളിലുണ്ട്. കാരണം ഇന്ന് ലോകത്തിന്റെ മുമ്പിലുള്ള മുസ്‌ലീംകളുടെ അവസ്ഥയും ഇസ്‌ലാമിന് ദുഷ്പേരുണ്ടായിക്കൊണ്ടിരിക്കുന്നതിന്റെ തേട്ടവും വിളിച്ചോതുന്നത് എങ്ങനെയാണോ ഇസ്‌ലാമുള്ളത് അതു അതുപോലെ ഇരുന്നോട്ടെ എന്നാണ്.

ഒരു മസ്ജിദിന്റെ ഇമാമുണ്ട്. എന്നല്ല ആ മൗലവി സാഹിബ് തന്റേതായ ഒരു സ്ഥാപനവും നടത്തുന്നുണ്ട്. ബാഹ്യമായി നോക്കുമ്പോൾ മതപരമായ അറിവുള്ളയാളാണ്. ഈ പാശ്ചാത്യരാജ്യങ്ങളിലാണ് താമസിക്കുന്നത്. അഹ്മദികളായ നമ്മളോട് അദ്ദേഹത്തിന് നല്ല ബന്ധമുണ്ട്. അഹ്മദികളെ മോശക്കാരായി മനസ്സിലാക്കുന്നില്ല. അദ്ദേഹം എന്നോട് നേരിട്ട്പറഞ്ഞു: ഞാൻ ഏതൊരു ഇസ്‌ലാമിക സംഘടനയുമായിട്ടാണോ ബന്ധംവെക്കുന്നത് അതിന്റെ പുണ്യാത്മാക്കൾ പറഞ്ഞിരുന്നത് ഒരു മതത്തേയും ദ്രോഹിക്കരുതെന്നും സ്വന്തം മതം ഉപേക്ഷിക്കരുതെന്നുമാണ്. ഇത്തരം വീക്ഷണങ്ങൾ വെച്ചുപുലർത്തുന്നവരും ഉലമാക്കളെന്നു പറയുന്നവരും തങ്ങളെ വിശ്വസിക്കുന്നവർക്കും തങ്ങളുടെ പിന്നാലെ നടക്കുന്നവർക്കും ഇതേ പാഠം നല്കുകയാണെങ്കിൽ ഏതെങ്കിലുമൊരു ഖിലാഫത്തിനോടു ചേർന്നിരിക്കേണ്ട ആവശ്യമില്ല.' ഇക്കാര്യങ്ങൾ പ്രകടിപ്പിക്കുന്നത് അവർ വ്യക്തിപരമായ ബന്ധങ്ങൾക്കും കക്ഷികൾക്കും മുസ്‌ലിം സമുദായത്തിന്റെ വിശാലമായ നേട്ടങ്ങൾക്കും ഒരു കൈയിൽ ഒരുമിച്ചുകൂടുന്നതിനെ അപേക്ഷിച്ചും കൂടുതൽ പ്രാധാന്യം നല്കുന്നുവെന്നാണ്. വിശുദ്ധഖുർആന്റെ അധ്യാപനത്തെ മനസ്സിലാക്കാതിരിക്കുകയും നബി(സ) തിരുമേനിയുടെ നിർദ്ദേശങ്ങളിൽ ചിന്തിക്കാതിരിക്കുകയും ചെയ്യുമ്പോൾ ഇങ്ങനെതന്നെയാണ് സംഭവിക്കുന്നത്. മുസ്‌ലീംകളുടെ എന്നല്ല മുസ്‌ലിം ഉലമായുടെ എന്നാണ് പറയേണ്ടത് ഈ അറിവില്ലായ്മയും അജ്ഞതയും വിവരിച്ചുകൊണ്ട് ഹദ്‌റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു:

ചില സ്വാഹിബുമാർ *വഅ്ദല്ലാഹുല്ലദീന ആമനൂ മിൻകും അമിലുസ്സാലിഹാത്തി ലയസ്തഖ്‌ലിഫന്നഹും ഫിൽഅർളി കമസ്തഖ്‌ലഫല്ലദീന മിൻ ഖബ്‌ലിഹിം* എന്ന ആയത്തിന്റെ പൊതുവെയുള്ള അവസ്ഥ നിഷേധിച്ചുകൊണ്ട് (പൊതുവായനിലയിലുള്ള അർഥത്തെ നിഷേധിച്ചുകൊണ്ട്) 'മിൻകും' എന്നതുകൊണ്ടുള്ള ഉദ്ദേശ്യം സ്വഹാബാക്കളാണെന്നും അവരുടെ കാലഘട്ടം ഖിലാഫത്തെ റാശിദയോടെ അവസാനിച്ചുവെന്നും ഇനി ഖിയാമത്തുന്നാൾവരെ ഇസ്‌ലാമിൽ ആ ഖിലാഫത്തിന്റെ പേരോ അടയാളമോ ഉണ്ടാവുകയില്ലെന്നും പറയാറുണ്ട്. അതായത്, ഒരു സ്വപ്നമോ ഭാവനയോപോലെ ഖിലാഫത്തിന്റെ കാലം വെറും മുപ്പത് വർഷമായിരുന്നുവത്രെ! പിന്നീട് ഇസ്‌ലാം ഒരു നിത്യമായ ഗ്രഹപ്പിഴയിൽ ആപതിച്ചു. നൗഊദുബില്ലാഹ്. അവിടന്ന് പറയുന്നു: എന്നാൽ, ഞാൻ ചോദിക്കട്ടെ, ഹദ്‌റത്ത് മൂസാ(അ)ന്റെ ശരീഅത്തിന്റെ അനുഗ്രഹവും ഖിലാഫത്തെ റാശിദായുടെ കാലവും തുല്യമായി 1400 വർഷംവരെ നിലനിന്നുവെന്ന് വിശ്വസിക്കുന്ന സൽഹൃദയനായ ഒരു വ്യക്തിയുടെ അഭിപ്രായം ഇങ്ങനെയാകുമോ? പക്ഷേ, റസൂൽമാരിൽ ശ്രേഷ്ഠനും നബിമാരിൽ ഉത്തമനുമെന്ന് പറഞ്ഞ, -അദ്ദേഹത്തിന്റെ ന്യായപ്രമാണത്തിന്റെ വ്യാപ്തി പുനരുത്ഥാനനാൾവരെ നിലനില്ക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്-ആ നബിയുടെ അനുഗ്രഹങ്ങൾ അദ്ദേഹത്തിന്റെ കാലത്തുമാത്രം പരിമിതമായിരിക്കണമെന്നാണോ അവൻ ആഗ്രഹിച്ചത്. കുറച്ച് അധികം നാൾവരെ അദ്ദേഹത്തിന്റെ അനുഗ്രഹങ്ങളുടെ മാതൃക അദ്ദേഹത്തിന്റെ ആത്മീയ ഖലീഫമാർ മുഖേന പ്രകടിപ്പിക്കാൻ അല്ലാഹു ആഗ്രഹിച്ചിരുന്നില്ല എന്നാണോ? ഇത്തരം കാര്യങ്ങൾകേട്ട് നമ്മുടെ ശരീരം വിറകൊള്ളുന്നു. എന്നാൽ, അഹോ കഷ്ടം! അങ്ങനെ പൂർണമായ തന്ത്രത്തിന്റേയും നിർഭയത്തിന്റേയും വഴിയിലൂടെ ഇസ്‌ലാമിന്റെ അനുഗ്രഹങ്ങൾ മുന്നോട്ടില്ലെന്നും അത് അവസാനിച്ചിട്ട് കാലങ്ങളായെന്നുമുള്ള മര്യാദകെട്ട വാക്കുകൾ പറയുന്നവരും മുസ്‌ലിംകൾ എന്നാണ് പറയപ്പെടുന്നത്!'(ശഹാദത്തുൽ ഖുർആൻ, റൂഹാനീ ഖസായിൻ, വാല്യം 6, പേജ് 330)

ഒരിടത്ത് അവിടന്ന് ഇങ്ങനേയും പറഞ്ഞു: 30 വർഷംവരെ മാത്രമായിരുന്നു ഖിലാഫത്ത് നില്ക്കേണ്ടിയിരുന്നതെങ്കിൽ, അതിനുശേഷം ഒന്നുമില്ലെന്നാണെങ്കിൽ, അതായിരുന്നു ഇസ്‌ലാമിന്റെ മൊത്തം ആയസെങ്കിൽ അല്ലാഹു നബി(സ) തിരുമേനിക്ക് 30 വർഷംകൂടി ജീവിതം നൽകി 93 വർഷംകൊണ്ട് എല്ലാ അവസാനിപ്പിക്കാൻ കഴിവുള്ളവനായിരുന്നു. പിന്നെ ഖിലാഫത്തിന്റെ ആവശ്യമെന്തായിരുന്നു? (ശഹാദത്തുൽ ഖുർആൻ, വാല്യം 6, പേജ് 384)

ഇത്തരത്തിലുള്ള വീക്ഷണം വെച്ചുപുലർത്തുന്നവരുമുണ്ട്. ഹദ്‌റത്ത് മസീഹ് മൗഊദ്(അ) ഇത്തരക്കാരെക്കുറിച്ച് വിശദീകരിച്ചിട്ട് പറഞ്ഞിട്ടുണ്ട്.

എന്നാൽ, തങ്ങളുടെ ഭൗതികമായ സർക്കാരുകളുടെ പിൻബലത്തിൽ സ്വന്തം ഖിലാഫത്ത് സ്ഥാപിക്കാനാഗ്രഹിക്കുന്ന കുറച്ചാളുകളുണ്ട്. ഏതെങ്കിലും ശക്തികൊണ്ട് ഖിലാഫത്ത് സ്ഥാപിതമാകുമെന്നാണ് അവരുടെ വിചാരം. വിശ്വാസവും സൽകർമവുമായി ബന്ധപ്പെട്ടാണ് അല്ലാഹുവിന്റെ ഈ വ്യക്തമായ സന്ദേശമുള്ളതെന്നത് അത്തരക്കാർ മനസ്സിലാക്കുന്നില്ല. ഈ വാഗ്ദാനം അല്ലാഹുവിന്റെ യഥാർഥ ഭക്തരോടൊപ്പം നിബന്ധനയോടുകൂടി ബന്ധിക്കപ്പെട്ടിട്ടുള്ളതാണ്. പൊതുമുസ്‌ലിംകളുടെ ഈ തെറ്റായ വീക്ഷണങ്ങൾ കാരണത്താൽ ഇസ്‌ലാമികലോകത്തെ ബലഹീനമാക്കുന്നതിന് ഇസ്‌ലാം വിരുദ്ധ ശക്തികളും ഇങ്ങനെയുള്ള സംഘടനകൾ സ്ഥാപിക്കുന്നതിൽ പങ്കുവഹിക്കുകയും അവരെ സഹായിക്കുകയും ചെയ്യാൻ തുടങ്ങി. അവർ ഖിലാഫത്തിന്റെ പേരിൽ തങ്ങളെ സംഘടിപ്പിച്ചു. പക്ഷേ, ഇത് കുറച്ചുകാലംവരെ ഭൗതികമായ ഉദ്ദേശ്യങ്ങൾ കരസ്ഥമാക്കി ഭൗതികനേതാക്കളുടെ സഹായം കിട്ടാത്ത കാരണത്താൽ അല്ലെങ്കിൽ അവരുടെ ഉദ്ദേശ്യങ്ങൾ പൂർത്തിയായ കാരണത്താൽ അവസാനിച്ചുകൊണ്ടിരിക്കുകയാണ്. മൂന്നുവർഷംമുമ്പേ അയർലണ്ടിൽ എന്നോട് ഒരു ജേർണലിസ്റ്റ് ചോദിച്ചു, ഇപ്പോൾ ആരംഭിച്ചിരിക്കുന്ന ഖിലാഫത്തുകാലത്തിന്റെ യാഥാർഥ്യമെന്താണ്? ഇത് വ്യാപിക്കുമോ? നിങ്ങളുടെ ഖിലാഫത്തിന് ഇതുകൊണ്ട് എന്തു ഭീഷണിയാണുള്ളത്? ഇത് ഖിലാഫത്തല്ല എന്ന മറുപടിയാണ് ഞാൻ അദ്ദേഹത്തിന് നല്കിയത്. ഇത് മുമ്പേ പ്രവർത്തിച്ചുകൊണ്ടുവരുന്നതുപോലെയുള്ള ഭീകരവാദികളുടെ ഒരു സംഘമാണ്. ഇവരുടെ പര്യവസാനവും മറ്റു ഭീകരവാദസംഘങ്ങളുടേതുപോലെതന്നെയായിരിക്കും. ഭൗതികരായ അവരുടെ യജമാനന്മാർ സന്തുഷ്ടരായിരിക്കുവോളം ഇവർ പ്രവർത്തിച്ചുകൊണ്ടിരിക്കും. അവർ അവരുടെ കൈ പിൻവലിക്കുമ്പോൾ പതുക്കെപതുക്കെ ഇവർ ബലഹീനരാകാൻ തുടങ്ങും. ഇക്കൂട്ടർ ദീനിനെ എന്തു പ്രബലപ്പെടുത്താനാണ്. അവർ ഇസ്‌ലാമികലോകത്തെ സമാധാനം നശിപ്പിച്ചുവെന്നത് ലോകം കണ്ടുകഴിഞ്ഞു. അത് ഇസ്‌ലാമികലോകത്തെ ബലഹീനമാക്കുന്നതിനുള്ള ഇസ്‌ലാം വിരോധ ശക്തികളുടെ ഒരു അജണ്ടയായിരുന്നു. അത് അവർ പൂർത്തിയാക്കി. ഇതിൽ മുസ്‌ലിം ഭരണകൂടങ്ങളുടെ നേതാക്കന്മാർക്കും പങ്കുണ്ട്. അവർ തങ്ങളുടെ കസേരകൾ സംരക്ഷിക്കുന്നതിനുവേണ്ടി പ്രജകളുടെ ചോര ഒഴുക്കി. ഇപ്പോഴും സമാധാനത്തിനുപകരം മുസ്‌ലിംകളെത്തന്നെ മുസ്‌ലിംകൾ ഭയക്കുന്നതിന് നിമിത്തമായിത്തീർന്നിരിക്കുന്നു. പിന്നീട് അമുസ്‌ലിം ലോകത്തിന്റെ ശാന്തിയേയും ഇക്കൂട്ടർ തകർത്തുകൊണ്ടിരിക്കുകയാണ്. അതിന്റെ കാരണങ്ങൾ എന്തെല്ലാമാണെങ്കിലും വേണ്ടില്ല പക്ഷേ, ലോകത്ത് നിരപരാധികളെ കൊല്ലുന്നതിലും നാശം വിതക്കുന്നതിലും ഒരു മുസൽമാന്റെ കൈയുണ്ടെന്ന് അറിയുമ്പോൾ ഒരു മുസ്‌ലിമിന്റെ മനസ്സ് വേദനിക്കുന്നു. അവൻ അസ്വസ്ഥനായിത്തീരുന്നു.

കഴിഞ്ഞദിവസം ഇവിടെ യു.കെയിൽ മാഞ്ചസ്റ്ററിൽ ഒരു അക്രമ സംഭവമുണ്ടായി. അകാരണമായി 22, 23 ആളുകളെ വധിച്ചു. അവരിൽ നിരപരാധികളായ കുട്ടികളുമുണ്ടായിരുന്നു. ഇത് അങ്ങേയറ്റം അക്രമപരമായ പ്രവൃത്തിയാണ്. ഒരു രീതിയിലും ഇത് ഇസ്‌ലാമികാധ്യാപനമാണെന്ന് പറയാൻ പറ്റുകയില്ല. അത്തരം അക്രമപരമായ സംഭവങ്ങൾ കണ്ടിട്ട് നമ്മൾ അസ്വസ്ഥരാകുന്നു. അല്ലാഹു ഈ മരിച്ചവരുടെമേൽ കരുണ ചൊരിയുമാറാകട്ടെ. അവരുടെ ബന്ധുമിത്രാദികൾക്കും ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ. ഇസ്‌ലാമിന്റെ പേരിലും ഖിലാഫത്തിന്റെ പേരിലും ഇത്തരം പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുന്ന ഈ അക്രമികളുടെ കൈകളെ തടയുമാറാകട്ടെ.

ഇതുപോലെതന്നെ ലോകത്തിലെ മുസ്‌ലിം രാഷ്ട്രങ്ങളിലും കൊലയും കൊള്ളയും അക്രമവും ബലാൽക്കാരവും നടന്നുവരികയാണ്. ഇതെല്ലാം മതത്തിൽനിന്ന് അകന്നതുകൊണ്ടും അല്ലാഹുവിന്റെ കല്പനയെ വിശ്വസിക്കാത്തതിന്റെ ഫലവുമാണ്. ഇസ്‌ലാമികാധ്യാപനത്തിന് വിരുദ്ധം നടന്നുകൊണ്ടിരിക്കുന്ന ഈ പ്രവൃത്തിയിലും ഇസ്‌ലാമിന്റെ പേരിൽ നടന്നുകൊണ്ടിരിക്കുന്ന ഈ അക്രമത്തിലും മുസ്‌ലിം ഭരണകൂടങ്ങൾ അന്യഭരണകൂടങ്ങളുടെ സഹായത്താൽ മുസ്‌ലിംകളെ ബോംബ് വർഷിച്ച് കൊല്ലുന്നതിലും വ്യത്യാസമൊന്നുമില്ലാതെ കൊലയും കൊള്ളയും നടത്തിക്കൊണ്ടിരിക്കുന്നതിലുമുള്ള വേദന അഹ്മദികളായ നമ്മൾ ഏറ്റവുമധികം അനുഭവിച്ചറിയുന്നവരാണ്. അവർ ഇസ്‌ലാമിന്റെ അധ്യാപനം തിരിച്ചറിഞ്ഞവരാണ്. അവർ ഇസ്‌ലാമിനോടുള്ള സ്നേഹവും അനുരക്തിയും സമാധാനത്തിന്റെ അധ്യാപനവും തിരിച്ചറിഞ്ഞവരാണ്. അവർ ഖിലാഫത്തിന്റെ കരങ്ങൾക്കുകീഴെ ഭയത്തെ സമാധാനത്തിൽ മാറ്റിയ ദൃശ്യം കണ്ടവരാണ്. നമുക്കുതന്നെയാണ് അത് ഏറ്റവും കൂടുതൽ അനുഭവിച്ചറിയാൻ കഴിയുന്നത്. ഇക്കാലഘട്ടത്തിൽ വിശുദ്ധഖുർആനിന്റെ അധ്യാപനങ്ങൾ മനസ്സിലാക്കിക്കൊണ്ടും നബി(സ) തിരുമേനിയുടെ നിർദ്ദേശങ്ങളുടെ അറിവു കരസ്ഥമാക്കിക്കൊണ്ടും ഖാത്തമുൽ ഖുലഫായോടൊപ്പം ചേർന്നിരിക്കുന്ന കാരണത്താൽ നമ്മൾ അഹ്മദികൾ മാത്രമാണ് സമാധാനത്തിന്റേയും ശാന്തിയുടേയും വിഷയം മനസ്സിലാക്കുന്നവർ.

ഭൗതികമായ ശക്തികൊണ്ട് ലഭിക്കുന്നതല്ല ഖിലാഫത്ത്. അത് ഭൗതികമായ തന്ത്രങ്ങളാലും നാമമാത്ര ഉലമ സംഘടിച്ച് പ്രമേയങ്ങൾ പാസാക്കിയതുകൊണ്ടും ലഭിക്കുന്നതല്ല. കുറച്ചു വർഷം മുമ്പേ മുസ്‌ലിംകൾ സംഘടിക്കുകയും തങ്ങളുടേതായ ഏതെങ്കിലും ഖലീഫയെ തിരഞ്ഞെടുക്കുകയും ചെയ്യുന്നതിനുള്ള ശ്രമവുമുണ്ടായി. ഈ രീതിയിൽ ഖിലാഫത്ത് സ്ഥാപിതമാവുകയില്ല.

ഭയത്തെ സമാധാനത്തിലേക്ക് മാറ്റുന്നതും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കിക്കൊണ്ട് ദീനിന്റെ പ്രബലതയ്ക്ക് മാർഗമായിത്തീരുന്നതുമായ ഖിലാഫത്ത് വ്യവസ്ഥിതി അല്ലാഹുവും അവന്റെ റസൂലും പറഞ്ഞ മാർഗമനുസരിച്ച് നിലവിൽ വരേണ്ടതാണ്. ഇതു സംബന്ധമായി അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞു: *വ ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം* ഇവരുമായി ഇപ്പോൾ ചേർന്നിട്ടില്ലാത്ത ഇവരിൽനിന്നുള്ള മറ്റൊരു കൂട്ടരിലേക്കും(ദൂതനെ അയച്ചിരിക്കുന്നു).

ഈ ആയത്ത് ഇറങ്ങിയപ്പോൾ ഒരു സ്വഹാബി നബി(സ)തിരുമേനിയോട് ചോദിച്ചു: യാ റസൂലല്ലാഹ്! ഇതുവരെ ഞങ്ങളുമായി ചേരാത്ത സ്വഹാബാക്കളുടെ പദവി ഉൾക്കൊള്ളുന്ന അക്കൂട്ടർ ആരാണ്? നബി(സ)തിരുമേനി അതിന് മറുപടി നല്കിയില്ല. അയാൾ മൂന്നു പ്രവശ്യം ഈ ചോദ്യം ആവർത്തിച്ചു. അപ്പോൾ നബി(സ)തിരുമേനി ഹദ്‌റത്ത് സൽമാൻ ഫാരിസിയുടെ തോളിൽ കൈവെച്ചുകൊണ്ട് പറഞ്ഞു: സത്യവിശ്വാസം കാർത്തിക നക്ഷത്രത്തിന്റെ അടുത്തെത്തിയാലും ഇദ്ദേഹത്തിൽ നിന്ന് കുറച്ചാളുകൾ അതിനെ തിരിച്ചുകൊണ്ടുവരുന്നതാണ്. (സ്വഹീഹ് ബുഖാരി കിതാബുത്തഫ്സീർ, ബാബ് വ ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം ഹദീഥ് നമ്പർ 4897) ആഖരീന്റെ അതായത് പിന്നീടു വരുന്ന അക്കൂട്ടരുടെ സ്ഥാനത്തെ സംബന്ധിച്ച് ഒരവസരത്തിൽ നബി(സ) പറഞ്ഞു: 'എന്റെ സമുദായം ഒരു അനുഗൃഹീത സമുദായമാണ്.

അതിന്റെ ആദ്യത്തെ കാലമാണോ ഉത്തമം അതോ അവസാനത്തെ കാലമാണോ ഉത്തമമെന്ന് അറിയില്ല.' (കൻസുൽ ഉമ്മാൽ വാല്യം 6 ഭാഗം 12 പേജ് 71 ഹദീഥ് 34446)അങ്ങനെ അവസാനകാലത്തിന്റെ ഉത്തമാവസ്ഥയുടെ സുവാർത്തയും നബി(സ) തിരുമേനി നൽകി.

ഈ അവസാനകാലഘട്ടം ഇന്നുള്ള ഉലമാക്കളുടേയും രാജാക്കന്മാരുടേയും പിന്നാലെ നടക്കുന്നതുകൊണ്ട് മുമ്പേയുള്ള അനുഗ്രഹങ്ങൾ കരസ്ഥമാക്കാൻ പര്യാപ്തമാകുമോ? ഒരിക്കലുമില്ല. ഇക്കൂട്ടർ ഇഹലോകഭോഗതല്പരരാണ്. ഈമാനെ വീണ്ടും ലോകത്തു മടക്കിക്കൊണ്ടുവരുന്നയാളുടെ പിന്നാലെ നടക്കുന്നതിലൂടെയാണ് ഇത് കരസ്ഥമാകുന്നത്.

ഇന്ന് ഈമാനിനെ അഥവാ സത്യവിശ്വാസത്തെ ലോകത്ത് സ്ഥാപിക്കുന്നതിനുള്ള പരിശ്രമം നബി(സ)തിരുമേനിയുടെ സത്യദാസൻ മുഖേന തുടർന്നിട്ടുള്ള വ്യവസ്ഥിതിയല്ലാതെ മറ്റാരാണ് നിർവഹിച്ചുകൊണ്ടിരിക്കുന്നത്? അവർ ശാന്തിയോടും സമാധാനത്തോടും സ്നേഹത്തോടുംകൂടി ഇസ്ലാമിന്റെ സന്ദേശം ലോകത്ത് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. സത്യവിശ്വാസം ലോകത്ത് സ്ഥാപിക്കുന്നതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. സത്യനിഷേധത്തിന്റേയും അവിശ്വാസത്തിന്റേയും ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിന്റെ ജോലിയാണിത്. ഇത് നമ്മൾ ചെയ്യേണ്ടതുണ്ട്. ചെയ്തുകൊണ്ടിരിക്കുന്നുമുണ്ട്. എനിക്കും മറ്റുള്ളവർക്കുമുണ്ടാകുന്ന നിരവധി സംഭവങ്ങളുണ്ട്. പീസ് കോൺഫറൻസുകൾ നടക്കുന്നു. ജൽസകളുണ്ടാകുന്നു. ജനങ്ങൾ നമ്മുടെ ജൽസകളിൽ വരുന്നു. നമ്മുടെ സന്ദേശം, ഇസ്ലാമിന്റെ യഥാർഥ സന്ദേശം പറയുമ്പോൾ അന്യരും ക്രിസ്ത്യാനികളും നിർമതക്കാരും പറയുന്നത് യഥാർഥത്തിൽ ഇസ്ലാമിന്റെ സന്ദേശം ഇതാണെന്നും ഇത് ലോകം തിരിച്ചറിയേണ്ട ആവശ്യമുണ്ടെന്നും ഈ ഇസ്ലാം നിങ്ങൾ പ്രചരിപ്പിക്കുകയാണെങ്കിൽ സ്വീകരിക്കാൻ ആർക്കും തടസ്സമുണ്ടാകുകയില്ലെന്നുമാണ്.

അതിനാൽ ഈ ജോലിയാണ് നമ്മൾ ഇന്ന് ചെയ്യേണ്ടത്. ദീനിന്റെ പരിഷ്കരണത്തിനും ഈമാനിനെ സ്ഥാപിക്കുന്നതിനുംവേണ്ടി ഇക്കാലഘട്ടത്തിൽ മസീഹ് മൗഊദിനോടും മഹ്ദിയോടുമൊപ്പം ബന്ധിപ്പിക്കേണ്ടതായിവരും. അദ്ദേഹം ഖാത്തമുൽ ഖുലഫായുമാണ്; ഖലീഫമാരിൽ അതിശ്രേഷ്ഠൻ.

അവസാനം വരുന്നവരെ ആദ്യം വന്നവരുമായി ബന്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് ഒരിടത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഈ ആയത്തിന്റെ ചുരുക്കമിതാണ്, ജനങ്ങൾ അറിവിലും വിവേകത്തിലും അന്ധരായിക്കഴിഞ്ഞിരുന്നപ്പോൾ റസൂലിനെ അയച്ചവനാണ് ദൈവം. ആത്മാവിന്റെ സമ്പൂർത്തീകരണം ഉണ്ടാകേണ്ടിയിരുന്നതും മനുഷ്യാത്മാവിന്റെ വൈജ്ഞാനികവും കർമപരവുമായ അവസ്ഥ പാരമ്യതയിൽ എത്തേണ്ടിരുന്നതുമായ മതവിവേകജ്ഞാനം പാടെ കളഞ്ഞുപോയിരുന്നു." (ജനങ്ങൾ മതാധ്യാപനങ്ങൾ തികച്ചും മറന്നുകഴിഞ്ഞിരുന്നു. മതത്തിന്റെ യുക്തിജ്ഞാനപരമായ അധ്യാപനം തികച്ചും അവസാനിച്ചു കഴിഞ്ഞിരുന്നു. അതിനെ പാരമ്യതയിൽ എത്തിക്കുന്നതിനുവേണ്ടി, മതത്തിന്റെ യുക്തിജ്ഞാനം, മതത്തെ കുറിച്ചുള്ള അറിവിന്റെ യുക്തിയെ പാരമ്യതയിലെത്തിക്കുന്നതിനുവേണ്ടി, മനുഷ്യാത്മാവിന്റെ പരിഷ്കരണത്തിനുള്ള ജ്ഞാനപരവും കർമപരവുമായ അവസ്ഥകളെ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള കാലമായിരുന്നു നബി(സ)തിരുമേനിയുടെ കാലഘട്ടം. അതിനുവേണ്ടി അവിടന്ന് വന്നു. കാരണം ആ എല്ലാകാര്യങ്ങളും തികച്ചും അവസാനിച്ചുകഴിഞ്ഞിരുന്ന കാലമായിരുന്നു അത്. അതെല്ലാം നഷ്ടപ്പെട്ടുപോയിരുന്നു). പറഞ്ഞു: ജനങ്ങൾ വഴികേടിൽ അകപ്പെട്ടു കഴിഞ്ഞിരുന്നു. അതായത് അല്ലാഹുവിൽനിന്നും അവന്റെ നേരായ വഴിയിൽനിന്നും വളരെ അകന്നുപോയി വീണിരുന്നു. അത്തരം അവസ്ഥയിൽ അല്ലാഹു തന്റെ നിരക്ഷരനായ റസൂലിനെ അയച്ചു. ആ നബി(സ)തിരുമേനി അവരുടെ ആത്മാക്കളെ പരിശുദ്ധമാക്കി. ഗ്രന്ഥത്തിന്റെ അറിവും വിവേകവും കൊണ്ട് അവരെ ധന്യരാക്കി. (ഗ്രന്ഥത്തിന്റെ അറിവും യുക്തിജ്ഞാനവുംകൊണ്ട് അവരെ നിറച്ചു). "അതായത് അടയാളങ്ങളും അമാനുഷിക പ്രവർത്തനങ്ങളുംകൊണ്ട് പൂർണമായ ദൃഢവിശ്വാസത്തിന്റെ നിലവരെ എത്തിച്ചു." (അടയാളങ്ങളും അമാനുഷിക പ്രവർത്തനങ്ങളും അല്ലാഹുവിന്റെ ശക്തിപ്രഭാവങ്ങളുടെ ദൃശ്യങ്ങളും കാണിച്ചു. അവരുടെ വിശ്വാസത്തിൽ എത്രമാത്രം അഭിവൃദ്ധിയുണ്ടായിയെന്നാൽ അവർ തികഞ്ഞ ദൃഢവിശ്വാസംവരെ എത്തി).'ദൈവത്തെ തിരിച്ചറിയുന്നതിന്റെ പ്രകാശത്താൽ അവരുടെ മനസ്സുകളെ പ്രകാശമാനമാക്കി.' പിന്നീട് അവിടന്ന് പറയുന്നു: 'ഒരു സംഘം വേറെയുമുണ്ട്. അവർ അവസാന കാലത്ത് വെളിപെടുന്നതാണ്. അവരും ആദ്യം ഇരുട്ടിലും വഴികേടിലുമായിരിക്കും. അറിവിൽനിന്നും വിവേകജ്ഞാനത്തിൽനിന്നും ദൃഢവിശ്വാസത്തിൽനിന്നും അകന്നവരായിരിക്കും. അപ്പോൾ അല്ലാഹു അവരേയും സ്വഹാബാക്കളുടെ വർണത്തിൽ കൊണ്ടുവരുന്നതാണ്. അതായത് എന്തൊന്നാണോ സ്വഹാബാക്കൾ കണ്ടത് ഇവർക്കും അത് കാണിക്കപ്പെടുന്നതാണ്. എത്രത്തോളമെന്നാൽ ഇവരുടെ സത്യസന്ധതയും ദൃഢചിത്തതയും സ്വഹാബാക്കളുടെ സത്യസന്ധതയും ദൃഢചിത്തതയും പോലെയായിരിക്കും.'(അയ്യാമുസ്സുൽഹ് റൂഹാനീ ഖസായിൻ വാല്യം 14 പേജ് 304). ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ സ്വഹാബാക്കളിൽ ആ ദൃഢനിശ്ചയവും വിശ്വാസവുമാണ് ഉണ്ടാക്കിയത്. അവർ തങ്ങളുടെ ഈമാനിലും യഖീനിലും തികഞ്ഞവരാകുന്നതിനുവേണ്ടി ത്യാഗങ്ങൾ വരിച്ചു. നാലുഭാഗത്തും വ്യാപിച്ചിരുന്ന അന്ധകാരങ്ങളിൽനിന്ന് പുറത്തുവന്നു. ലോകത്ത് വഴികേടുകൾ വ്യാപിച്ചിരുന്നു. ജനങ്ങൾ ഇസ്ലാം മറക്കുകയായിരുന്നു. അവിടന്ന് വീണ്ടുംവന്ന് ഇസ്ലാമിനെ പുനരുദ്ധാനം ചെയ്തു. ആ സ്വഹാബാക്കൾ മസീഹ് മൗഊദുമായി ചേർന്നുകൊണ്ട് ആ ദീനിന്റെ പ്രകാശം കരസ്ഥമാക്കി; വിവിധ അടയാളങ്ങൾ കണ്ടു. അതിന്റെ നൂറുക്കണക്കിന് ആയിരിക്കണക്കിന് സ്മരണകൾ നമ്മുടെ സാഹിത്യങ്ങളിൽ ലഭിക്കുന്നുണ്ട്. ഇരുട്ടിൽനിന്നും പുറത്തുചാടി വെളിച്ചങ്ങൾ കണ്ടുകൊണ്ടിരിക്കുന്ന ധാരാളമാളുകൾ ഇന്നുമുണ്ട്. അവർ അടയാളങ്ങൾ കണ്ടുകൊണ്ട് അഹ്മദിയ്യാ ജമാഅത്തിൽ ചേർന്നുകൊണ്ടിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നെ വിശ്വസിക്കുന്നവരെ സംബന്ധിച്ച് പറഞ്ഞു, അവർ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളും പുതിയ പുതിയതായ സഹായങ്ങളും പ്രകാശവും ദൃഢവിശ്വാസവും പ്രാപിക്കുന്നു; സ്വഹാബാക്കൾ പ്രാപിച്ചതുപോലെ. അവർ ദൈവവഴിയിൽ ജനങ്ങളുടെ പരിഹാസവും അവഹേളനവും കുത്തുവാക്കുകളും പലരീതിയിലുള്ള ഹൃദയഭേദകമായ കാര്യങ്ങളും ചീത്തകളും വഹിച്ചുകൊണ്ടിരിക്കുന്നു. (ബന്ധുമിത്രാദികളെ ഉപേക്ഷിച്ച വേദനയും അനുഭവിച്ചുകൊണ്ടിരിക്കുന്നു); "സ്വഹാബാക്കൾ അനുഭവിച്ചതുപോലെ." (അയ്യാമുസ്സുൽഹ്, റൂഹാനിഖസായിൻ, വാല്യം 14, പേജ് 306)

ഈ സംഭവങ്ങൾ വെറും അക്കാലത്ത് മാത്രമുണ്ടായതല്ല. അല്ലെങ്കിൽ പാക്കിസ്ഥാനിലോ ഹദ്റത്ത് മസീഹ് മൗഊദ്(അ) ജനിച്ച ഇന്ത്യയിലോ മാത്രമല്ല. പ്രത്യുത നബി(സ) തിരുമേനിയുടെ ദാസത്വത്തിൽ അവിടന്ന് മുഴുലോകത്തേയും ഒരൊറ്റ സമുദായമാക്കുന്നതിനും അല്ലാഹുവിന്റെ ദാസരാക്കുന്നതിനും വേണ്ടി വന്നയാളായതുകൊണ്ട് ലോകത്തിന്റെ മറ്റു രാജ്യങ്ങളിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നവർക്ക് ഈ ബുദ്ധിമുട്ടുകളിലൂടെയും പ്രയാസങ്ങളിലൂടെയും കടന്നുപോകേണ്ടിവരുന്നു. പക്ഷേ അങ്ങേയറ്റം ക്ഷമയോടും ഉറച്ചപാദത്തോടുംകൂടി എല്ലാ ബുദ്ധിമുട്ടുകളേയും അവർ നേരിട്ടുകൊണ്ടിരിക്കുന്നു.

അൾജീരിയായിലെ ഉദാഹരണംതന്നെ ഈയിടെയായി നമ്മുടെ മുമ്പിലുണ്ട്. ഇത് അത്ര പഴയ ജമാഅത്തൊന്നുമല്ല. പക്ഷേ, വാഗ്ദത്ത മസീഹിനെ വിശ്വസിച്ചുകൊണ്ട് അവസാനം വന്നകൂട്ടരിൽ ചേർന്നതിനുശേഷം ഖിലാഫത്തിന്റെ അനുസരണത്തിൽവന്ന് അവരുടെ വിശ്വാസം ദൈവകൃപയാൽ ഉയർച്ചകളെ സ്പർശിച്ചുകൊണ്ടിരിക്കുന്നു. എനിക്കുവന്ന ഈയൊരു കത്തിൽനിന്ന് അവരിൽപ്പെട്ട തടവുകാരുടെ വിശ്വാസത്തിന്റേയും ദൃഢചിത്തതയുടേയും അളവ് നമുക്ക് ഊഹിക്കാൻ സാധിക്കുന്നതാണ്. ഇന്നലെ എനിക്കു വന്ന കത്തിൽ ഒരു തടവുകാരൻ പറയുന്നു: "അല്ലാഹുവിന് ലക്ഷോപിലക്ഷം നന്ദി. അവൻ ഞങ്ങളെ യഥാർഥ ഇസ്ലാമിന്റെ നിഅ്മത്തുകൊണ്ട് അനുഗ്രഹിച്ചിരിക്കുന്നു. അത് ഞങ്ങളുടെ മനസ്സുകളെ ജീവിപ്പിക്കുകയും ഈയം ഉരുക്കിയൊഴിച്ച ഭിത്തിപോലെയാക്കിത്തീർക്കുകയും ചെയ്തു. അവന്റെ തൃപ്തിക്കുവേണ്ടി ഞങ്ങളെ പരസ്പരം സ്നേഹിക്കുന്നവരാക്കി. കാലത്തിന്റെ ഖലീഫയുടെ കൈയിൽ കൂട്ടിയിണക്കി." എന്നെ സംബോധന ചെയ്തുകൊണ്ട് എഴുതുന്നു: 'സയ്യിദീ! അല്ലാഹുവിന്റെ വഴിയിൽ തടവ് അനുഭവിച്ച് വന്നതിനുശേഷം എല്ലാ രാജ്യങ്ങളിൽനിന്നും അഹ്മദീ സഹോദരങ്ങൾ വന്നു കണ്ടുകൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ പ്രത്യേകമായ സഹായത്തിൽ ഞങ്ങൾ സന്തുഷ്ടരാണ്.' (ഒരു തടവുകാരനാണ്. പക്ഷേ, അല്ലാഹുവിൽനിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന പാരിതോഷികങ്ങളിൽ സന്തോഷവും ആഘോഷിക്കുന്നു.) പറയുന്നു:'അവർ അങ്ങയ്ക്ക് സ്നേഹനിർഭരമായ സലാമും ദുആയ്ക്കുള്ള അപേക്ഷയും എത്തിക്കാനും പറഞ്ഞിരിക്കുന്നു. എല്ലാവരും സത്യത്തെ ഉയർത്തിപ്പിടിക്കുന്നതിനും പ്രവൃത്തിക്കുന്നതിനും ദുആ തുടർന്നുകൊണ്ടുപോകുന്നതിനും ഉറച്ചുനില്ക്കുകയാണ്.' (എത്ര കഠിനമായ അവസ്ഥകളുമുണ്ടായിക്കൊള്ളട്ടെ, സത്യം പ്രചരിപ്പിക്കുന്നതിനുവേണ്ടി ഞങ്ങൾ ഞങ്ങളുടെ ജോലി തുടർന്നുകൊണ്ടുപോകുന്നതാണ്. അല്ലാഹുവിനോട് സഹായവും തേടും. ദുആ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യും). പിന്നീട് പറയുന്നു: "ഈ പരീക്ഷണം ഞങ്ങളുടെ ഇടയിലെ സ്നേഹവും സാഹോദര്യവും ഐക്യവും സഹായവും ഖിലാഫത്തിനോടുള്ള അനുരക്തിയും വർധിപ്പിച്ചു."എഴുതുന്നു: 'ഈ പരീക്ഷണത്തിൽ അങ്ങയുടെ ദുആ സ്വീകാര്യതയുടെ മാതൃകകളും ഞങ്ങൾ ഞങ്ങളുടെ കണ്ണുകൊണ്ട് കണ്ടു.' അല്ലാഹുവിന്റെ ധാരാ ളം ദൃഷ്ടാന്തങ്ങൾ കണ്ടു. അവ നബി(സ)തിരുമേനിയുടെ സത്യദാസൻ ഹദ്റത്ത് മസീഹ് മൗഊദിലുള്ള ഞങ്ങളുടെ വിശ്വാസവും ദൃഢതയും വീണ്ടും വർധിപ്പിച്ചു." ഇദ്ദേഹം പറയുന്നു: 'അല്ലാഹുവിന്റെ കാരുണ്യങ്ങൾ അൽജീരിയായിലെ ബലഹീനരായ അഹ്മദികളുടെമേൽ ഇറങ്ങിക്കൊണ്ടിരിക്കുന്നു."

കഴിഞ്ഞ ദിവസങ്ങളിൽ കുറച്ച് തടവുകാർ അവിടെ മോചിതരുമായിട്ടുണ്ട്. അല്ലാഹു ബാക്കിയുള്ള തടവുകാരുടെ മോചനത്തിനുള്ള സാഹചര്യം വേഗം ഉണ്ടാക്കുമാറാകട്ടെ. വേറൊരു തടവുകാരൻ എഴുതുന്നു: 'തടവുകാലത്ത് അല്ലാഹുവിന്റെ പ്രത്യേകമായ ഉദ്ദേശ്യമനുസരിച്ചാണ് ഈ തടവുണ്ടായതെന്ന് ദൃഢവിശ്വാസമുണ്ടായി.' (അതായത് ഞങ്ങളെ തടവുകാരാക്കിയപ്പോൾ ഞങ്ങൾക്ക് ശിക്ഷ കിട്ടിയപ്പോൾ അല്ലെങ്കിൽ ഞങ്ങൾക്കെതിരിൽ കേസുകൾ നടന്നപ്പോൾ ഇത് അല്ലാഹുവിന്റെ പ്രത്യേക ഉദ്ദേശ്യമായിരുന്നുവെന്ന്). "അവൻ തന്റെ അത്ഭുതങ്ങളിൽ കുറച്ച് അത്ഭുതങ്ങൾ ഞങ്ങളെ കാണിക്കാൻവേണ്ടി."(അവൻ ഞങ്ങളെ കുറച്ച് അടയാളങ്ങൾ കാണിക്കാൻ ആഗ്രഹിച്ചിരുന്നു. തന്റെ അത്ഭുതകൃത്യങ്ങൾ കാണിക്കാൻ ആഗ്രഹിച്ചിരുന്നു. അതുകൊണ്ട് അവൻ ഈ ഈ അക്രമങ്ങളും ഞങ്ങളുടെമേൽ കൊണ്ടുവന്നു). പറയുന്നു: 'സ്വാതന്ത്ര്യത്തിന്റേയും സൗഖ്യത്തിന്റേയും കാലത്ത് ഞങ്ങൾക്കുണ്ടായിക്കൊണ്ടിരുന്ന വിജയങ്ങളെ കുറിച്ച് ഞങ്ങൾ മനസ്സിലാക്കിയിരുന്നത് ഞങ്ങൾ അല്ലാഹുവിന്റെ മുഖം കണ്ടുവെന്നാണ്. അവന്റെ വഴികളെക്കുറിച്ച് അറിഞ്ഞുവെന്നാണ്. പക്ഷേ, മുമ്പേ വളരെ കുറച്ചുമാത്രമേ കണ്ടിരുന്നുള്ളൂവെന്ന് ഇപ്പോൾ മനസ്സിലാകുന്നു. ഇപ്പോൾ അവന്റെ ശക്തിപ്രഭാവങ്ങളുടെ യഥാർഥ മാതൃകകൾ ഞങ്ങൾ കണ്ടു.' പറയുന്നു:'തടവുകൊണ്ട് എനിക്കൊരു പ്രയാസവുമുണ്ടായിട്ടില്ല. ഞാൻ അല്ലാഹുവിനോടും അവന്റെ ആരാധനയോടുമുള്ള കടമ നിറവേറ്റി

യില്ല എന്ന തോന്നലാണ് എനിക്ക് പ്രയാസമുണ്ടാക്കിയ കാര്യം. പിന്നീട് എഴുതുന്നു:'തടവുകാലത്ത് ഞാൻ ധാരാളം സ്വപ്നങ്ങൾ കണ്ടു. അതുമുഖേന വലിയ സമാധാനമുണ്ടായി. എന്നെ സംബോധന ചെയ്തുകൊണ്ട് എഴുതുന്നു: 'സ്വപ്നങ്ങളിലൂടെ അങ്ങയുമായി കൂടിക്കാഴ്ചയും നടന്നു.' പിന്നീട് പറയുന്നു: 'അങ്ങയുടെ ദുആകൾ ഞങ്ങളുടെ ഈമാനും ഞങ്ങളുടെ ദൃഢചിത്തതയും വർധിപ്പിച്ചിരുന്നു. അത് തടവറയിൽ ഞങ്ങൾക്ക് സുഖം പ്രദാനം ചെയ്തുകൊണ്ടിരുന്നു. ഞങ്ങളുടെ മോചനം തീർച്ചയായും അങ്ങയുടേയും ജമാഅത്തിലെ ആത്മാർഥരായവരുടേയും ദുആകളുടെ ഫലമാണ്.' പിന്നീട് പറയുന്നു:'എന്റെ ഭാര്യയ്ക്കുവേണ്ടി ദുആ ചെയ്യാൻ അപേക്ഷിക്കുകയാണ്. അവൾ വളരെ ക്ഷമയോടും കഠിനാധ്വാനത്തോടുംകൂടി പ്രവർത്തിച്ചു.'(അദ്ദേഹത്തിന്റെ ഭാര്യമാത്രമായിരുന്നു അഹ്മദി. മറ്റുള്ള ബന്ധുക്കളെല്ലാം അനഹ്മദികളായിരുന്നു. ഇദ്ദേഹം തടവിലായിരുന്നപ്പോൾ ആദ്യം ഇദ്ദേഹത്തിന്റെ ഭാര്യാപിതാവ് വഫാത്തായി. പിന്നീട് അവർ അഹ്മദിയായ കാരണത്താൽ സഹോദരന്മാർ ഉപേക്ഷിച്ചു. ബഹളമുണ്ടാക്കിയപ്പോൾ സഹോദരന്മാരും തങ്ങളുടെ സഹോദരിയെ അഹ്മദിയ്യത്ത് കാരണത്താൽ ഉപേക്ഷിച്ചുപോയി. ഭർത്താവ് ആദ്യമെ ജയിലിലായിരുന്നു. പിന്നീടു പറയുന്നു: 'തടവുകാലത്ത് എന്റെ വീട്ടുകാരിൽനിന്നും അകന്നിരുന്നു.' അവരും എല്ലാവരും അഹ്മദികളായിരുന്നില്ല എന്നാണ് തോന്നുന്നത്. അവരിൽനിന്നും ഇവർ അകന്നിരുന്നു. പക്ഷേ, ആത്മാർഥരായ അഹ്മദീ സ്ത്രീകൾ തങ്ങളുടെ സ്നേഹംകൊണ്ട് ഈ കുറവ് നികത്തി. ഇവർ അവരുടെ കുടുംബമായി. ബന്ധുക്കാർ ഉപേക്ഷിച്ചപ്പോൾ അഹ്മദിയ്യാ ജമാഅത്ത് അവരെ ആകർഷിച്ചെടുത്തു. പുരുഷന്മാരും സ്ത്രീകളും വിവിധ സ്ഥലങ്ങളിൽ അവരവരുടെ വൃത്തങ്ങളിൽ ത്യാഗങ്ങൾ നല്കി. നല്കിക്കൊണ്ടിരിക്കുന്നു. സ്വഹാബാക്കളും പീഢിപ്പിക്കപ്പെട്ടു, പ്രയാസങ്ങളിൽ ഇടപ്പെട്ടു എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ. തന്നെ വിശ്വസിച്ചവരെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'സ്വഹാബാക്കളെപ്പോലെ ഇവരും പീഢിപ്പിക്കപ്പെട്ടു. പ്രയാസങ്ങളിൽ ഇടപ്പെട്ടു. പക്ഷേ, അല്ലാഹുവിന്റെ കൃപയാൽ അൽജീരിയായിലെ പുതിയൊരു ചെറിയ ജമാഅത്താണിത്. തങ്ങളുടെ പരീക്ഷണത്തിൽ ഏത് ഘട്ടത്തിലൂടെയാണോ അവർ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത് അതിൽ ദൃഢപാദരാണ്. അതിൽ നിലകൊള്ളുന്നവരാണ്. അവരുടെ വികാരങ്ങളുടെ പ്രകടനം രണ്ട് കത്തുകളിൽനിന്ന് ലഭിക്കുന്നുണ്ട്. ഇദ്ദേഹവും എഴുതുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന തുടങ്ങിയിട്ടുള്ള ഖിലാഫത്ത് വ്യവസ്ഥിതി കാരണത്താൽ അദ്ദേഹത്തിന്റെ സമാധാനത്തിനുള്ള സാഹചര്യമുണ്ടായിക്കൊണ്ടിരുന്നു. ഭയപ്പെടുത്തുന്നതിനുവേണ്ടി എതിരാളികൾ നടപടികൾ സ്വീകരിച്ചുകൊണ്ടിരുന്നു. അല്ലാഹു തന്റെ പ്രത്യേക കൃപയാൽ ഖിലാഫത്തുമായി ചേർന്നിരുന്നതുകൊണ്ട് അതിൽനിന്ന് അദ്ദേഹത്തിന് സമാധാനത്തിനുള്ള സാഹചര്യമുണ്ടാക്കി കൊടുത്തുകൊണ്ടിരുന്നുവെന്നും അദ്ദേഹം എഴുതി. അത്തരം നിരവധി ഉദാഹരണങ്ങളുണ്ട്. അല്ലാഹു അഹ്മദികൾക്കുവേണ്ടി സമാധാനത്തിനുള്ള സാഹചര്യമൊരുക്കുന്ന വ്യക്തിഗതമായ നിലയിലും ജമാത്തുപരമായ നിലയിലും ബുദ്ധിമുട്ടുകളുടെ കാലം വരുന്നു. അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് സമാധാനത്തിന്റേയും ശാന്തിയുടേയും സഹാചര്യവും ഒരുക്കിക്കൊടുക്കുന്നു. ഞാൻ ഉദാഹരണം പറഞ്ഞതുപോലെ ഇത് ഏതെങ്കിലുമൊരു പ്രത്യേക കാലത്തിന്റേയോ സമയത്തിന്റേയോ കാലമല്ല. അല്ലെങ്കിൽ അതുമായി നിബന്ധിതവുമല്ല. വിശ്വസിച്ചവരോടും സൽകർമങ്ങൾ ചെയ്തവരോടും ഭയത്തെ താൻ അകറ്റുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. പക്ഷേ, അല്ലാഹു സത്യവിശ്വാസികളോടു ആവർത്തിച്ചാവർത്തിച്ച് പറയുന്നത് അവർ തന്നെ ആരാധിക്കുന്നതിന്റെ കടമ നിറവേറ്റണമെന്നാണ്. ഈ കടമ നിറവേറ്റിക്കൊണ്ടിരിക്കുമ്പോൾ ഭയാവസ്ഥകളും വരുമെന്നതിൽ സംശയമില്ല. പക്ഷേ, ഭയാവസ്ഥ വ്യക്തിപരമായ നിലയിലും മൊത്തമായ നിലയിലും ഖിലാഫത്തുമായുള്ള ബന്ധവും അല്ലാഹുവുമായുള്ള ബന്ധവും കാരണത്താലാണ് ഉണ്ടാകുന്നത്. ആ അവസ്ഥകൾ ശാന്തിയുടേയും സമാധാനത്തിന്റേയും അവസ്ഥയിൽ മാറ്റപ്പെടുന്നതായിരിക്കും.

അൽജീരിയായിലെ ഈ അഹ്മദികളിൽ കുറച്ചുപേരല്ലാതെ ആരും കാലത്തിന്റെ ഖലീഫയെ ഒരിക്കലും നേരിൽ കണ്ടിട്ടുപോലുമില്ല. പക്ഷേ, സത്യവിശ്വാസത്തിൽ സമ്പൂർണരായ കാരണത്താൽ എപ്രകാരം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ ആ മഹാത്മാവിന്റെ സമീപസ്ഥതിൽ മനഃശാന്തിക്കുള്ള സാഹചര്യമുണ്ടാക്കിയിരുന്നുവോ അപ്രകാരം അല്ലാഹു ഇവരുടെ സമാധാനത്തിനുള്ള സാഹചര്യവുമുണ്ടാക്കിക്കൊണ്ടിരിക്കുന്നു. അല്ലെങ്കിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രം നോക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന തുടങ്ങിയിട്ടുള്ള ഖിലാഫത്ത് വ്യവസ്ഥിതിയുടെ അനുഗ്രഹത്താൽ ഒന്നാം ഖിലാഫത്തിലും മനഃസമാധാനത്തിനുള്ള സാഹചര്യം ഉണ്ടായിക്കൊണ്ടിരുന്നു. ഖിലാഫത്തെ ഥാനിയായുടെ ശക്തമായ പരിതഃസ്ഥിതിയിലും സമാധാനത്തിന്റെ സാഹചര്യമുണ്ടായിക്കൊണ്ടിരുന്നു. മൂന്നാം ഖിലാഫത്തിന്റെ കാലത്തും വളരെ വിഷമകരമായ അവസ്ഥകളുണ്ടായി. ആ സമയത്ത് പാക്കിസ്ഥാൻ ഭരണാധികാരി പറഞ്ഞത് അഹ്മദികളെക്കൊണ്ട് ഭിക്ഷാപാത്രം എടുപ്പിക്കുമെന്നാണ്. പക്ഷേ, അല്ലാഹു ജമാഅത്ത് വിപുലമാകാനുള്ള സാഹചര്യമൊരുക്കി. നാലാം ഖിലാഫത്ത് കാലത്തും അല്ലാഹു ഇത്തരം അവസ്ഥകൾ ഉണ്ടാക്കിയിരുന്നു. ഇന്നും അല്ലാഹു അതേപോലെതന്നെ സാധനസാമഗ്രികൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.

അതിനാൽ ഇത് ആ സ്ഥലത്തിന് പ്രത്യേകപ്പെടുത്തപ്പെട്ടിട്ടുള്ളതല്ല. പ്രത്യുത അല്ലാഹു തുടങ്ങിയിട്ടുള്ള ആ യഥാർഥ ഖിലാഫത്തുമായി ചേർന്നിരിക്കുന്നവർക്കുവേണ്ടി പ്രത്യേകമാക്കപ്പെട്ടിട്ടുള്ളതാണ്.

ഇതെല്ലാം ഉണ്ടായിക്കൊണ്ടിരിക്കുന്നത് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദിനോടു, അദ്ദേഹത്തിനു ശേഷം രണ്ടാമത്തെ ശക്തിപ്രഭാവം അഥവാ ഖിലാഫത്ത് ഉണ്ടാകുമെന്നും അതുമുഖേന അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മിഷന്റെ പ്രവർത്തനം വീണ്ടും പൂർത്തിയാക്കുമെന്നും ഇസ്ലാമിന് വീണ്ടും വിജയം നൽകുമെന്നും വിശ്വാസികളുടെ സമാധാനത്തിനുള്ള സാഹചര്യം ഒരുക്കുമെന്നും വാഗ്ദാനം ചെയ്തിരുന്നതിന്റെ അടിസ്ഥാനത്തിലാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) അൽവസിയ്യത്ത് എന്ന തന്റെ ചെറുകൃതിയിൽ താൻ ലോകത്തുനിന്ന് പോകുമെന്നും ഖിലാഫത്ത് മുഖേന ജമാഅത്തിന്റെ അഭിവൃദ്ധികൾ തുടർന്നുകൊണ്ടിരിക്കുമെന്നും വിശദീകരിച്ചുകൊണ്ട് പറഞ്ഞു:

"അതുകൊണ്ട് അല്ലയോ പ്രിയപ്പെട്ടവരേ, എതിരാളികളുടെ നിരർഥകങ്ങളായ രണ്ട് ആഹ്ലാദങ്ങളെ തകർക്കുന്നതിനുവേണ്ടി തന്റെ സനാതന നടപടിയനുസരിച്ച് ഇപ്രകാരം അല്ലാഹു രണ്ടുവിധം ദിവ്യശക്തികൾ പ്രകടമാക്കുന്നു. ആയതിനാൽ ഇനി അല്ലാഹു തന്റെ സനാതനമായ നടപടിക്രമം ഉപേക്ഷിച്ചു കളയുമെന്നത് സംഭാവ്യമല്ല. അതിനാൽ ഞാൻ നിങ്ങളോട് വിവരിച്ച ഈ കാര്യങ്ങൾകാരണം നിങ്ങൾ കുണ്ഠിതരും മന:ക്ലേശമുള്ളവരും ആകരുത്. (ഹദ്റത്ത് മസീഹ് മൗഊദ്(അ), തന്റെ സ്വഹാബാക്കളെ താൻ ഈ ലോകത്ത് നിന്ന് വിടപറയാൻ പോകുകയാണെന്ന് അറിയിച്ചുകൊണ്ട് സമാധാനിപ്പിക്കുകയാണ്) "എന്തെന്നാൽ, നിങ്ങൾക്ക് രണ്ടാമത്തെ ദിവ്യശക്തിപ്രഭാവം ദർശിക്കേണ്ടത് അത്യാവശ്യമാകുന്നു. അതിന്റെ ആഗമനം നിങ്ങൾക്ക് ഗുണകരമാണ്! എന്തുകൊണ്ടെന്നാൽ അത് ശാശ്വതവും അതിന്റെ ശൃംഖല അന്ത്യനാൾ വരെ മുറിഞ്ഞുപോകാത്തതുമാണ്. ഞാൻ പോകാത്തിടത്തോളം രണ്ടാമത്തെ ദിവ്യശക്തി വരിക സാധ്യമല്ല. ഞാൻ പോയാൽ, അല്ലാഹു നിങ്ങൾക്കു വേണ്ടി രണ്ടാം ദിവ്യശക്തിയെ അയക്കും. "ബറാഹീനെ അഹ്മദിയ്യാ"യിലെ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് അത് എപ്പോഴും നിങ്ങളോടൊപ്പം ഉണ്ടായിരിക്കും. ആ വാഗ്ദാനം എന്നെക്കുറിച്ചുള്ളതല്ല. മറിച്ച്, അത് നിങ്ങളെപ്പറ്റിയുള്ളതാകുന്നു. അല്ലാഹു പറയുന്നു "നിന്നെ പിൻപറ്റുന്ന ഈ ജമാഅത്തിന് അന്യരുടെമേൽ അന്ത്യദിനംവരെ ഞാൻ വിജയം നൽകുന്നതാണ്. അതിനാൽ എന്റെ വേർപാടിന്റെ ദിനം നിങ്ങളിൽ പ്രകടമാകേണ്ടതും അനന്തരം ശാശ്വത വാഗ്ദാനത്തിന്റെ ദിനം വെളിപ്പെടേണ്ടതും നിർബന്ധമാകുന്നു. നമ്മുടെ ദൈവം സത്യവാനും വിശ്വസ്തനും വാഗ്ദാനം പാലിക്കുന്നവനുമാണ്. അവൻ വാഗ്ദാനം ചെയ്തതെല്ലാം നിങ്ങൾക്ക് കാണിച്ചുതരുന്നതാണ്. ഈ ദിവസം ലോകാവസാനത്തിന്റെ ദിനമായാലും വലിയ ആപത്തുകൾ ഇറങ്ങേണ്ട സമയമായാലും അവൻ വിവരമിറിയിച്ച കാര്യങ്ങല്ലാം പൂർത്തിയാകുന്നതുവരെ ഈ ലോകം നിലനിൽക്കുകതന്നെ ചെയ്യും. ഞാൻ അല്ലാഹുവിന്റെ ഭാഗത്തുനിന്ന് ഒരു ദിവ്യശക്തിയുടെ രൂപത്തിലാണ് വന്നിട്ടുള്ളത്. ഞാൻ ഒരു ദൈവിക സമ്പൂർണ്ണ ശക്തി പ്രഭാവമാകുന്നു. എനിക്കുശേഷം ചില വ്യക്തികളുണ്ടാവും. അവർ രണ്ടാം ദിവ്യശക്തിയുടെ പ്രതീകങ്ങളായിരിക്കും. അതിനാൽ നിങ്ങളെല്ലാവരും ഒത്തുചേർന്ന് അല്ലാഹുവിന്റെ രണ്ടാം ദിവ്യശക്തിയെ പ്രതീക്ഷിച്ചുകൊണ്ട് പ്രാർഥനയിൽ നിരതരാവുക. കൂടാതെ ഈ ദ്വിതീയ ദിവ്യശക്തി ആകാശത്തുനിന്നു വെളിവാകുകയും നിങ്ങളുടെ ദൈവം കഴിവുറ്റവനാണെന്നു കാണിച്ചുതരുമാറാവുകയും ചെയ്യുന്നതുവരെ മുഴുവൻ ജമാഅത്തുകളിലെയും സുകൃതവാന്മാർ ഓരോ നാട്ടിലും ഒരുമിച്ചുകൂടി ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. നിങ്ങളുടെ മരണം സമീപസ്ഥമാണെന്ന് കരുതിക്കൊള്ളുക. ആ നിമിഷം ഏതു സമയത്താണ് ആസന്നമാകുകയെന്ന് നിങ്ങൾ അറിയുന്നില്ല."(അൽവസിയ്യത്ത് റൂഹാനീ ഖസായിൻ വാല്യം 20 പേജ് 305-306)

ബുദ്ധിമുട്ടുകൾ വരും. പരീക്ഷണങ്ങളുമുണ്ടാകും. പക്ഷേ, അവസാന വിജയം അഹ്മദിയ്യാ ജമാഅത്തിന്റേതായിരിക്കും ഇൻശാഅല്ലാഹ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന തുടങ്ങിയ ഖിലാഫത്ത് വ്യവസ്ഥിതി തന്നെയാണ് ആ യഥാർഥ വ്യവസ്ഥിതി. ഇതുമായിട്ടാണ് അഭിവൃദ്ധികളും ലോകത്തിന്റെ ശാന്തിയും സമാധാനവും ബന്ധപ്പെട്ടിരിക്കുന്നത്. ഇതേ വ്യവസ്ഥിതിമുഖേന തന്നെയാണ് ഇസ്ലാമിന്റെ ഉയർച്ചയും വിജയവും മുഴുലോകത്തും സ്ഥാപിതമാകേണ്ടതും നിലനില്ക്കേണ്ടതും. ആ വിജയത്തിന്റെ സുവാർത്ത നൽകിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഇത് അല്ലാഹുവിന്റെ സനാതന നിയമമാകുന്നു. അവൻ മനുഷ്യനെ ഈ ഭൂമിയിൽ സൃഷ്ടിച്ചതുമുതൽക്കേ പ്രവാചകന്മാരേയും ദൂതൻമാരേയും സഹായിക്കുന്നതിനും അവർക്ക് വിജയം നൽകുന്നതിനും ഈ നിയമം സദാ പ്രകടമാക്കിക്കൊണ്ടിരിക്കുന്നു. അല്ലാഹു പറയുന്നു. *കത്തബല്ലാഹു ല അഗ്ലിബന്ന അനാ വ റുസുലീ*(58:22)വിജയം കൊണ്ടുള്ള വിവക്ഷിതം ഇതാണ്: പ്രവാചകൻമാരുടേയും ദൂതൻമാരുടേയും ഉദ്ദേശ്യം അല്ലാഹുവിന്റെ ഹുജ്ജത്ത് അഥവാ ന്യായപൂർത്തി ഭൂമിയിൽ പൂർത്തിയാവുകയും ആർക്കും അതിനെ എതിരിടാൻ കഴിയാതിരിക്കുകയും ചെയ്യുകയെന്നതാണ്. അതേപ്പോലെ അല്ലാഹു അവരുടെ സത്യം ലോകത്ത് ശക്തമായ ദൃഷ്ടാന്തങ്ങൾ മുഖേന വെളിപ്പെടുത്തുന്നു. അവർ ലോകത്ത് പ്രചരിപ്പിക്കുവാൻ ആഗ്രഹിക്കുന്ന സന്മാർഗത്തിന്റെ ബീജാവാപം അവരുടെ കരങ്ങളാൽ ചെയ്യിക്കുന്നു. എന്നാൽ, ഇതിന്റെ പൂർത്തീകരണം അവരുടെ കരങ്ങളാൽ നിർവ്വഹിപ്പിക്കപ്പെടുന്നില്ല. മറിച്ച്, ബാഹ്യമായി പരാജയ ഭീതി നിലനിൽക്കെ അവൻ അവർക്ക് (പ്രവാചകന്മാർക്ക്) മരണം നൽകുന്നു. ഇതിലൂടെ എതിരാളികൾക്ക് പരിഹാസങ്ങളും കുത്തുവാക്കുകളും, നിന്ദാവചനങ്ങളും ചൊരിയാൻ അവൻ അവസരം നൽകുന്നു. അങ്ങനെ അവരുടെ പരിഹാസം പാരമ്യത്തിലെത്തിയതിനുശേഷം അവൻ തന്റെ ശക്തിയുടെ മറ്റൊരു കരം പ്രത്യക്ഷപ്പെടുത്തുന്നു. അങ്ങനെ ഏറെക്കുറെ അപൂർണതയിൽ കിടന്നിരുന്ന പ്രസ്തുത ഉദ്ദേശ്യങ്ങൾ പരിപൂർണത പ്രാപിക്കുന്നതിനുവേണ്ട സാമഗ്രികൾ അവൻ സൃഷ്ടിക്കുന്നു.

"ചുരുക്കത്തിൽ രണ്ട് വിധത്തിലുള്ള ദിവ്യശക്തി

പ്രഭാവങ്ങളാണ് വെളിപ്പെടുന്നത്. ഒന്നാമതായി പ്രവാചകൻമാരുടെ കരങ്ങളിലൂടെ അല്ലാഹു സ്വയം തന്റെ ദിവ്യശക്തിയുടെ ഹസ്തം പ്രകടമാക്കുന്നു. രണ്ടാമതായി പ്രവാചകന്റെ വഫാത്തിനുശേഷം പ്രയാസങ്ങളെ അഭിമുഖീകരിക്കേണ്ടിവരികയും ശത്രുക്കൾ ശക്തിയാർജിക്കുകയും പ്രവർത്തനങ്ങൾ താറുമാറായെന്ന് കരുതപ്പെടുകയും ജമാഅത്ത് നാമാവശേഷമാവുമെന്നു ശത്രുക്കൾ ഉറപ്പാക്കുകയും ചെയ്യുന്നു. കൂടാതെ ജമാഅത്തിലെ അംഗങ്ങൾ അങ്കലാപ്പിലകപ്പെടുകയും അവരുടെ സ്ഥൈര്യം ചോർന്ന് പോവുകയും, തുടർന്നു പല നിർഭാഗ്യവാന്മാരും മുർത്തദ്ദാവാനുള്ള (മതനിരാസം) വഴി അവലംബിക്കുകയും ചെയ്യുന്നു. അപ്പോൾ അല്ലാഹു തന്റെ അതിമഹത്തായ ദിവ്യശക്തി ഒരിക്കൽകൂടി വെളിപ്പെടുത്തിക്കൊണ്ട് വീഴാനാവുന്ന ജമാഅത്തിനെ താങ്ങിയെടുക്കുന്നു. അതിനാൽ അന്ത്യം വരെ സഹനം കൊള്ളുന്നവർ അല്ലാഹുവിന്റെ ഈ അത്ഭുത ദൃഷ്ടാന്തം ദർശിക്കുന്നതാണ്. ഹദ്റത്ത് അബൂബക്കർ സിദ്ദീഖി (റ) ന്റെ കാലത്ത് സംഭവിച്ചതുപോലെ; ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ വേർപാട്, അകാലത്തുണ്ടായ ഒരു വേർപാടായിരുന്നുവെന്നു മനസ്സിലാക്കപ്പെടുകയും ദു:ഖഭാരത്താൽ സ്വഹാബിമാർ പരിഭ്രാന്തരാവുകയും വളരെയേറെ ഗ്രാമീണവാസികൾ ഇസ്‌ലാംമതം ഉപേക്ഷിക്കുകയും ചെയ്തു. അപ്പോൾ അല്ലാഹു ഹദ്റത്ത് അബൂബക്കർ സിദ്ദീഖി(റ)നെ എഴുന്നേൽപ്പിച്ചുകൊണ്ട് വീണ്ടും തന്റെ ദിവ്യശക്തിയുടെ മാതൃക കാണിക്കുകയും നാമാവശേഷമാക്കപ്പെടുന്നതിൽനിന്ന് ഇസ്‌ലാമിനെ താങ്ങിനിറുത്തുകയും ചെയ്തു. *വ ലയുമക്കിനന്ന ലഹും ദീനഹുമുല്ലദിർത്തളാലഹും വ ലയുബദ്ദിലന്നഹും മിൻ ബഅ്ദി ഖൗഫിഹിം അംനാ* എന്ന ഖുർആൻ വചനത്തിൽ പറഞ്ഞപ്രകാരം "ഭയത്തിനുശേഷം നാം അവരുടെ കാൽപാദങ്ങളെ സുദൃഢമാക്കുന്നു" എന്ന വാഗ്ദാനം അല്ലാഹു പൂർത്തിയാക്കിക്കാണിച്ചു."(അൽവസിയ്യത്ത് റൂഹാനീ ഖസായിൻ വാള്യം 20 പേജ് 304-305)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വേർപാടിനുശേഷം ഒരു ആഘാതം ജമാഅത്തിനേറ്റെങ്കിലും അല്ലാഹു ഹദ്റത്ത് ഖലീഫത്തുൽ അവ്വൽ മുഖേന ജമാഅത്തിനെ ക്ഷണത്തിൽ സംരക്ഷിച്ചുവെന്നതും അല്ലാഹുവിന്റെ വലിയ ഔദാര്യമാണ്. പിന്നീട് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ വേർപാടിനുശേഷം ജമാഅത്തിന് മറ്റൊരു ശക്തമായ ആഘാതമേറ്റു. ചില മുതിർന്ന വ്യക്തികൾ ജമാഅത്തിന്റെ ബയ്അത്തിൽനിന്ന് വേർപെട്ടുപോയി. ഖിലാഫത്ത് നിഷേധികളായിമാറി. അങ്ങേയറ്റം കഠിനമായ അവസ്ഥയായിരുന്നു അത്. അതിന്റെ വിശദീകരണം സുദീർഘമാണ്. പക്ഷേ, ഫലമെന്തുണ്ടായി? അവസാനം ഖിലാഫത്തുതന്നെ വിജയിച്ചു. വിജയങ്ങളുടെ വഴികളിലൂടെ അത് മുന്നോട്ടുപൊയ്ക്കൊണ്ടിരുന്നു. ഓരോ ഘട്ടങ്ങളും തരണം ചെയ്തുകൊണ്ടുപോയി. പിന്നീട് മൂന്നാമത്തെ ഖിലാഫത്തിന്റെ കാലംവന്നു. കൂടുതൽ പ്രയാസങ്ങളുടെ കാലം വന്നു. പക്ഷേ, എന്നിട്ടും അല്ലാഹു കൃപ ചെയ്തു. സർക്കാരിന്റെ ഭയാനകമായ ഗൂഢപദ്ധതിയായിരുന്നു അത്. പക്ഷേ, ജമാഅത്തിന്റെ അഭിവൃദ്ധിയിൽ ഒരു തടസ്സവുമുണ്ടാക്കാൻ അതിന് കഴിഞ്ഞില്ല. നാലാം ഖിലാഫത്ത് കാലത്ത് അതിനെക്കാൾ ശക്തമായ പ്രയാസങ്ങൾ പാക്കിസ്ഥാൻ ഭരണകൂടം കാണിച്ചു. ആ പരീക്ഷണത്തിലും അല്ലാഹു സമാധാനത്തിനുള്ള സാഹചര്യങ്ങൾ ഒരുക്കി. ജമാഅത്ത് പുതിയ ഘട്ടങ്ങൾ തരണം ചെയ്യാൻ തുടങ്ങി. തബ്‌ലീഗിന്റെ പുതിയ പുതിയ വഴികൾ തുറന്നു. പിന്നീട് സാറ്റ്ലൈറ്റ് മുഖേന ലോകത്ത് തബ്‌ലീഗ് എത്താൻ തുടങ്ങി. തുടർന്ന് അഞ്ചാമത്തെ ഖിലാഫത്തിലും പുതിയ വഴികളിൽ കൂടുതൽ വിശാലതയുണ്ടായി. ജമാഅത്തിന്റെ സന്ദേശം ആയിരങ്ങളിൽനിന്ന് പുറത്തുകടന്ന് ലക്ഷങ്ങളിലും കോടികളിലുമെത്താൻ തുടങ്ങി. ഒന്നോ രണ്ടോ രാജ്യങ്ങൾക്ക് പകരം നിരവധി രാഷ്ട്രങ്ങളിൽ ഇപ്പോൾ എതിർപ്പ് തുടങ്ങി കഴിഞ്ഞിരിക്കുന്നു. ഇതുതന്നെയാണ് അഹ്മദിയ്യത്തിന്റെ സത്യതയ്ക്കുള്ള തെളിവ്. ഇതുതന്നെയാണ് അഭിവൃദ്ധിയുടെ അടയാളവും. അഹ്മദിയ്യത്തിൽനിന്ന് പിന്മാറ്റാനുള്ള ശ്രമങ്ങളും നടന്നുകൊണ്ടിരിക്കുന്നു. പക്ഷേ, അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് അഭിവൃദ്ധികളുടെ വഴികൾ തുറന്നുകൊണ്ടേപോകുന്നു. അഭിവൃദ്ധി ഉണ്ടായിക്കൊണ്ടേയിരിക്കുന്നു. ഇക്കാര്യങ്ങളെല്ലാം പ്രകടിപ്പിക്കുന്നത് താൽക്കാലികമായ തടസ്സങ്ങൾ ഉണ്ടെങ്കിലും ഇസ്‌ലാമിന്റെ വിജയം ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേനയും ആ മഹാത്മാവിനുശേഷം തുടങ്ങിയിട്ടുള്ള ഖിലാഫത്ത് വ്യവസ്ഥിതി മുഖേനയും ഉണ്ടാകണമെന്നാണ്. എതിരാളികൾ എത്ര വേണമെങ്കിലും ശക്തി ചെലുത്തിക്കൊള്ളട്ടെ. അവർക്കുള്ളത് അപചയവും പരാജയവുമാണ്. അല്ലാഹുതആല എല്ലാ അഹ്മദികൾക്കും തങ്ങളുടെ ഈമാനിൽ ശക്തിയോടെ നിൽക്കാനും സൽകർമങ്ങളനുഷ്ഠിക്കാനും നമ്മൾ എപ്പോഴും ആ അഭിവൃദ്ധിയുടെ ഭാഗമായിരിക്കുന്നതിന് ആരാധനകളുടെ നിലവാരം ഉയർത്തിക്കൊണ്ടുപോകാനും സൗഭാഗ്യം നൽകുമാറാകട്ടെ.

ജുമുഅ നമസ്കാരത്തിനുശേഷം ഞാൻ ഒരു ജനാസയും നമസ്കരിപ്പിക്കുന്നതാണ്. (ജനാസ എത്തിയിട്ടുണ്ടല്ലോ?) അത് ചൗദരി മുഹമ്മദ് സുലയ്മാൻ അഖ്തർ സാഹിബിന്റെ മകൻ ചൗദരി ഹമീദ് സാഹിബിന്റേതാണ്. ഇദ്ദേഹം കഴിഞ്ഞ ഏഴെട്ട് വർഷമായി ഇവിടെ താമസിച്ചുവരികയായിരുന്നു. 2017 മെയ് 20-ന് 42-ാം വയസ്സിൽ കാൻസർ രോഗത്താൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായ ഹദ്റത്ത് ചൗദരി മൗലാ ബഖ്ഷ് സാഹിബിന്റെ പ്രപൗത്രനായിരുന്നു. തന്റെ കുടുംബത്തോടൊപ്പം 1990ൽ ഹിജ്റത്ത് ചെയ്ത് ജർമനിയിൽ വന്നു. അവിടേയും ജമാഅത്തിന് നല്ല സേവനങ്ങൾ ചെയ്തുകൊണ്ടിരുന്നു. അവിടെ ലോക്കൽ തബ്‌ലീഗ് സെക്രട്ടറിയായിരുന്നു. അതുപോലെതന്നെ മജ്‌ലിസിന്റെ ഖായിദുമായിരുന്നു. ഖുദ്ദാമുൽ അഹ്മദിയ്യ ജർമനിയുടെ മുഅ്ത്തമിദുമായിരുന്നു. ഇതിനുപുറമെ റീജിയണൽ ഇമാറത്തിൽ സെക്രട്ടറി ഉമൂറെആമയായും സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. പിന്നീട് ബോസ്നിയായിലെ ആദ്യത്തെ ജൽസയിൽ ജർമനിയുടെ പ്രതിനിധി എന്ന നിലയിൽ പങ്കെടുത്തു. കളികളോട് വളരെ താല്പര്യമുള്ളയാളായിരുന്നു. തബ്‌ലീഗ് സ്റ്റാളുകൾ വലിയ താല്പര്യത്തോടെയും ശ്രദ്ധയോടെയും സംഘടിപ്പിച്ചിരുന്നു. ചിലപ്പോൾ അദ്ദേഹത്തിന് ഒരു സഹായിയേയും കിട്ടിയിരുന്നില്ല. അപ്പോൾ ഒറ്റയ്ക്ക് ബുക്ക്സ്റ്റാൾ ഇടുമായിരുന്നു. 2009-ൽ ജർമനിയിൽനിന്ന് യു.കെയിൽ വന്നു. ഇവിടെ വന്നിട്ട് അത്ഫാലിന്റെ റീജിയണൽ നാസിം തഅ്ലീം എന്ന നിലയിൽ സേവനമനുഷ്ഠിച്ചു. തുടർന്ന് ഉന്നതമായ പൊസിഷനും കരസ്ഥമാക്കി. തന്റെ മജ്‌ലിസിലെ അത്ഫാലുകളെ വളരെ ഉയർന്നനിലയിൽ എത്തിച്ചു. ഞാൻ പറഞ്ഞതുപോലെ തബ്‌ലീഗ് ചെയ്യാൻ വളരെ താല്പര്യമായിരുന്നു. ഖുദ്ദാമുൽ അഹ്മദിയായിലും അൻസാറുല്ലായിലും വിവിധ നിലകളിൽ സ്ഥാനം വഹിക്കാനും തൗഫീഖ് കിട്ടിയിരുന്നു. പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫീസിൽ സ്ഥിരമായി ഇദ്ദേഹം സന്നദ്ധസേവകനായി പ്രവർത്തിച്ചിരുന്നു. ഞങ്ങളുടെ ഒരുപാട് കത്തുകൾ അയക്കുന്നതിന് സഹായിച്ചിരുന്നു. ഇതിനുപുറമെ ഖാദിം എന്ന നിലയിൽ സെക്യൂരിറ്റി ഡ്യൂട്ടികളും നല്കിയിരുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും ചില ഘട്ടങ്ങളിൽ അദ്ദേഹം മനസ്സിലാക്കിയിരുന്നത് താൻ ഒന്നും തന്നെ ചെയ്തിട്ടില്ല എന്നാണ്. ദിവസം മുഴുവൻ ഇവിടെ മസ്ജിദിന് അടുത്തുതന്നെയാണ് താമസിച്ചിരുന്നത്. സമയം കണ്ടെത്തി തന്റെ സ്വകാര്യ ജോലികളും ചെയ്തിരുന്നു. മണിക്കൂറുകളോളം പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫീസിലും ഇപ്രകാരംതന്നെ ഖുദ്ദാമിന്റെ ഡ്യൂട്ടികളും നൽകിയിരുന്നു. പരേതൻ മൂസിയായിരുന്നു. ദുഃഖാർത്തരായ കുടുംബാംഗങ്ങളിൽ ഭാര്യയ്ക്ക് പുറമെ ഒരു മകളും നാല് ആൺമക്കളുമുണ്ട്. ഇദ്ദേഹത്തിന്റെ പിതാവ് ജീവിച്ചിരിപ്പുണ്ട്. സഹോദരനുമുണ്ട്. അദ്ദേഹത്തിന്റെ പിതാവ് സുലയ്മാൻ അഖ്തർ സാഹിബ് എഴുതുന്നു: എന്റെ മകൻ വളരെ അനുസരണശാലിയായിരുന്നു. ചെറുപ്പം മുതലേ ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ മുഴുകിയിരുന്നു. സദാ സമയവും അവന്റെ മനസ്സിൽ ദീനിന്റെ സേവനത്തിനുള്ള വികാരം അലയടിച്ചിരുന്നു. സേവനം ചെയ്യാനുള്ള ഏതവസരം കൈവന്നാലും അത് അവൻ പൂർണമായും പ്രയോജനപ്പെടുത്തിയിരുന്നു. കുട്ടികളെ ജമാഅത്തായി നമസ്കരിപ്പിക്കുന്നതിന് മസ്ജിദിൽ കൊണ്ടുപോകുമായിരുന്നു. രോഗത്തിന്റെ ദിനങ്ങളിൽപോലും അല്പം ആശ്വാസം കിട്ടിയാൽ ഈ രീതിയിൽ പ്രവർത്തിക്കുകയും ചെയ്തു. അവസാനം തന്റെ രോഗത്തെ വളരെ തന്റേടത്തോടെ അദ്ദേഹം നേരിട്ടു. വീട്ടിൽ ഇരുന്നുകൊണ്ടും സെക്രട്ടറി വഖ്ഫെ നൗ എന്ന നിലയിൽ തന്റെ പ്രവൃത്തി ചെയ്തുകൊണ്ടിരുന്നു. ഇദ്ദേഹത്തിന്റെ ഭാര്യയും ഇത് എഴുതിയിട്ടുണ്ട്: കുട്ടികളോട് സുഹൃത്ത് ബന്ധമായിരുന്നു. അവരുടെ തർബിയ്യത്തിന്റെ കാര്യത്തിൽ എപ്പോഴും ശ്രദ്ധിച്ചിരുന്നു. ഞങ്ങളുടെ വിവാഹം കഴിഞ്ഞിട്ട് 15 വർഷം തികയുകയാണ്. പക്ഷേ ഇന്നുവരെ ഒരിക്കലും ശബ്ദമുയർത്തി സംസാരിച്ചിട്ടില്ല. ഇവിടെ യു.കെയിലെ മുഹത്തമിം മഖാമി എഴുതുന്നു: അഹ്മദിയ്യാ ഖിലാഫത്തിനോടും ജമാഅത്ത് വ്യവസ്ഥിതിയോടും ഉന്മത്തമായ സ്നേഹമായിരുന്നു. എപ്പോഴും ജമാഅത്തിന്റെ നേട്ടങ്ങളെ മുമ്പിൽ വെക്കുമായിരുന്നു. രണ്ടുമൂന്ന് പ്രാവശ്യം ഈ രോഗം കാരണത്താൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. പക്ഷേ, ആശ്വാസം കിട്ടിയാൽ ഉടനെ തന്റെ ജോലിക്കായി വരുമായിരുന്നു. ചിലപ്പോൾ രോഗിയാണെന്നുള്ള ബോധംതന്നെ ഉണ്ടാകുമായിരുന്നില്ല. തനിക്കുള്ള വിഷമം മസ്ജിദിൽ പോയി നമസ്കരിക്കാൻ കഴിയുന്നില്ലല്ലോ എന്നതാണെന്ന് രോഗത്തിന്റെ അവസാന നാളുകളിൽ അദ്ദേഹം പ്രകടിപ്പിച്ചിരുന്നു. ഇദ്ദേഹത്തിന്റെ ഒരു സുഹൃത്ത് എഴുതുന്നു: ടാക്സി ഓടിക്കാറുണ്ടായിരുന്നു. ടാക്സി സ്റ്റാന്റിൽ ഇദ്ദേഹത്തിന്റെ നമ്പർ ഒന്നാമത്തേതായിരുന്നു. അതിനുശേഷം എന്റേതും. നമസ്കാരത്തിനു സമയമായാൽ ഇദ്ദേഹം അവിടെനിന്ന് പൊയ്ക്കളയും. ഏതെങ്കിലും യാത്രക്കാർ വന്നാലോ എന്ന് കരുതി ഞാൻ അവിടെ നില്ക്കും. പക്ഷേ, ഉണ്ടായതെന്താണെന്നാൽ നമസ്കരിച്ചിട്ട് ഇദ്ദേഹം തിരിച്ചുവരുമ്പോൾ അദ്ദേഹത്തിനായിരിക്കും ആദ്യയാത്രക്കാരനെകിട്ടുക. ആ സമയംവരെ എനിക്ക് ആരേയും കിട്ടിയിരുന്നില്ല. അതിനുശേഷം ഭൗതികമായ ജോലികളേക്കാൾ ദീനിനുവേണ്ടി ത്യാഗം ചെയ്യണമെന്നുള്ള പാഠം എനിക്കും ലഭിച്ചു. ആരാധന എന്നത് അല്ലാഹുവിനോടുള്ള നിർബന്ധകടമ നിറവേറ്റലാണ്. അത് ആദ്യമേതന്നെ നിർവഹിക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഇദ്ദേഹം തന്റെ സുഹൃത്തുക്കൾക്ക് നിശ്ശബ്ദമായ നിലയിൽ ശിക്ഷണവും നല്കിയിരുന്നു.

എല്ലാവർക്കും പ്രയോജനപെടുക എന്നത് ഇദ്ദേഹത്തിന്റെ ഒരു പ്രത്യേക ഗുണമായിരുന്നു. ഇദ്ദേഹത്തിന്റെ ഒരു സുഹൃത്ത് എഴുതുന്നു: രാത്രി 2 മണിക്കും എന്തെങ്കിലും പണി ഏല്പിച്ചാൽ താൻ അത് ചെയ്യുമെന്ന് ഉടനെ പറയുമായിരുന്നു. അത്താഉൽ മുജീബ് റാശിദ് സാഹിബ് എഴുതുന്നു: തബ്‌ലീഗ് സ്റ്റാളിൽ പതിവായി പോകാറുണ്ടായിരുന്നു. മന്ദസ്മിതനായി എല്ലാവർക്കും സലാം പറഞ്ഞുകൊണ്ട് പ്രവർത്തിക്കുമായിരുന്നു. എന്നല്ല പറയുന്നു: ഒരിക്കൽ അദ്ദേഹത്തിന്റെ ഏതോ ഒരു സുഹൃത്തിനോട് അദ്ദേഹത്തിന്റെ അവസ്ഥ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, ഇന്ന് അദ്ദേഹത്തിന്റെ ആരോഗ്യം അല്പം നന്നായിരുന്നതുകൊണ്ട് അദ്ദേഹം തബ്‌ലീഗിനായി പുറപ്പെട്ടു എന്നാണ്. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. കാരുണ്യത്തോടും പൊറുക്കലോടുംകൂടി പെരുമാറട്ടെ. ഇദ്ദേഹത്തിന്റെ മക്കളേയും നല്ലവരും സ്വാലിഹികളുമാക്കട്ടെ. ഖിലാഫത്തുമായി എപ്പോഴും ബന്ധം നിലനിറുത്തുന്നവരാക്കട്ടെ. ഞാൻ പറഞ്ഞതുപോലെ നമസ്കാരത്തിനുശേഷം ഇദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിക്കുന്നതായിരിക്കും. ഞാൻ വെളിയിൽപോയാണ് നമസ്കരിപ്പിക്കുക. നിങ്ങൾ ഇവിടെതന്നെ അണിയായി നില്ക്കുക.

# ഖുത്ബ ജുമുഅ

**മറ്റൊരു റമളാൻ നമ്മുടെ ജീവിതത്തിൽ വരികയും റമളാൻ വരുന്നത് നിങ്ങൾ തഖ്‌വ അവലംബിക്കാനാണെന്ന് അല്ലാഹു പറയുകയും ചെയ്തിരിക്കുന്നത്. ഈ ജമാഅത്തിനെ അല്ലാഹു തഖ്‌വ സ്ഥാപിക്കുന്നതിനുവേണ്ടി രൂപീകരിച്ചിരിക്കുന്നു എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുമ്പോൾ അത് നമ്മളിൽ വലിയ ഉത്തരവാദിത്തമാണിടുന്നത്. നമ്മുടെ അവസ്ഥകളെ പരിശോധിച്ചുകൊണ്ടിരിക്കേണ്ടതാണ്. അല്ലാഹു തന്റെ പ്രത്യേകമായ അനുഗ്രഹത്താൽ ഈ ദിവസങ്ങളിൽ വെച്ചിരിക്കുന്നു. ഇതിൽ നിങ്ങളുടെ ഉള്ളിൽ ഇത്തരം മാറ്റങ്ങൾ വരുത്തുക. നിങ്ങളുടെ ഭക്തിയുടെ നിലവാരത്തെ ദൈവം നിങ്ങളിൽ ആഗ്രഹിക്കുന്നവിധത്തിൽ വർദ്ധിപ്പിക്കാൻ ശ്രമിക്കുക. പിന്നീട് റമളാനിൽ മാത്രം പരിമിതമായി നിൽക്കാതെ നിങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കുക. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ.**

**വിശുദ്ധ ഖുർആനും തിരുഹദീഥുകളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങളും ഉദ്ധരിച്ച് റമളാൻ മാസത്തിന്റെ പ്രാധാന്യവും അതിന്റെ ഉദ്ദേശ്യവും ലക്ഷ്യവും തഖ്‌വ കരസ്ഥമാകലും, അതിന്റെ നിലകളുടേയും തേട്ടങ്ങളുടേയും ചർച്ചകളും ജമാഅത്തംഗങ്ങൾക്ക് ഉപദേശവും**

**ബഹുമാന്യ മുഹമ്മദ് ഹുസയ്ൻ സാഹിബിന്റെ മകൻ ഖ്വാജാ അഹ്മദ് ഹുസൈൻ സാഹിബ് ദർവേശ് ഖാദിയാനെ കുറിച്ചുള്ള അനുസ്മരണവും ജനാസഗാഇബും.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**2017 ജൂൺ 02/1396 ഇഹ്സാൻ 02**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് മോർഡൻ ലണ്ടൻ(യു.കെ)**

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - اَلرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ - اِهْدِنَا

الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

يٰٓاَيُّهَا الَّذِيْنَ اٰمَنُوْا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِيْنَ مِنْ قَبْلِكُمْ لَعَلَّكُمْ

تَتَّقُوْنَ - (البقرة:184)

വിശ്വാസികളേ! നിങ്ങൾക്കു മുമ്പേയുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു; നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻവേണ്ടി. (2:184)

അൽഹംദുലില്ലാഹ് നമുക്ക് നമ്മുടെ ജീവിതത്തിൽ മറ്റൊരു റമളാൻ മാസത്തിലൂടെയും കടന്നു പോകാൻ ഭാഗ്യം സിദ്ധിച്ചുകൊണ്ടിരിക്കുകയാണ്. നബി(സ)തിരുമേനി ഒരവസരത്തിൽ പറഞ്ഞു: 'ജനങ്ങൾക്ക് റമളാനിന്റെ ശ്രേഷ്ഠതയെ കുറിച്ച് അറിവുണ്ടായിരുന്നെങ്കിൽ വർഷം മഴുവൻ റമളാൻ ആയിരുന്നെങ്കിലെന്ന് എന്റെ സമുദായം ആഗ്രഹിക്കുമായിരുന്നു.'അപ്പോൾ ഒരാൾ ചോദിച്ചു: 'അല്ലാഹുവിന്റെ നബിയേ! റമളാനിന്റെ ശ്രേഷ്ഠത എന്താണ്?' അവിടന്ന് പറഞ്ഞു: 'തീർച്ചയായും സ്വർഗം റമളാനുവേണ്ടി വർഷത്തിന്റെ തുടക്കം മുതൽ അവസാനം വരെ അണിയൊച്ചൊരുക്കപ്പെടുന്നു.' മുഅജമുൽ കബീർ വാള്യം 22 പേജ് 388-389 ഹദീഥ് 967 അബൂ മസ്ഊദുൽഗഫ്ഫാരി)

ഇപ്രകാരംതന്നെ ഹദ്റത്ത് അബൂഹുറയ്റ(റ) വിന്റെ മറ്റൊരു നിവേദനമുണ്ട്. അദ്ദേഹം പറഞ്ഞു. നബി(സ) തിരുമേനി പറഞ്ഞു: 'ഈമാനിന്റെ അവസ്ഥയിലും ആത്മപരിശോധന നടത്തിക്കൊണ്ടും ആരാണോ റമളാനിലെ നോമ്പ് അനുഷ്ഠിക്കുന്നത് അവന്റെ കഴിഞ്ഞ പാപങ്ങളെല്ലാം മാപ്പാക്കപ്പെടുന്നതാണ്. റമളാനിന്റെ ശ്രേഷ്ഠതകൾ എന്തൊക്കെയാണെന്ന് നിങ്ങൾക്കറിയാമായിരുന്നെങ്കിൽ വർഷം മുഴുവൻ റമളാനായിരുന്നെങ്കിലെന്ന് ആഗ്രഹിക്കുമായിരുന്നു.'

റമളാനിന്റെ ശ്രേഷ്ഠത മാസത്തിന്റെ ദിവസങ്ങളുമായിട്ടുള്ളതല്ല. ഒരു സമയം വരെ ഭക്ഷണപാനീയങ്ങൾ തടഞ്ഞു വെക്കുന്നതുമായിട്ടുമല്ല. ഇക്കാര്യത്തിന് മാത്രമായി വർഷം മുഴുവൻ ആരും തയ്യാറെടുക്കുകയുമില്ല. സ്വർഗത്തിനുവേണ്ടിയുള്ള തയ്യാറെടുപ്പും ഉണ്ടാകുകയില്ല. അതുകൊണ്ട് നബി(സ)തിരുമേനി മറ്റൊരു ഹദീഥിൽ വ്യക്തമായ നിലയിൽ പറഞ്ഞു: 'ഈമാനിന്റെ അവസ്ഥയിൽ നോമ്പ് പിടിക്കുകയും ആത്മപരിശോധന നടത്തിക്കൊണ്ട് തന്റെ ഇരവും പകലും റമളാനിൽ കഴിച്ചുകൂട്ടുകയും ചെയ്യുന്നതുകൊണ്ടു മാത്രമാണ് ഈ പദവി ലഭിക്കുന്നത്. ഈ അവസ്ഥ ഉണ്ടാകുമ്പോൾ ചെയ്തുപോയ പാപങ്ങളും മാപ്പാക്കപ്പെടുന്നു. മനുഷ്യൻ വിശ്വാസത്തിൽ അഭിവൃദ്ധിപ്പെടുകയും തന്റെ ആത്മാവിന്റെ കണക്കെടുക്കുകയും സ്വന്തം ബലഹീനതകളേയും കർമങ്ങളേയും നോക്കുകയും അല്ലാഹുവിനോടുള്ള കടമകളേയും മനുഷ്യരോടുള്ള കടമകളേയും കുറിച്ച് ചിന്തിക്കുകയും തന്റെ കർമങ്ങളെ അല്ലാഹുവിന്റെ തൃപ്തിക്കനുസരിച്ചാക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു. അപ്പോഴാണ് പാപങ്ങൾ പൊറുക്കപ്പെടുന്നത്. റമളാനിന്റെ നോമ്പുകളിൽനിന്ന് കരസ്ഥമാക്കേണ്ട ഉദ്ദേശ്യം അല്ലാഹു വിശുദ്ധ ഖുർആനിൽ വിശദീകരിച്ചതും ഇതുതന്നെയാണ്.

ഞാൻ ഓതിയ വചനത്തിലും ഇതാണ് പറയുന്നത്. നിങ്ങളിൽ നോമ്പ് നിർബന്ധമാക്കിയതും ഓരോ വർഷവും ഇതിനുവേണ്ടി റമളാൻ മാസം നിശ്ചയിക്കപ്പെട്ടതും നിങ്ങൾ തഖ്‌വ അഥവാ ഭക്തി മാർഗം കൈക്കൊള്ളാനാണ്. എന്താണ് തഖ്‌വ? എല്ലാ ജോലിയും അല്ലാഹുവിന്റെ തൃപ്തിക്കായി ചെയ്യുകതന്നെ! അപ്പോൾ നോമ്പുകളിൽനിന്ന് നിങ്ങൾ അനുഗ്രഹമെടുക്കുന്നവരും ശയ്ത്വാന്റെ ആക്രമണങ്ങളിൽനിന്ന് രക്ഷപ്പെടുന്നവരുമാകും. നിങ്ങൾ കലർപ്പില്ലാത്തവരായും അല്ലാഹുവിനോടുള്ള തഖ്‌വ സ്വീകരിച്ചുകൊണ്ടും നോമ്പ് പിടിച്ചാൽ അല്ലാഹുവിന്റെ അഭയത്തിൽ വരുന്നതാണ്. മനുഷ്യൻ അല്ലാഹുവിന്റെ അഭയത്തിൽ വരുമ്പോഴാണ് ശയ്ത്വാനിൽ നിന്ന് രക്ഷപ്പെടുന്നത്. ഇല്ലെങ്കിൽ ശയ്ത്വാന്റെ പരസ്യമായ ഒരു വെല്ലുവിളിയാണിത്. മനുഷ്യൻ അല്ലാഹുവിന്റെ അഭയത്തിൽ നിന്ന് അല്പം മാറിയാൽ ഉടനെ ശയ്ത്വാൻ അത് മുതലാക്കുന്നതാണ്. അതുകൊണ്ട് ഈമാനിൽ അഭിവൃദ്ധിയും ആത്മപരിശോധനയും തന്നെയാണ് മനുഷ്യനെ അല്ലാഹുവിന്റെ അഭയത്തിന്റെ പാത്രമാക്കുന്നത്. ഇതു സാധ്യമാകുന്നത് മനുഷ്യൻ ദൈവഭയത്തോടെ നടക്കുമ്പോഴാണ്.

ഈമാനിന്റെ അവസ്ഥയുടേയും തഖ്‌വായുടെ അവസ്ഥയുടേയും എന്ത് നിലവാരമാണ് വേണ്ടതെന്നും ഇതെങ്ങനെ കരസ്ഥമാക്കാൻ കഴിയുമെന്നും നമുക്ക് ശരിയായ നിലയിൽ പറഞ്ഞുതരാൻ കഴിയുന്നത് ഈ ജോലിക്കുവേണ്ടി അല്ലാഹു നിയോഗിച്ചിട്ടുള്ള ആൾക്കാണ്. ഇത് നബി(സ)തിരുമേനിയുടെ സത്യദാസനും കാലത്തിന്റെ ഇമാമും മുഖേന മാത്രമേ അറിയുവാൻ കഴിയുകയുള്ളൂ. ആ മഹാത്മാവിനെയാണ് ഈ പ്രവൃത്തിക്കുവേണ്ടി അല്ലാഹു അയച്ചിട്ടുള്ളത്. അവിടന്ന് തന്നെയാണ് ഈമാനെ വീണ്ടും ഭൂമിയിൽ കൊണ്ടുവന്ന് മനസ്സുകളിൽ തഖ്‌വയുണ്ടാക്കുന്നതിനും സ്ഥാപിക്കുന്നതിനുമുള്ള രീതികൾ പഠിപ്പിക്കേണ്ടിയിരുന്നത്! ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഗ്രന്ഥങ്ങളും ആ മഹാത്മാവിന്റെ വിവിധ മജ്‌ലിസുകളിലെ കാര്യങ്ങളും അവിടത്തെ നിർദ്ദേശങ്ങളും ഇതിലേക്ക് വിവിധ കോണുകളിലൂടെ നമുക്ക് മാർഗദർശനം നല്കുന്നു.

ഹദീഥിൽ വന്നിട്ടുള്ളതുപോലെ, നബി(സ) തിരുമേനി പറഞ്ഞു: ആരാണോ ഈമാനിന്റെ അവസ്ഥയിലും ആത്മപരിശോധന നടത്തിക്കൊണ്ടും നോമ്പു പിടിക്കുന്നത് അവന്റെ പാപം പൊറുക്കപ്പെടുന്നതാണ്. ഇതൊരു നിസാരകാര്യമല്ല.

അല്ലാഹുവിനെ തിരിച്ചറിയാത്തിടത്തോളം ഈമാനിന്റെ അവസ്ഥ ഉണ്ടാകുകയില്ലെന്നാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളോട് പറഞ്ഞത്. അവിടന്ന് പറഞ്ഞു: 'നമ്മൾ തരണം ചെയ്യേണ്ടതായ ഭാരമുള്ള ഘട്ടം എന്നു പറയുന്നത് അല്ലാഹുവിനെ തിരിച്ചറിയലാണ്. നമ്മുടെ ദൈവത്തെ തിരിച്ചറിയൽത്തന്നെ അപൂർണവും അവ്യക്തവും മങ്ങിയതുമാണെങ്കിൽ ഈമാനൊരിക്കലും പ്രകാശമാനവും തിളക്കമാർന്നതുമാകുകയില്ല. ദൈവത്തെ തിരിച്ചറിയുന്നതെങ്ങനെയാണ്? ഇത് അല്ലാഹുവിന്റെ റഹീമിയ്യത്ത് എന്ന ഗുണത്തിന്റെ ജ്യോതിസ്സിലൂടെ ആയിരിക്കും ഉണ്ടാകുന്നത്. ദൈവത്തെ തിരിച്ചറിയുന്നത് അല്ലാഹുവിന്റെ റഹീമിയ്യത്തിന്റെ സവിശേഷഗുണം വെളിപ്പെടുന്നതിലൂടെയും അല്ലാഹുമായി അത്തരം ബന്ധം ഉണ്ടാക്കുന്നതിലൂടേയുമാണ്. ഇതിലൂടെ അല്ലാഹുവിന്റെ റഹീമിയ്യത്തിന്റേയും ഫള്‌ലിന്റേയും ശക്തിപ്രഭാവത്തിന്റേയും സവിശേഷ ഗുണങ്ങൾ നമ്മുടെ അനുഭവത്തിലും വരുന്നതായിരിക്കും. ഇക്കാര്യങ്ങൾ അനുഭവവേദ്യമാകുന്നത് അല്ലാഹുവിനെ ആരാധിക്കുന്നതിന്റേയും അവനോടുള്ള ബന്ധത്തിന്റേയും അസാധാരണയായ പ്രകടനം ഉണ്ടാകുമ്പോഴാണ്. അവിടന്ന് പറഞ്ഞു: അല്ലാഹുവിന്റെ റഹീമിയ്യത്തിന്റേയും ഫള്‌ലിന്റേയും ശക്തിപ്രഭാവത്തിന്റേയും സവിശേഷ ഗുണങ്ങൾ നമ്മുടെ അനുഭവത്തിൽ വരുമ്പോൾ പിന്നീടത് ശാരീരികേച്ഛയിൽനിന്ന് വിടുവിക്കുന്നു. ശാരീരികേച്ഛകൾ ദുർബല ഈമാനും ദുർബല യഖീനുംകൊണ്ടാണ് ഉണ്ടാകുന്നത്. ഈമാൻ ദുർബലമല്ലെങ്കിൽ അല്ലാഹുവിലുള്ള യഖീൻ സമ്പൂർണമാണെങ്കിൽ ശാരീരികേച്ഛകളുണ്ടാകുകയില്ല. അവിടന്ന് പറഞ്ഞു:'ഈ ലോകത്തിലെ ആനന്ദങ്ങളും ഇതിലെ സ്വത്തുക്കളും ഇതിലെ സമ്പത്തുകളും എത്രത്തോളം മനുഷ്യർക്ക് പ്രിയപ്പെട്ടതാണോ അത്രത്തോളം പരലോക ജീവിതത്തിന്റെ അനുഗ്രഹങ്ങൾ അവന് പ്രിയപ്പെട്ടതല്ല.(അയ്യാമുസ്സുൽഹ് റൂഹാനീ ഖസായിൻ വാള്യം 14 പേജ് 244-245)

തനിക്ക് പരലോക ജീവിതത്തിലെ നിഅ്മത്തുകൾ പ്രിയങ്കരമാണെന്ന് മനുഷ്യൻ പറയുമ്പോൾ പറയുന്നതായിരിക്കും. പരലോക ജീവിതത്തിന്റെ അനുഗ്രഹങ്ങൾ അത്രമാത്രം പ്രിയപ്പെട്ടതായിരുന്നെങ്കിൽ അവ കരസ്ഥമാക്കുന്നതിനും ഭൗതികമായ സാധനങ്ങൾ കരസ്ഥമാക്കുന്നതിനു എത്ര പരിശ്രമിക്കുന്നുവോ എന്നല്ല അതിനേക്കാളുപരി പരിശ്രമമുണ്ടാകുമായിരുന്നു. ഇതിൽനിന്ന് അല്ലാഹുവിന്റെ ശക്തിപ്രഭാവത്തിലും കാരുണ്യത്തിലും

വാഗ്ദാനത്തിലും യഥാർഥ വിശ്വാസം ഇല്ലെന്ന് വ്യക്തമായി. ഇക്കാര്യത്തിന്റെ കണക്കെടുപ്പ് നടത്തേണ്ട ആവശ്യമുണ്ട്.

ഈ വിശദീകരണത്തിന് ശേഷംതന്നെയാണ് ഈമാൻ ഒരു നിസാരകാര്യമല്ലെന്നത് നല്ലവണ്ണം മനസ്സിലാക്കാൻ സാധിക്കുന്നത്. ഇത് വളരെ വലിയ കാര്യമാണ്. ഇത് നമുക്ക് നല്കപ്പെട്ടിരിക്കുന്ന വളരെ വലിയ ടാർഗറ്റ് ആണ്. വെറും മുപ്പത് ദിവസം നോമ്പ് പിടിക്കുന്നതിന് അല്ലെങ്കിൽ റമളാൻ മാസം വരുന്നതിന് തയ്യാറെടുപ്പുകൾ ഉണ്ടാകുകയില്ല. അതിനൊരു പ്രാധാന്യവുമില്ല. ഈ പ്രാധാന്യം വർധിക്കുന്നത് നമ്മുടെ ഈ എല്ലാ പരിശ്രമങ്ങളും ഈ മാസത്തിന്റെ പരിശീലനങ്ങൾകൊണ്ട് മുഴുവൻ വർഷത്തിന്റേയും കർമങ്ങളിൽ ഫലമുണ്ടാകുമ്പോഴാണ്. നബി (സ)തിരുമേനി രണ്ട് വാക്യങ്ങളിൽ മുഴുജീവിതത്തിന്റെയും പ്രവർത്തനരൂപരേഖ നമ്മുടെ മുമ്പിൽവച്ചുതന്നു. ഈമാനിന്റെ അവസ്ഥയിലാണ് നോമ്പ് പിടിക്കുന്നത് അതുകൊണ്ട് നമ്മുടെ മുഴുവൻ പാപങ്ങളും പൊറുക്കപ്പെടുമെന്ന് പറയുന്നത് മതിയായതല്ലെന്ന് നബി(സ)തിരുമേനി പറയുന്നു. ആത്മപരിശോധന നടത്തിക്കൊണ്ട് നോമ്പ് പിടിക്കാൻ നബി(സ) തിരുമേനി പറയുമ്പോൾ അതിന്റെ ഉദ്ദേശ്യം നിങ്ങളുടെ ഈമാനിനെ അല്ലാഹുവുമായുള്ള ബന്ധം വർധിപ്പിക്കുന്നതിനുള്ള ഉരകല്ലിൽവെച്ച് ഉരച്ചുനോക്കേണ്ടിവരുമെന്നാണ്. അത് അവന്റെ കല്പനകളനുസരിച്ച് കർമങ്ങൾ ചെയ്യുന്നതിനുള്ള ഉരകല്ലാണ്. അതുകൊണ്ട് നമ്മൾ അതനുസരിച്ച് കർമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നുണ്ടോ? എന്നാണ് നോക്കേണ്ടത്.

ഈമാനിന്റെ അവസ്ഥയും അത് ശരിയാക്കുന്ന രീതിയും വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരിടത്ത് പറയുന്നു:

'അല്ലാഹുവിലുള്ള വിശ്വാസം രണ്ടുതരത്തിലുണ്ട്. ഒന്ന് നാവിൽമാത്രം പരിമിതമായത്. അതിന്റെ സ്വാധീനം കർമങ്ങളിലോ പ്രവൃത്തികളിലോ ഉണ്ടാവുകയില്ല. (നാവുകൊണ്ടുള്ള വിശ്വാസം അതിന്റെ കർമ്മങ്ങളിലൂടെ പ്രകടമാകുകയില്ല). രണ്ടാമത്തെ തരം ദൈവവിശ്വാസത്തിനോടൊപ്പം കർമപരമായ സാക്ഷ്യങ്ങളുണ്ടാകും. ഈ രണ്ടാമത്തെ തരത്തിലുള്ള വിശ്വാസം ഉണ്ടാകാത്തിടത്തോളം ഒരു മനുഷ്യൻ ദൈവത്തെ വിശ്വസിക്കുന്നവനാണെന്ന് എനിക്ക് പറയാൻ സാധിക്കുകയില്ല. ഒരാൾ അല്ലാഹുവിൽ വിശ്വസിക്കുകയും എന്നിട്ട് പാപം ചെയ്തുകൊണ്ടേ പോകുകയും ചെയ്യുന്നത് എനിക്ക് മനസ്സിലാകുന്നില്ല. ലോകത്തിലെ ബഹുഭൂരിഭാഗമാളുകളും ആദ്യം പറഞ്ഞ തരത്തിലുള്ള വിശ്വാസക്കാരാണ്."

എനിക്ക് അറിയാം അക്കൂട്ടർ അല്ലാഹുവിനെ വിശ്വസിക്കുന്നുവെന്ന് പറയുന്നവരാണ്. എന്നാൽ, അവരത് പറയുന്നതോടൊപ്പം ലോകത്തെ മാലിന്യങ്ങളിലും അകപ്പെട്ടിരിക്കുന്നതായും പാപങ്ങളുടെ മലിനപ്രവൃത്തികളിൽ മുങ്ങിയവരായും ഞാൻ കാണുന്നു.' പറഞ്ഞു: അവനെ ഹാജരുള്ളവനും നിരീക്ഷകനുമായി വിശ്വസിച്ചിട്ടും ദൈവവിശ്വാസത്തിന്റെ പ്രത്യേകത ഉണ്ടാകാത്ത കാര്യമെന്താണ്? പറഞ്ഞു: നോക്കൂ, മനുഷ്യൻ താഴെക്കിടയിലുള്ള തോട്ടിയും ചെരുപ്പുകുത്തിയും നോക്കുന്നുണ്ടെന്ന് കണ്ടാൽത്തന്നെ അവന്റെ എന്തെങ്കിലും സാധനം എടുക്കാൻ ധൈര്യം കാണിക്കുകയില്ല. അപ്പോൾ അല്ലാഹുവിനെ വിശ്വസിക്കുന്നുവെന്ന് പറയുന്ന വ്യക്തി അല്ലാഹുവിനെ എതിർക്കുന്നതിലും അവന്റെ കല്പനകൾക്ക് വിരുദ്ധം പ്രവർത്തിക്കുന്നതിലും തന്റേടവും ധൈര്യവും കാണിക്കുന്നതെന്തിനാണ്? ലോകത്തിലെ അധികമാളുകളും തങ്ങളുടെ നാവുകൊണ്ട് ദൈവത്തിൽ വിശ്വസിക്കുന്നു എന്ന് പറയുന്നവരാണ്. ചിലർ പരമേശ്വരൻ എന്നു പറയുന്നു. ചിലർ ഗോഡ് എന്ന് പറയുന്നു. ചിലർ മറ്റു ചില പേരുകളും പറയുന്നു. അവരുടെ ഈ വിശ്വാസവും ഈ സമ്മതവും കർമപരമായി പരിശോധിക്കുകയാണെങ്കിൽ അത് കേവലം വാദം മാത്രമാണെന്നും അതിനോടൊപ്പം കർമപരമായ സാക്ഷ്യമൊന്നുമില്ലെന്നും പറയേണ്ടിവരും."

പറഞ്ഞു: ഏതൊന്നിലാണോ വിശ്വസിക്കുന്നത് അതിന്റെ നഷ്ടത്തിൽനിന്ന് രക്ഷപ്പെടുക എന്നതും അതിന്റെ നേട്ടത്തിൽനിന്ന് ഫലമെടുക്കുക എന്നതും മനുഷ്യപ്രകൃതിയിൽ ഇക്കാര്യം ഉള്ളതാണ്. നോക്കുക! പാഷാണം ഒരു വിഷമാണ്. അതിന്റെ ഒരംശംപോലും തന്നെ നശിപ്പിക്കാൻ മതിയായതാണെന്ന് അറിഞ്ഞാൽ അവൻ ഒരിക്കലും അതു തിന്നാൻ ധൈര്യം കാണിക്കുകയില്ല. കാരണം അത് തിന്നാൽ മരിക്കുമെന്ന് അവനറിയാം. പിന്നെ എന്തുകൊണ്ട് അവൻ ദൈവത്തെ വിശ്വസിച്ച് ദൈവവിശ്വാസത്തിന്റെ ഫലമായി കിട്ടുന്ന നേട്ടങ്ങൾ ഉണ്ടാക്കുന്നില്ല.' പറഞ്ഞു: പാഷാണം തിന്നാൽ അവന്റെ വികാരങ്ങളിലും ആവേശങ്ങളിലും മരണം സംഭവിക്കുമെന്ന വിശ്വാസപോലും അല്ലാഹുവിലില്ല. അതുകൊണ്ട് വാക്കാലുള്ള വിശ്വാസംമാത്രമാണുള്ളതെന്ന് പറയേണ്ടതായി വരും. വിശ്വാസത്തിന് ദൃഢവിശ്വാസത്തിന്റെ നിറം നല്കപ്പടാത്തിടത്തോളം അത് അവന്റെ ആത്മാവിനെ വഞ്ചിക്കുന്നതാണ്. (വിശ്വാസം ഉണ്ടെങ്കിൽ അവനിൽ സമ്പൂർണമായ ജ്ഞാനം ഉണ്ടാകേണ്ടതാണ്. അവന് ദൃഢവിശ്വാസത്തിന്റെ നിറം ലഭിക്കേണ്ടതാണ്. അവന് ദൃഢവിശ്വാസത്തിന്റെ നിറമില്ലാത്തതുകൊണ്ടാണ് ആത്മാവിനെ വഞ്ചിക്കുന്നുവെന്ന് പറഞ്ഞത്). ഞാൻ ദൈവത്തെ വിശ്വസിക്കുന്നുവെന്ന് പറയുന്നവൻ വഞ്ചിക്കപ്പെടുന്നു.' പറയുന്നു: 'അതിനാൽ മനുഷ്യന്റെ ആദ്യത്തെ നിർബന്ധകടമ തന്റെ വിശ്വാസത്തെ ശരിയാക്കുക എന്നതാണ്. അതായത് അല്ലാഹുവിലുള്ള വിശ്വാസത്തെ തന്റെ കർമങ്ങൾകൊണ്ട് സ്ഥാപിച്ചുകാണിക്കുക. അല്ലഹുവിന്റെ പ്രൗഢിക്കും അവന്റെ കല്പനകൾക്കും വിരുദ്ധമായിട്ടുള്ള ഒരു പ്രവൃത്തിയും അവനിൽനിന്നുണ്ടാകാൻ പാടില്ല.'(മൽഫൂദാത്ത് വാല്യം 4 പേജ് 312-313 1985 ലണ്ടൻ പതിപ്പ്)

അതിനാൽ ഇതാണ് ഒരു സത്യവിശ്വാസിയുടെ ആത്മപരിശോധനാരീതി. റമളാൻമാസത്തിൽ ഒരു പ്രത്യേക ചുറ്റുപാട് ഉണ്ടായിട്ടുണ്ടാകും. മറ്റുള്ളവരെ കണ്ടും ആരാധനകളിലേക്കും നന്മകളിലേക്കും ശ്രദ്ധയുണ്ടായിക്കൊണ്ടിരിക്കുന്നുണ്ടാകും. അത്തരം ചുറ്റുപാടിൽ ആരാധനകളിലേക്കും നന്മകളിലേക്കും ശ്രദ്ധ ചെലുത്തിക്കൊണ്ട്, തന്റെ കർമ്മങ്ങളിലേക്ക് ശ്രദ്ധിച്ചുകൊണ്ട് നമ്മുടെ ദൈവത്തിന്റെ മുമ്പിൽ കുനിഞ്ഞുകൊണ്ട് ചെയ്തുപോയ പാപങ്ങൾക്ക് മാപ്പ് ചോദിക്കേണ്ടതാണ്. അതുകഴിഞ്ഞാൽ ഈ റമളാനെ ഭാവിജീവിതത്തിന്റെ സുസ്ഥിരമായ ഭാഗമാക്കിത്തീർക്കേണ്ടതാണ്. അതിലെ ആരാധനകളും അതിലെ മാറ്റങ്ങളും അതിൽ മാപ്പാക്കപ്പെട്ട പാപങ്ങളും അല്ലെങ്കിൽ തുറക്കപ്പെട്ട സ്വർഗകവാടങ്ങളും എപ്പോഴും തുറന്നിരിക്കാൻ ശ്രമിക്കേണ്ടതാണ്. റമളാനിന്റെ അനുഗ്രഹങ്ങളിൽനിന്ന് ഫലമെടുക്കുന്നതിനുവേണ്ടി അങ്ങേയറ്റം വിനയത്തോടെ അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുനിഞ്ഞുകൊണ്ട് നമ്മൾ പരിശ്രമിക്കേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹം പ്രാപിച്ചുകൊണ്ടിരിക്കാൻ അവൻ നമ്മളെ അനുഗ്രഹിച്ചുകൊണ്ടിരിക്കുമാറാകട്ടെ. തഖ്‌വ കരസ്ഥമാക്കുക എന്ന ഉദ്ദേശ്യമാണ് നോമ്പിന്റേതായി അല്ലാഹു നമ്മുടെ മുമ്പിൽ വെച്ചിട്ടുള്ളത്. അതിന്റെ നിലവാരവും കരസ്ഥമാക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്.

തഖ്‌വയിൽ അഭിവൃദ്ധിപ്പെടാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവിധ മാർഗ്ഗങ്ങളിലൂടെ നമുക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട്. ഇതിനെ സംബന്ധിച്ചും ആ മഹാത്മാവിന്റെ ഉദ്ധരണിയിലൂടെ ചില കാര്യങ്ങൾ സമർപ്പിക്കുകയാണ്. ഭക്തിയിൽ അഭിവൃദ്ധിപ്പെടുമ്പോഴാണ് മനുഷ്യൻ വിശ്വാസപരമായി അഭിവൃദ്ധിപ്പെടുന്നത്. മുമ്പേ പറഞ്ഞുകഴിഞ്ഞിട്ടുള്ളതുപോലെ നബി(സ)തിരുമേനി വിശ്വാസത്തിന്റെ അവസ്ഥയിലും ആത്മപരിശോധന നടത്തിക്കൊണ്ടും റമളാൻ കഴിക്കുക എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം തഖ്‌വയിൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടും തന്റെ അവസ്ഥകളെ അല്ലാഹുവിന്റെ തൃപ്തിക്ക് വിധേയമാക്കിക്കൊണ്ടും ഈ ദിനങ്ങൾ ചെലവഴിക്കുക എന്നാണ്. അതിലൂടെ വിജയകരമായി കടന്നാൽ പിന്നീട് തഖ്‌വ ജീവിതത്തിന്റെ സുസ്ഥിരമായ ഭാഗമായിത്തീരും. തങ്ങളുടെ കർമപരമായ അവസ്ഥകളെ മനുഷ്യൻ കേവലം റമളാനിൽ മാത്രം ശരിയാക്കുകയില്ല. മറിച്ച് ഈ അനുഗ്രഹം തുടർന്നുകൊണ്ടുപോകുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ഭാഗത്തേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ടു പറഞ്ഞു: വിശുദ്ധഖുർആന്റേയും ഇസ്‌ലാമികാധ്യാപനത്തിന്റേയും ഉദ്ദേശ്യം തഖ്‌വ ഉണ്ടാക്കുക എന്നതായിരുന്നു. അത് നമുക്ക് ഇന്ന് കാണാൻ കഴിയുന്നില്ല. നോമ്പ് പിടിക്കുന്നുണ്ട്, നമസ്കരിക്കുന്നുണ്ട് പക്ഷേ തഖ്‌വയില്ലാത്ത കാരണത്താൽ ഇതേ നമസ്കാരങ്ങളും നോമ്പുകളും അവരെ പാപികളാക്കിക്കൊണ്ടിരിക്കുന്നു. ഇവർ ഇസ്‌ലാമിന്റെ പേരിൽ നമ്മൾ ഇന്ന് കാണുന്നതുപോലെ ഭീകരപ്രവർത്തനങ്ങൾ ചെയതുകൊണ്ടിരിക്കുന്നു. നിരപരാധികളെ കൊന്നുകൊണ്ടിരിക്കുന്നു. ഇതിന് കാരണം തഖ്‌വയില്ലായ്മയാണ്. നിത്യവും എന്തെങ്കിലുമൊക്കെ സംഭവങ്ങൾ മുസ്‌ലിംകളിൽനിന്ന് ഉണ്ടായിക്കൊണ്ടിരുക്കുന്നുണ്ട്. രണ്ട് ദിവസം മുമ്പേ അഫ്ഘാനിസ്ഥാനിലും അക്രമപരമായ നിലയിൽ നൂറുകണക്കിനാളുകളെ വധിക്കുകയുണ്ടായി. ഇക്കൂട്ടർക്ക് റമളാൻ എന്തെങ്കിലും ഫലം നൽകുമോ? അല്ലെങ്കിൽ ഇവർ റമളാന്റെ മാഹാത്മ്യം കരസ്ഥമാക്കുന്നവരാണോ? ഇതിൽനിന്ന് അനുഗ്രഹം പ്രാപിക്കുന്നവരാകുമോ? ഒരിക്കലുമില്ല. കാരണം ഇവർ അല്ലാഹുവിന്റെ കല്പനക്ക് വിരുദ്ധം പ്രവർത്തിക്കുന്ന ആളുകളാണ്. ഇവർ അല്ലാഹുവിന്റെ കല്പനയിൽനിന്ന് അകന്നുപോയിക്കൊണ്ടിരിക്കുന്നവരാണ്. ഇവർ തഖ്‌വയിൽനിന്ന കന്നവരാണ്. അതുകൊണ്ടാണിങ്ങനെ ചെയ്യുന്നത്. വിശുദ്ധഖുർആന്റെ അധ്യാപനമനുസരിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'തഖ്‌വ കൂടാതെയുള്ള നമസ്കാരങ്ങൾ നിഷ്ഫലവും നരകത്തിന്റെ താക്കോലുമാണ്. അതിലേക്ക് കൊണ്ടുപോകുന്നതാണ്.'(മൽഫൂദാത്ത് വാല്യം 4 പേജ് 48 1985 ലണ്ടൻ പതിപ്പ്)

തഖ്‌വ ഇല്ലാത്ത അത്തരക്കാർക്ക് റമളാൻ എങ്ങനെയാണ് ഫലം നൽകുക. അവർ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും പേരിൽ അക്രമം ചെയ്യുന്നവരാണ്. അവരൊരിക്കലും റമളാനിൽനിന്ന് അനുഗ്രഹം പ്രാപിക്കുന്നവരാകുകയില്ല. മറിച്ച്, അല്ലാഹുവിന്റെ പിടിത്തത്തിൽ വരുന്നതാണ്.

അതുകൊണ്ട് അത്തരം നേരത്ത് അക്രമത്തിന്റേയും ബലാൽക്കാരത്തിന്റേയും ഈ സംഭവങ്ങൾ കേൾക്കുകയും കാണുകയും ചെയ്യുമ്പോൾ അഹ്മദികളായ നമ്മൾ മുമ്പത്തേക്കാളുപരി ഇസ്തിഗ്ഫാർ ചെയ്തുകൊണ്ട്, അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട്, അതായത് അവൻ നമ്മെ ആ അക്രമികളിൽനിന്ന് വേർപെടുത്തി ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാൻ തൗഫിഖ് പ്രദാനം ചെയ്തതിന് നമ്മൾ നമ്മുടെ കർമ്മങ്ങളിൽ ദൃഷ്ടി വെക്കേണ്ടതാണ്. നമ്മുടെ ഈമാനെ ശക്തിപ്പെടുത്തുന്നതിന് ചിന്തിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവുമായി ചേരുന്നതിനുള്ള വഴികൾ കാണിച്ചുതന്നതിന് അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കേണ്ടതാണ്.

അവിടന്ന് പറഞ്ഞു: 'ഈമാന്റെ വേര് ഈശ്വരഭക്തിയും പരിശുദ്ധിയുമാണ്.' പറഞ്ഞു: 'അതിൽനിന്നാണ് വിശ്വാസം തുടങ്ങുന്നത്. അതുമുഖേനയാണ് അതിന്റെ സേചനം ആരംഭിക്കുന്നതും ശാരീരികമായ ഇച്ഛകൾ അമരുന്നതും. (മൽഫൂദാത്ത് വാല്യം 4 പേജ് 243 1985 ലണ്ടൻ പതിപ്പ്)

അതിനാൽ അവിടത്തെ ഈ നിർദ്ദേശത്തിൽനിന്ന് ഈമാൻ തഖ്‌വ കൂടാതെ ഉണ്ടാവുകയില്ലെന്ന കാര്യവും കൂടുതൽ വ്യക്തമായി തുറക്കപ്പെട്ടു. വിശ്വാസത്തിന്റെ വേര് തഖ്‌വ എന്നതു മാത്രമല്ല മറിച്ച്, വിശ്വാസത്തിന്റെ സംരക്ഷണവും പരിപാലനവും തഖ്‌വ കൂടാതെ ഉണ്ടാവുകയില്ല. തഖ്‌വ ഉണ്ടെങ്കിൽ കർമങ്ങൾ നല്ലതായിരിക്കും. കർമങ്ങൾ നല്ലതും അല്ലാഹുവിന്റെ തൃപ്തിക്കനുസരിച്ചുള്ളതുമാണെങ്കിൽ വിശ്വാസത്തിൽ അഭിവൃദ്ധിയുണ്ടാകുന്നതായിരിക്കും. ഇതിൽനിന്ന് റമളാനിന്റെ മാഹാത്മ്യത്തിന്റെ ഫലവും തഖ്‌വയിൽ വളരാതെ കണ്ട് ലഭിക്കുകയില്ലെന്ന് വ്യക്തമായി. തഖ്‌വ വർധിച്ചാൽ ഈമാൻ വർധിക്കും. ആത്മപരിശോധനയിലേക്ക് ശ്രദ്ധയുണ്ടാകും. ആത്മപരിശോധനയിലേക്ക് ശ്രദ്ധയുണ്ടാകുമ്പോൾ മനുഷ്യൻ തന്റെ കണക്കെടുപ്പ് നടത്തുമ്പോൾ ശാരീരികമായ ഇച്ഛകളും അമർന്നുപോകുന്നതായിരിക്കും. മുമ്പേ പറഞ്ഞുകഴിഞ്ഞിട്ടുള്ളതുപോലെ വിഷയേച്ഛകൾ അമരുന്നതും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിച്ചു

കൊണ്ട് അവന്റെ സാമീപ്യം നൽകുന്നു.

യഥാർഥ തവ്വയുടെ യാഥാർഥ്യം കൂടുതൽ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: യഥാർഥമായ തവ്വ -അതുകൊണ്ടാണ് മനുഷ്യൻ കഴുകപ്പെടുകയും നിർമലനാകുകയും ചെയ്യുന്നതും അതിനുവേണ്ടിയാണ് നബിമാർ ലോകത്ത് വരുന്നതും-ലോകത്തുനിന്ന് ഉർന്നുപോയി. ഖദ് അഫ്‌ലഹ മൻസക്കാഹാ(91:10) എന്നതിന്റെ പ്രതീകമായിട്ട് ആരെങ്കിലുമുണ്ടോ? പരിശുദ്ധിയും പവിത്രതയും നല്ല കാര്യമാണ്. മനുഷ്യൻ പരിശുദ്ധനും പവിത്രനുമാകുകയാണെങ്കിൽ മലക്കുകൾ അവന് ഹസ്തദാനം ചെയ്യുന്നതായിരിക്കും. ജനങ്ങളിൽ അവന് സ്ഥാനമൊന്നുമില്ല. അവന്റെ ആസ്വാദ്യത്തനുള്ള എല്ലാ ഓരോ വസ്തുവും അനുവദനീയമായ മാർഗ്ഗങ്ങളിലൂടെയാണ് അവന് കിട്ടിയതാണ്.'

(ജനങ്ങളിൽ തവ്വക്ക് വിലയുണ്ടെങ്കിൽ ഭൗതികമായ എന്ത് ആസ്വാദനങ്ങളും ലഭിച്ചാലും അവിടന്ന് പറഞ്ഞു, അതും നിങ്ങൾ അനുവദനീയമായ മാർഗ്ഗത്തിലൂടെ സമ്പാദിച്ചതാഇരിക്കണം. അനുവദനീയമല്ലാത്ത മാർഗ്ഗങ്ങളിലൂടെ ഉള്ളതായിരിക്കരുത്). പറഞ്ഞു: മോഷ്ടാവ് ധനം കിട്ടന്നതിനുവേണ്ടി മോഷ്ടിക്കുന്നു. പക്ഷേ അവൻ ക്ഷമിക്കുകയാണെങ്കിൽ അല്ലാഹു അവനെ മറ്റു വഴിയിലൂടെ സമ്പന്നനാക്കിയേക്കാം. ഇപ്രകാരം വ്യഭിചാരി വ്യഭിചരിക്കുന്നു. അവൻ ക്ഷമിക്കുകയാണെങ്കിൽ ഏതിലാണോ അവന് തൃപ്തിയുള്ളത് ആ വഴിയിലൂടെ അല്ലാഹു അവന്റെ ആഗ്രഹം പൂർത്തിയാക്കിയേക്കാം. അവിടന്ന് പറയുന്നു: ഹദീഥിൽ വന്നിരിക്കുന്നു. ഒരു മോഷ്ടാവും മോഷ്ടിക്കുകയില്ല; എന്നാൽ, അവൻ സത്യവിശ്വാസി അല്ലാത്ത അവസ്ഥയിൽ. ഒരു വ്യഭിചാരിയും വ്യഭിചരിക്കുകയില്ല; എന്നാൽ അവൻ സത്യവിശ്വാസിയല്ലാത്ത അവസ്ഥയിൽ.' (ഈമാനിന്റെ അവസ്ഥ അവസാനിക്കുമ്പോഴാണ് അത്തരം പ്രവൃത്തികൾ ഉണ്ടാകുന്നത്).അവിടന്ന് പറയുന്നു: ആടിന്റെ തലയിൽ സിംഹം കയറിനിന്നാൽ അതിന് പുല്ലും തിന്നാൻ പറ്റുകയില്ല. ഈ ആടിനുള്ള വിശ്വാസംപോലും ഇന്ന് മനുഷ്യരിലില്ല.'

എന്തെന്നാൽ മജ്‌ലിസിൽ ചർച്ച നടക്കുകയായിരുന്നു. അതുകൊണ്ട് ഇതേ കാര്യം പത്രത്തിൽ മറ്റൊരു സ്ഥലത്ത് ഇങ്ങനെ വിവരിക്കപ്പെട്ടിരിക്കുന്നു. അവിടന്ന് പറഞ്ഞു: ഹദീഥിൽ വന്നിരിക്കുന്നു ഒരു മോഷ്ടാവും മോഷ്ടിക്കുകയില്ല:അവൻ സത്യവിശ്വാസിയായിരിക്കെ. ഇത് തികച്ചും സത്യമായ കാര്യമാണ്. ആടിന്റെ തലയിൽ സിംഹം കയറിയിരുന്നാൽ അത് അനുവദനീയമായതുപോലും തിന്നാൻ മറന്നുപോകും. പിന്നീടല്ലേ അത് മറ്റൊരുവന്റെ വയലിൽ കയറാൻ പോകുന്നത്! ഇതേപ്രകാരം ദൈവഭയമുണ്ടെങ്കിൽ പാപംചെയ്യുക എന്നത് സംഭാവ്യമല്ല.'

പറയുന്നു: 'യഥാർഥ വേരും ഉദ്ദേശ്യവും തവ്വയാണ്. ആർക്കാണോ അത് നൽകപ്പെട്ടത് അവൻ എല്ലാം പ്രാപിക്കുന്നു. ഇതുകൂടാതെ മനുഷ്യൻ ചെറുതും വലുതുമായ പാപങ്ങളിൽനിന്ന് രക്ഷപ്പെടുക എന്നത് സംഭാവ്യമല്ല.' (വലിയ പാപങ്ങളിൽനിന്നും ചെറിയ പാപങ്ങളിൽനിന്നും രക്ഷപ്പെടുകയില്ല). മാനുഷികമായ ഭരണങ്ങളുടെ കല്പനകൾ പാപങ്ങളിൽനിന്ന് മനുഷ്യന് രക്ഷ നല്കുകയില്ല. ഭരണാധികാരികൾ ഒപ്പത്തിനൊപ്പം ചുറ്റിക്കറങ്ങുകയില്ലല്ലോ; അവരെ ഭയപ്പെടാൻ. മനുഷ്യൻ താൻ തനിച്ചാണെന്ന് വിചാരിച്ചാണ് പാപം ചെയ്യുന്നത്. അല്ലെങ്കിൽ അവൻ അങ്ങനെ ചെയ്യുകയില്ല. അവൻ തന്നെ ഏകനായി മനസ്സിലാക്കുമ്പോൾ ആ നേരത്ത് അവൻ നിരീശ്വരനായിത്തീരുന്നു. തന്നെ ഏകമാത്രനായി മനസ്സിലാക്കുമ്പോൾ ദൈവം ഇല്ലെന്നായിരിക്കും അവൻ മനസ്സിലാക്കുന്നത്. അതിന്റെ ഉദ്ദേശ്യം അവൻ നിരീശ്വരവാദിയാണെന്നാണ്. ആ നേരത്ത് തന്റെ ദൈവം തന്നോടൊപ്പമുണ്ടെന്നും അവൻ തന്നെ കാണുന്നുണ്ടെന്നും അവൻ വിചാരിക്കുകയില്ല. തന്റെ ദൈവം തന്നോടൊപ്പം ഉണ്ടെന്ന് മനസ്സിലാക്കുകയാണെങ്കിൽ ഒരിക്കലും പാപം ചെയ്യുകയില്ല. പറയുന്നു: തവ്വകൊണ്ടാണ് എല്ലാ കാര്യങ്ങളും ഉള്ളത്. എല്ലാ കാര്യങ്ങളും തവ്വയുമായി ബന്ധിതമാണ്. വിശുദ്ധഖുർആൻ തുടക്കം നടത്തിയത് *ഇയ്യാക്ക നഅ്ബ്ദു വഇയ്യാക്ക നസ്തഈൻ* എന്നതുകൊണ്ടാണ്. ഇതുകൊണ്ടുള്ള ഉദ്ദേശ്യവും തവ്വയാണ്. മനുഷ്യൻ കർമ്മം ചെയ്യുകയാണെങ്കിൽ ഭയന്നുകൊണ്ടായിരിക്കും. അതു താനുമായി ബന്ധപ്പെടുത്തി പറയാൻ അവന് തന്റേടമുണ്ടാകുകയില്ല. അതിനെ ദൈവത്തിന്റെ സഹായമായി കരുതുന്നു. പിന്നീട് അതുമുഖേന ഭാവിജീവിതത്തിനുവേണ്ടി സഹായം തേടുന്നു. ഇയ്യാക്ക നഅ്ബുദു നിന്നെ മാത്രം ആരാധിക്കുന്നുവെന്ന് മനുഷ്യൻ പറയുന്നു. കർമ്മം മനുഷ്യൻ സ്വയം ചെയ്തുകൊണ്ടിരിക്കുന്നു. പക്ഷേ, താനത് ചെയ്യുന്നുവെന്ന് അവൻ പറയുകയില്ല. അവൻ കർമങ്ങൾ ചെയ്തുകൊണ്ടേപോകുന്നു. ഇയാക്കനസ്തഈൻ എന്നു പറയുന്നു. അതായത് ഈ ആരാധനയും നിന്റെ സഹായം കാരണത്താലാണ് ചെയ്തുകൊണ്ടിരിക്കുന്നത്. നീ തൗഫീഖ് നൽകിക്കൊണ്ടിരുന്നില്ലെങ്കിൽ ആരാധന നടത്താൻ കഴിയുമായിരുന്നില്ല. പിന്നീട് ഭാവിയിലേക്ക് വേണ്ടിയും സഹായം തേടുന്നു. അതായത് ഭാവിയിലും ഇബാദത്ത് ചെയ്യാനുള്ള ഭാഗ്യം കിട്ടിക്കൊണ്ടിരിക്കാൻവേണ്ടി. അതിനാൽ ഇതാണ് തവ്വയുടെ നിലവാരം.

പിന്നീട് പറഞ്ഞു: മറ്റു രീതിയിലും ഹുദല്ലിൽമുത്തഖീൻ ആരംഭിക്കുന്നുണ്ട്. രണ്ടാമത്തെ സൂറത്തും ഹുദല്ലിൽ മുത്തഖീനിൽ ആരംഭിക്കുന്നുണ്ട്. അവിടന്ന് പറയുന്നു: നമസ്കാരം, നോമ്പ്, സക്കാത്ത് ഇതെല്ലാം സ്വീകരിക്കപ്പെടുന്നത് മനുഷ്യൻ മുത്തഖി ആയതുകൊണ്ടാണ്. തവ്വ ഉണ്ടെങ്കിൽ ഇക്കാര്യങ്ങൾ സ്വീകരിക്കപ്പെടുന്നു. തവ്വയില്ലെങ്കിൽ ഈ കാര്യങ്ങൾ സ്വീകാരാർഹമാകുകയില്ല. അവിടന്ന് പറയുന്നു: ആ നേരത്ത് അല്ലാഹു എല്ലാ പാപങ്ങളും എടുത്തുകളയുന്നു. അതായത് മനുഷ്യനെ പാപത്തിനുവേണ്ടി പ്രേരിപ്പിക്കുന്ന കാര്യങ്ങൾ. തവ്വ സമ്പൂർണമാണെങ്കിൽ പാപത്തിലേക്ക് പ്രേരണ ചെലുത്തികൊണ്ടുപോകുന്ന, പാപത്തിലേക്ക് വിളിക്കുന്ന എല്ലാ കാര്യങ്ങളും അല്ലാഹു പിന്നീട് അവസാനിപ്പിക്കുന്നു. പറയുന്നു: ഭാര്യയുടെ ആവശ്യമുണ്ടെങ്കിൽ ഭാര്യയെ നൽകുന്നു. മരുന്നിന് ആവശ്യമുണ്ടെങ്കിൽ മരുന്ന് നല്കുന്നു. എന്തൊന്നാണോ ആവശ്യമുള്ളത് അത് നൽകുന്നു. അവനറിയാത്ത വഴികളിലൂടെ ജീവിതവിഭവം നല്കുന്നു.

പിന്നീട് പറയുന്നു: മറ്റൊരു ആയത്ത് വിശുദ്ധഖുർആനിലുണ്ട്. *ഇന്നല്ലദീന ഖാലൂറബ്ബുനല്ലാഹു ഥുമ്മസ്തഖാമു തത്തനസ്സലു അലയ്ഹിമുൽ മലാഇക്കത്തു അല്ലാതഖാഫു വലാതഹ്സനു* (41:31)പറയുന്നു: 'ഇതുകൊണ്ടും ഉദ്ദേശിക്കുന്നത് മുത്തഖിയെയാണ്. അതായത് തങ്ങളുടെ റബ്ബ് അല്ലാഹുവാണെന്നു പറയുകയും പിന്നീട് സ്ഥിരചിത്തതയോടെ ആ വിശ്വാസത്തിൽ ഉറച്ചു നിലക്കുകയും അതായത് അല്ലാഹു തങ്ങളുടെ റബ്ബാണെന്നും അവനാണ് എല്ലാ ആവശ്യങ്ങളും പൂർത്തിയാക്കിത്തരുന്നുവനെന്നും അവനാണ് പരിപാലിക്കുന്നവനെന്നുമുള്ള വിശ്വാസത്തിൽ അടിയുറച്ചുനില്ക്കുകയും ചെയ്യുന്നവരുടെ മേൽ മലക്കുകൾ, ഭയപ്പെടേണ്ട കഴിഞ്ഞുകടന്നതിൽ ദുഃഖിക്കുകയുംവേണ്ട എന്നു പറഞ്ഞുകൊണ്ട് ഇറങ്ങുന്നതാണ്. കാരണം ഇപ്പോൾ നിങ്ങൾ തവ്വ അവലംബിച്ചിരിക്കുകയാണ്. അവിടന്ന് പറയുന്നു: ഇതുകൊണ്ടുദ്ദേശിക്കുന്നത് മുത്തഖിയെയാണ്. ഥുമ്മസ്തഖാമു അതായത് അവരുടെമേൽ ഭൂകമ്പം വന്നാൽ, പരീക്ഷണം വന്നാൽ, ശക്തമായ പൊടിക്കാറ്റ് വീശിയാലും അവൻ ചെയ്തിട്ടുള്ള ആ പ്രതിജ്ഞയിൽനിന്ന് പിന്തിരിയുകയില്ല. (അല്ലാഹുവിനോട് ചെയ്ത പ്രതിജ്ഞയിൽ ഉറച്ചുനില്ക്കുന്നതാണ്. 'ഓരോ വർഷവും റമളാൻ വരും, പിന്നീട് അതനുസരിച്ച് പ്രവർത്തിക്കും, തവ്വ കൈക്കൊള്ളും, ഒരു മാസത്തിൽ സ്വർഗ്ഗത്തിന്റെ കവാടങ്ങൾ തുറക്കപ്പെടും' എന്നൊന്നും പറഞ്ഞ് അവൻ പിന്മാറുകയില്ല. ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം നിബന്ധനയാണ്.) അവിടന്ന് പറയുന്നു: പിന്നീട് അല്ലാഹു പറയുന്നത് അവർ അങ്ങനെ ചെയ്തപ്പോഴും സത്യസന്ധതയും കൂറും കാണിച്ചപ്പോഴും അവർക്ക് ഈ പ്രതിഫലം കിട്ടി എന്നാണ്. തത്തനസ്സലു അലയ്ഹിമുൽ മലാഇക്കത്തു അവരുടെമേൽ മലക്കുകൾ ഇറങ്ങിക്കൊണ്ടാണ്. അതായത് അവരുടെമേൽ മലക്കുകൾ ഇറങ്ങി. ഭയപ്പെടേണ്ട, വേദനിക്കേണ്ട എന്ന് പറയുകയും ചെയ്തു." (ദുഃഖിക്കേണ്ട) നിങ്ങളുടെ ദൈവം സംരക്ഷകനാണ്. *വ അബ്ശിറൂ ബിൽ ജന്നത്തില്ലത്തീ കുന്തും തൂഅദൂൻ* (41:31)അവർക്ക് വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗ്ഗത്തിൽ സന്തോഷിക്കുക എന്ന് അവർക്ക് സുവാർത്ത നൽകപ്പെട്ടു.' പറയുന്നു: "സ്വർഗ്ഗംകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് ഐഹികലോകത്തെ സ്വർഗ്ഗമാണ്." (പരലോകത്തെ സ്വർഗ്ഗമല്ല. എന്നല്ല തവ്വയിലൂടെ നടക്കുന്നവരുടെ ഈ ജന്നത്തിനെ കുറിച്ച് വിശുദ്ധഖുർആനിൽ അല്ലാഹു സുവിശേഷം നൽകിക്കൊണ്ടിരിക്കുന്നു). പറയുന്നു: വലിമൻഖാഫ മഖാമ റബ്ബിഹീ ജന്നത്താൻ(55:47) പിന്നീട് പറയുന്നു: നഹ്നു ഔലിയാഉക്കും ഫിൽഹയാത്തിദ്ദുൻയാ വഫിൽആഖിറ(41:31) ഈ ലോകത്തും പരലോകത്തും നാം നിങ്ങളുടെ സംരക്ഷകനാണ്. നിങ്ങളുടെ ജാമ്യക്കാരനാണ്."(മൽഫൂദാത്ത് വാള്യം 4 പേജ് 251-253 1985 ലണ്ടൻ പതിപ്പ്)

സ്ഥിരചിത്തതയോടുകൂടി നന്മകളിൽ നിലയുറപ്പിക്കുന്നവരുടെ പാപം അല്ലാഹു മാപ്പാക്കുന്നു. ഇത് മാത്രമല്ല മറിച്ച്, അവരെ ദുൻയാവിന്റെ അനുഗ്രഹങ്ങൾകൊണ്ടും കടാക്ഷിക്കുന്നു. പരലോകത്തിലും സംരക്ഷകനാണ് ആഖിറത്തിലും ജാമ്യക്കാരനാണ്. റമളാനിൽ തങ്ങളുടെ അവസ്ഥകൾ മാറ്റിക്കൊണ്ട് സുസ്ഥിരമായ രീതിയിൽ അല്ലാഹുവിന്റെ കല്പനകളനുസരിച്ച് ജീവിക്കുകയും അതിന്റെ പരിശ്രമത്തിൽ ജീവിതം കഴിച്ചുകൂട്ടുകയും ചെയ്യുന്ന നമ്മളിലുള്ളവർ എത്ര ഭാഗ്യവാന്മാരാണ്.

തവ്വയും സ്ഥൈര്യവും സ്വായത്തമാക്കുന്നതിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) വീണ്ടും പറയുന്നു: ആദ്യകാലങ്ങളിൽ ഉണ്ടായിരുന്ന സത്യവാന്മാരായ മുസ്‌ലിംകൾക്ക് 'സ്വബർ' ചെയ്യേണ്ടതായി വന്നു. ആരംഭകാലത്ത് ഉള്ളവർക്ക് ക്ഷമ കൈക്കൊള്ളേണ്ടതായി വരുന്നു. സ്വഹാബിമാരിലും അത്തരം കാലം വന്നിരുന്നു. ഇലകൾ തിന്ന് ജീവിക്കേണ്ടിവന്നു. ചിലനേരത്ത് റൊട്ടിയുടെ കഷണങ്ങൾപോലും കിട്ടിയിരുന്നില്ല. അല്ലാഹു നന്മ ആഗ്രഹിക്കാത്തിടത്തോളം ഒരു മനുഷ്യനും ആരോടും നന്മ ചെയ്യാൻ സാധിക്കുകയില്ല. മനുഷ്യൻ ഭക്തി അവലംബിക്കുമ്പോൾ അല്ലാഹു അവനുവേണ്ടി കവാടങ്ങൾ തുറക്കുന്നു. *മൻയ്യത്തഖില്ലാഹ യജ്അല്ലഹു മഖ്റജൻ വ യർസുഖ്ഹു മൻ ഹയ്ഥു ല യഹ്തസിബ്* (65:3-4)"അല്ലാഹുവിൽ സത്യമായ വിശ്വാസം വെച്ചുപുലർത്തുക." (അവിടന്ന് പറയുന്നു: സത്യസന്ധമായി വിശ്വസിക്കുക. ഈ ആയത്തിന് രണ്ട് ഭാഗങ്ങളുണ്ട്. ഈ ആയത്തിന്റെ അർഥം ഇപ്രകാരമാണ്. ആരാണോ അല്ലാഹുവിനോടു തവ്വ കൈക്കൊള്ളുന്നത് അല്ലാഹു അവനുവേണ്ടി ഏതെങ്കിലും വഴി തുറന്നു കൊടുക്കുന്നതാണ്. അവിടെനിന്ന് അവന് ജീവിതവിഭവം നല്കുന്നതാണ്. *വ യർസുഖ്ഹു മൻ ഹയ്ഥു ല യഹ്തസിബ* അവൻ വിചാരിക്കാത്ത വഴിയിലൂടെ ജീവിതവിഭവം അവന് കിട്ടുന്നതാണ്.)അവിടന്ന് പറയുന്നു: 'അല്ലാഹുവിൽ സത്യസന്ധമായി വിശ്വസിക്കുക. അവനിൽനിന്ന് എല്ലാം ലഭിക്കുന്നതാണ്. ഉറച്ചുനിൽക്കേണ്ടതാണ്. നബിമാർക്ക് എത്രത്തോളം പദവികൾ കിട്ടിയിട്ടുണ്ടോ അതെല്ലാം ഇസ്തിഖാമത്തിലൂടെയാണ് ലഭിച്ചിട്ടുള്ളത്. പറഞ്ഞു: ശുഷ്കമായ നമസ്കാരങ്ങളും നോമ്പുകളും കൊണ്ട് എന്തുണ്ടാകാനാണ്?"(മൽഫൂദാത്ത് വാള്യം 4 പേജ് 204 1985 ലണ്ടൻ പതിപ്പ്) റമളാനിൽ കേവലം നമസ്കരിക്കുകയും നോമ്പു പിടിക്കുകയും ചെയ്യുന്നതുകൊണ്ട് ഒന്നും ലഭിക്കുകയില്ല. പതിവായി ചെയ്യുകയാണെങ്കിൽ എല്ലാ ലഭിക്കുന്നതാണ്.

അതിനാൽ, അല്ലാഹു നമ്മെ മുത്തഖിയാക്കാൻ ആഗ്രഹിക്കുന്നു; അവന്റെ കണക്കില്ലാത്ത അനുഗ്രഹങ്ങളുടെ കവാടങ്ങൾ നമ്മളിൽ തുറക്കുന്നതിനുവേണ്ടി. റമളാനിൽ പ്രത്യേകമായ നിലയിൽ തന്റെ അനുഗ്രഹങ്ങളുടെ കവാടങ്ങൾ തവ്വ അവലംബിക്കുന്നവർക്കുവേണ്ടി അവൻ തുറക്കുന്നു.

മുത്തഖിയാകുന്നതിന് വെറും തിന്മകൾ ഉപേക്ഷിച്ചാൽ പോരാ, പ്രത്യുത നന്മകളും ചെയ്യേണ്ടതാണ്. ഇത് വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: മുത്തഖിയാകുന്നതിന് അത്യാവശ്യമായിട്ടുള്ളത് വ്യഭിചാരം, മോഷണം, അവകാശധ്വംസനം പ്രദർശനപരത തുടങ്ങിയ തടിച്ച കാര്യങ്ങൾ ഉപേക്ഷിച്ചാൽപോരാ, ദുഷ്സ്വഭാവങ്ങളിൽനിന്ന് പിന്മാറി അവയ്ക്കെതിരിൽ ശ്രേഷ്ഠമായ സ്വഭാവങ്ങളിൽ അഭിവൃദ്ധിപ്പെടുകയും വേണം. തരംതാണ ദുസ്വഭാവങ്ങളിൽനിന്ന് രക്ഷപ്പെടുകയും സൽസ്വ

ഭാവങ്ങളിൽ അഭിവൃദ്ധിപ്പെടുകയും ചെയ്യുക. ഇത് നിർബന്ധമായ നിബന്ധനയാണ്. ആളുകളോട് സന്തോഷത്തോടുകൂടിയും സഹതാപത്തോടുകൂടിയും പെരുമാറുക. അല്ലാഹുവിനോട് സത്യസന്ധമായ കൂറും സത്യതയും കാണിക്കുക. സേവനങ്ങളുടെ സ്തുത്യർഹമായ സ്ഥാനം അന്വേഷിക്കുക. സ്തുത്യർഹമായ നന്മകളും സേവനങ്ങളും ചെയ്യുക. അസാധാരണമായിട്ടുള്ള തഖ്‌വയുടെ നിലവാരം അപ്പോഴാണ് ലഭിക്കുന്നത്. നിസ്വാർഥരായിക്കൊണ്ട് മറ്റുള്ളവരോട് നന്മകൾ ചെയ്യുക. അല്ലാഹുവിനോടുള്ള കടമകളും സൃഷ്ടികളോടുള്ള കടമകളും ഉന്നതമായ നിലയിലും പദവിയിലുമുള്ളതായിരിക്കണം. അത് സ്തുത്യർഹമായിരിക്കണം. പറഞ്ഞു: ഇക്കാര്യങ്ങളാലാണ് മനുഷ്യൻ മുത്തഖി എന്നു പറയപ്പെടുന്നത്. ഇക്കാര്യങ്ങളെല്ലാം അടങ്ങിയ ആളുകളാണ്, ഇക്കാര്യങ്ങളെല്ലാം സമാഹൃതമായിട്ടുള്ള ആളുകളാണ് യഥാർഥ മുത്തഖികൾ. അതായത് മൊത്തത്തിലുള്ള സൽസ്വഭാവങ്ങൾ ഒരു വ്യക്തിയിൽ ഉണ്ടായാൽ അവനെയാണ് മുത്തഖി എന്ന് പറയുന്നു. അത്തരം വ്യക്തികൾക്കു വേണ്ടിയാണ് അവർക്കൊരു ഭയവുമില്ല, അവർ വ്യസനിക്കുകയുമില്ല എന്നു പറഞ്ഞിട്ടുള്ളത്. ഓരോ വ്യക്തിയിൽ ഓരോ സൽസ്വഭാവം ഉണ്ടായാൽ അവനെ മുത്തഖി എന്നു പറയുകയില്ല. അതിനുശേഷം അവർക്ക് എന്താണ് വേണ്ടത്. അല്ലാഹു അത്തരക്കാരുടെ സംരക്ഷകനായിത്തീരുന്നു; *വ ഹുവ യത്തവല്ലസ്സാലിഹീൻ* എന്നു പറഞ്ഞതുപോലെ. അല്ലാഹു അവൻ പിടിക്കുന്ന കൈയാകുമെന്നും അവൻ കാണുന്ന കണ്ണാകുമെന്നും അവൻ കേൾക്കുന്ന ചെവിയാകുമെന്നും അവൻ നടക്കുന്ന കാലാകുമെന്നും ഹഥീദ് ശരീഫിൽ വന്നിരിക്കുന്നു. മറ്റൊരു ഹദീഥിൽ ഉണ്ട് ആരാണോ എന്റെ വലിയോട് ശത്രുത കാണിക്കുന്നത് ഞാൻ അവനോട് പറയുന്നു, 'എന്നെ നേരിടാൻ നീ തയ്യാറായിക്കൊള്ളുക.' മറ്റൊരു ഹദീഥിൽ പറയുന്നു. ആരാണോ അല്ലാഹുവിന്റെ വൊലിയുടെമേൽ ആക്രമണം നടത്തുന്നത്, കുട്ടി തട്ടിപ്പറിച്ചെടുക്കപ്പെട്ട പെൺസിംഹം കോപത്തോടെ ചാടിവീഴുന്നതുപോലെ അവന്റെ മേൽ ചാടിവീഴുന്നതാണെന്ന് അല്ലാഹു പറയുന്നു.'(മൽഫൂദാത്ത് വാല്യം 4 പേജ് 400-401)

പിന്നീട് തഖ്‌വയുടെ പ്രാധാന്യവും ദൈവനിയോഗിതന്റെ ഉദ്ദേശ്യവും വിശദീകരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: 'ഞാൻ നിയമിക്കപ്പെട്ടിരിക്കുന്നത് അല്ലാഹു തഖ്‌വയുടെ മൈതാനം കാലിയായി കിടക്കുന്നത് കണ്ട് തഖ്‌വ ഉണ്ടാക്കാൻ വേണ്ടിയാണ്. വാളെടുക്കാൻ വേണ്ടിയല്ല. ഇത് നിഷിദ്ധമാണ്. നിങ്ങൾ തഖ്‌വ അവലംബിക്കുന്നവരാണെങ്കിൽ ലോകം മുഴുവനും നിങ്ങളോടൊപ്പമുണ്ടാകും. അതുകൊണ്ട് തഖ്‌വ ഉണ്ടാക്കുക. ആരാണോ മദ്യം കുടിക്കുന്നത് ഏതൊരു കൂട്ടരുടെ മതത്തിന്റെ ചിഹ്നത്തിൽ മദ്യം മഹത്തായ ഭാഗമാണോ അവർക്ക് തഖ്‌വയുമായി ഒരു ബന്ധവുമുണ്ടാവുകയില്ല. അത്തരക്കാർ നന്മയോട് പോരാടുകയാണ് ചെയ്യുന്നത്. അതിനാൽ അല്ലാഹു നമ്മുടെ ജമാഅത്തിന് തൗഫീഖ് നല്കുമാറാകട്ടെ. അവർ തിന്മകളോട് പോരാടുന്നവരാകാൻ. തഖ്‌വയുടേയും പരിശുദ്ധിയുടേയും രംഗത്ത് അഭിവൃദ്ധിപ്പെടാൻ. ഇതുതന്നെയാണ് വലിയ വിജയം. ഇതിനേക്കാളുപരി സ്വാധീനമുണ്ടാക്കുന്ന ഒരു കാര്യവുമില്ല.' പറഞ്ഞു: 'ഇപ്പോൾ മുഴുവൻ ലോകത്തേയും മതങ്ങളേയും നോക്കുക. യഥാർത്ഥ ഉദ്ദേശ്യമെന്നു പറയുന്നത് ദൈവഭക്തിയാണ്. എന്നാൽ ദുനിയാവിലെ ആഗ്രഹങ്ങളെ ദൈവമാക്കപ്പെട്ടു. യഥാർത്ഥ ദൈവം മറഞ്ഞുപോയി. സത്യവാനായ ദൈവത്തെ നിന്ദിക്കുന്നു. ഇപ്പോൾ ദൈവം ആഗ്രഹിക്കുന്നത് അവൻ സ്വയം വിശ്വസിക്കപ്പെടണമെന്നാണ്. ലോകത്തിന് അവനെക്കുറിച്ച് അറിവുണ്ടാകണം. ആരാണോ ലോകത്തെ ദൈവമായി മനസ്സിലാക്കുന്നത് അത് ഭരമേല്പിക്കാൻ പറ്റിയതാവുകയില്ല.'(മൽഫൂദാത്ത് വാല്യം 4 പേജ് 357 -358)

പിന്നീട് അവിടന്ന് നമ്മെ ഉപദേശിച്ചുകൊണ്ട് പറയുന്നു ആരാണോ ബയ്അത്ത് ചെയ്ത് ദൈവത്തിന്റെ പിടുത്തത്തിൽനിന്ന് രക്ഷപ്പെടണമെന്നാഗ്രഹിക്കുന്നത് അവൻ തെറ്റാണ് ചെയ്യുന്നത്. അവരുടെ ആത്മാവ് അവരെ വഞ്ചിച്ചിരിക്കുന്നു. നോക്കൂ, വൈദ്യൻ ഏതൊരു അളവിലാണോ രോഗിക്ക് മരുന്ന് കുടിക്കാൻ കൊടുക്കുന്നത് അവൻ ആ അളവിൽ കുടിക്കുന്നില്ലെങ്കിൽ അവന് രോഗശമനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നത് നിരർത്ഥമാണ്. അതുകൊണ്ട് ആ പരിധിവരെ പരിശുദ്ധിയാർജ്ജിക്കുക. തഖ്‌വ അവലംബിക്കുക. അത് ദൈവത്തിന്റെ കോപത്തിൽനിന്ന് രക്ഷിക്കുന്നതായിരിക്കും. പറഞ്ഞു പശ്ചാത്തപിച്ചുമടങ്ങുന്നവരുടെമേൽ അല്ലാഹു കരുണ ചെയ്യുന്നു. അങ്ങനെ അല്ലായിരുന്നെങ്കിൽ ലോകം അന്ധകാരമാകുമായിരുന്നു. മനുഷ്യൻ മുത്തഖിയാകുമ്പോൾ അല്ലാഹു അവനിലും അവന്റെ എതിരിലുള്ളവരിലും വ്യത്യാസം വെക്കുന്നതാണ്.'

അവിടന്ന് പറഞ്ഞു:'നമ്മുടെ ജമാഅത്ത് ഭയപ്പെടേണ്ടതാണ്. ആരിലെങ്കിലും അല്ലാഹു ഉദ്ദേശിക്കുന്നതുപോലെ ഭക്തിയുണ്ടെങ്കിൽ അവൻ രക്ഷിക്കപ്പെടും. പറഞ്ഞു ഈ ജമാഅത്തിനെ അല്ലാഹു തഖ്‌വയ്ക്കുവേണ്ടി നിലനിർത്തിയിരിക്കുന്നു. കാരണം തഖ്‌വയുടെ മൈതാനം തികച്ചും കാലിയാണ്.'(മൽഫൂദാത്ത് വാല്യം 4 പേജ് 361-363)

അതിനാൽ മറ്റൊരു റമളാൻ നമ്മുടെ ജീവിതത്തിൽ വരികയും റമളാൻ വരുന്നത് നിങ്ങൾ തഖ്‌വ അവലംബിക്കാനാണെന്ന് അല്ലാഹു പറയുകയും ചെയ്തിരിക്കുന്നത്. ഈ ജമാഅത്തിനെ അല്ലാഹു തഖ്‌വ സ്ഥാപിക്കുന്നതിനുവേണ്ടി രൂപീകരിച്ചിരിക്കുന്നു എന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുമ്പോൾ അത് നമ്മളിൽ വലിയ ഉത്തരവാദിത്തമാണിടുന്നത്. നമ്മുടെ അവസ്ഥകളെ പരിശോധിച്ചുകൊണ്ടിരിക്കേണ്ടതാണ്. അല്ലാഹു തന്റെ പ്രത്യേകമായ അനുഗ്രഹത്താൽ ഈ ദിവസങ്ങളിൽ വെച്ചിരിക്കുന്നു. ഇതിൽ നിങ്ങളുടെ ഉള്ളിൽ ഇത്തരം മാറ്റങ്ങൾ വരുത്തുക. നിങ്ങളുടെ ഭക്തിയുടെ നിലവാരത്തെ ദൈവം നിങ്ങളിൽ ആഗ്രഹിക്കുന്നവിധത്തിൽ വർദ്ധിപ്പിക്കാൻ ശ്രമിക്കുക. പിന്നീട് റമളാനിൽ മാത്രം പരിമിതമായി നിൽക്കാതെ നിങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കുക. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ഒരു ജനാസ ഗായിബും നമസ്കരിപ്പിക്കുന്നതാണ്. മുഹമ്മദ് ഹുസയ്ൻ സാഹിബിന്റെ മകൻ ഖാജാ അഹ്മദ് ഹുസൈൻ സാഹിബ് ദർവേശ് ഖാദിയാന്റെ ജനാസയാണിത്. 2017 മെയ് 31ന് 92-ാമത്തെ വയസ്സിൽ അദ്ദേഹം വഫാത്തായി. ഇന്നാലില്ലാഹിവ ഇന്നാഇലയ്ഹി റാജിഊൻ. 1926ൽ ഖാദിയാനടുത്തുള്ള സിക്കുവാ ഗ്രാമത്തിലാണ് അദ്ദേഹം ജനിച്ചത്. അദ്ദേഹത്തിന്റെ മാതാമഹൻ ഹദ്റത്ത് മിയാൻ ഇമാമുദ്ദീൻ സാഹിബും അദ്ദേഹത്തിന്റെ രണ്ട് സഹോദരന്മാർ മിയാൻ നിസാമുദ്ദീൻ സാഹിബും മിയാ ഖയ്റുദ്ദീൻ സാഹിബും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹാബിമാരായിരുന്നു. ഖാജാ അഹ്മദ് ഹുസൈൻ സാഹിബിന്റെ കുട്ടിക്കാലം അങ്ങേയറ്റം ദാരിദ്ര്യത്തിലായിരുന്നു കഴിഞ്ഞിരുന്നത്. ഒമ്പതാമത്തെ വയസ്സിൽ തന്റെ കുടുംബംത്തോടൊപ്പം ഖാദിയാനിൽവന്നു താമസിച്ചു. മോശമായ പരിതസ്ഥിതി കാരണത്താൽ വിദ്യാഭ്യാസം കരസ്ഥമാക്കാൻ സാധിച്ചിരുന്നില്ല. പക്ഷേ, കുട്ടിക്കാലത്ത് പഠിക്കാൻ വളരെ താല്പര്യമായിരുന്നു. വ്യക്തിപരമായ ശ്രമത്താൽ വിശുദ്ധ ഖുർആൻ വായിക്കാൻ പഠിച്ചു. പിന്നീട് ഖാദിയാനിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ന്റെ മജ്‌ലിസെ ഇർഫാനിൽ പങ്കെടുക്കാൻ തുടങ്ങി. അവിടെ നിന്ന് തന്റെ അറിവ് വളരെ വർദ്ധിപ്പിച്ചു. വിഭജനകാലത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(അ)ന്റെ ആഹ്വാനത്തിൽ തന്റെ മാതാപിതാക്കളോട് ആലോചിച്ച് ഖാദിയാനിൽ താമസിക്കാൻ ഇഷ്ടപ്പെട്ടു. ദർഫേശി ജീവിതം സ്വീകരിച്ചു. ജമാഅത്തിന്റെമേൽ ദർവേശുമാർക്ക് ജീവിക്കാനുള്ള അലൗൺസ് കൊടുക്കാൻ അഞ്ചുമന്റെ കൈയിൽ പൈസ ഇല്ലാതിരുന്ന ഒരു കാലവും വന്നു. വരുമാനമാർഗ്ഗങ്ങൾ പരിമിതമായപ്പോൾ ജോലികൾ അറിയുന്ന ചില ദർവേശുമാരോട് വെളിയിൽപോയി ജോലി അന്വേഷിക്കാൻ നിർദ്ദേശിക്കപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ ജോലി അറിയുന്ന അദ്ദേഹം 1953 മുതൽ 1962 വരെ ദക്ഷിണേന്ത്യയിൽ താമസിക്കുന്നതിനിടെ തന്റെ നിത്യജീവിതത്തിനുള്ള വക സ്വയം കണ്ടെത്തിയിരുന്നു. പിന്നീട് തിരിച്ചു ഖാദിയാനിൽ വന്നു. സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ വിവിധ ഓഫീസുകളിൽ അദ്ദേഹത്തിന് സേവനം ചെയ്യാൻ തൗഫീഖ് കിട്ടിക്കൊണ്ടിരുന്നു. 1989ൽ അദ്ദേഹം റിട്ടയർഡായി. ജമാഅത്തുപരമായ സേവനങ്ങൾക്കൊപ്പം ഖാദിയാനിൽ മസ്ജിദ് മുബാറക്കിന്റെ ഗെയിറ്റിനടുത്ത് തന്റെ ഒരു കടയും തുറന്നു. അദ്ദേഹം തുന്നൽവേല തുടങ്ങി. നമസ്കാരങ്ങൾ പാലിക്കുന്നയാളും തഹജ്ജുദ് നമസ്കാരം നിർവ്വഹിക്കുന്നയാളും സൽസ്വഭാവിയുമായിരുന്നു. 2005ൽ ഇവിടെ യുകെ ജൽസയിലും പങ്കെടുക്കാൻ തൗഫീഖ് കിട്ടി. ഹദ്റത്ത് ഖലീഫത്തുൽ സാനി(റ)യുടെ കാലംമുതൽ ഖിലാഫത്തെ ഖാമിസാവരെ നാല് ഖിലാഫത്തുകളേയും കാണുന്നതിനുള്ള തൗഫീഖ് കിട്ടി. തന്റെ ജോലിയാക്കെ സ്വയം ചെയ്യുന്ന ശീലമായിരുന്നു. കുട്ടികളെ എപ്പോഴും ഖിലാഫത്തുമായി ബന്ധപ്പെട്ടുനില്ക്കാൻ ഉപദേശിക്കുമായിരുന്നു. അദ്ദേഹത്തിന്റെ ആദ്യവിവാഹം അദ്ദേഹത്തിന്റെ ബന്ധുക്കളിലാണ് നടന്നത്. ജമാഅത്തിന്റെ കല്പന പാക്കിസ്ഥാനിലേക്ക് സ്ത്രീകളെയെല്ലാം അയക്കാനായിരുന്നു. 1946-ൽ ഈ ആദ്യവിവാഹം നടന്നത്. തന്റെ ഭാര്യയെ അദ്ദേഹം പാക്കിസ്ഥാനിലേക്ക് അയച്ചു. അവരുടെ മാതാവ് അനഹ്മദിയായിരുന്നു. അവർ ഇവർക്ക് ശരിയായ സഹായം നൽകിയില്ല. അവിടെ വെച്ച് ആ ബന്ധം അവസാനിച്ചു. 1953ൽ അദ്ദേഹം രണ്ടാമത് ഹൈദരാബാദ് ഡക്കണിൽ ഒരു സ്ത്രീയെ ഹമീദാബീഗം വിവാഹം ചെയ്തു. അവരിൽ അദ്ദേഹത്തിന് 4 പെൺകുട്ടികളും ഒരു മകനുമുണ്ട്. അദ്ദേഹത്തിന്റെ മകൻ ഖാജാ ബശീർ അഹ്മദ് സാഹിബ് ഹെഡ്മാസ്റ്ററാണ്. ഖാദിയാൻ തഅ്‌ലിമുൽ ഇസ്‌ലാം സ്കൂളിൽ. അവരുടെ ഒരു മകൾ സലീമ ഖമർ സാഹിബ നസീർ അഹ്മദ് ഖമർ സാഹിബ് അഡീഷണൽ വക്കീലെ ഇശാഅത്ത് ലണ്ടന്റെ ഭാര്യയാണ്. ഇപ്രകാരംതന്നെ മറ്റൊരു മരുമകനും ഹഫീദ് ബഹീ സാഹിബ് ഖാദിയാനിൽ ജമാഅത്തിന് സേവനം ചെയ്തുകൊണ്ടിരിക്കുന്നു. നസീർ കമർ സാഹിബിന്റെ ഭാര്യ എഴുതുന്നു അദ്ദേഹം നിരവധി സൽസ്വഭാവങ്ങളുടെ ഉടമയായിരുന്നു. ദുആ ചെയ്യുന്നയാളും ലളിതസ്വഭാവിയും സൽപെരുമാറ്റമുള്ളയാളും ഖിലാഫത്തിൽ ലയിച്ച വ്യക്തിയും അങ്ങേയറ്റം മാന്യദേഹവുമായിരുന്നു. മകൾ പറയുന്നു ഞാൻ വിവാഹം കഴിച്ച് റബ്‌വയിൽ പോകുമ്പോൾ എന്നോട് പറഞ്ഞു, ഞാൻ അല്പം വിഷമത്തിലായിരുന്നു. വിഷമിക്കേണ്ട ഒരുകാര്യവുമില്ല. നീ വളരെ ഭാഗ്യവതിയാണ്. എല്ലാ ജുമുആക്കും കാലത്തിന്റെ ഖലീഫയുടെ ഖുത്ബ നിനക്ക് കേൾക്കാൻ സാധിക്കും. മസ്ജിദിലേക്ക് എപ്പോഴും പോകാറുണ്ടായിരുന്നു. കുറച്ച് വർഷം മുമ്പേ സ്ട്രോക്കുണ്ടായി. ഇക്കാരണത്താൽ മസ്ജിദിൽ പോകുവാൻ കഴിഞ്ഞിരുന്നില്ല. എപ്പോഴും ദുആ ചെയ്യുകയും ആളുകളോട് ദുആക്ക് പറയുകയും ചെയ്യുമായിരുന്നു. അല്ലാഹുതആല എനിക്ക് മസ്ജിദ്‌വരെ പോകുവാനുള്ള കെല്പ് എന്റെ കാലിന് നൽകാൻ. ഒരുപാടു നന്മകളുടെ ഉടമസ്ഥനായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. ദാരിദ്ര്യത്തിന്റേയും ഞെരുക്കത്തിന്റേയും അവസ്ഥകളായിരുന്നിട്ടും അദ്ദേഹം തന്റെ മക്കളേയും പഠിപ്പിച്ചു. ബി.എവരെ വിദ്യാഭ്യാസം നൽകി. അദ്ദേഹത്തിന്റെ മകനും എം.എസ്.സിയും ബിഎഡും ചെയ്തിരുന്നു. ഞാൻ പറഞ്ഞതുപോലെ തഅ്‌ലിം ഇസ്‌ലാം സ്കൂളിന്റെ ഹെഡ്മാസ്റ്ററാണ്. അല്ലാഹു അദ്ദേഹത്തിന്റെ മക്കൾക്കും മക്കളുടെ മക്കൾക്കും ഖിലാഫത്തുമായി ആത്മാർത്ഥമായ ബന്ധം പുലർത്താൻ തൗഫീഖ് നൽകട്ടെ. അദ്ദേഹം ചെയ്തത്യാഗങ്ങളും വരുംകാലങ്ങളിൽ അദ്ദേഹത്തിന്റെ മക്കളും ചെയ്യുമാറാകട്ടെ.

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-2 Thursday 06 JUly 2017 Issue-27

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
**ANNUAL SUBSCRIPTION** Rs.300/-

# ഖലീഫത്തുൽമസീഹ് ഏറ്റവും ഉന്നതനായ മാർഗദർശിയാണ്.

**● ഹുദൂറിന്റെ സന്ദേശം വളരെ ശക്തമായിരുന്നു. ലോകത്ത് ശാന്തിയും സമാധാനവും സ്നേഹവും എല്ലാവർക്കുംവേണ്ടി ആഗ്രഹിക്കുന്നതാണ് അദ്ദേഹത്തിന്റെ വ്യക്തിത്വം. എനിക്ക് എന്റെ വികാരങ്ങൾ വാക്കുകളിൽ വിവരിക്കാൻ സാധിക്കുന്നില്ല.**

**● ഹുദൂറിന്റെ ഇസ്‌ലാമിനേയും സമാധാനത്തേയും സംബന്ധിച്ചുള്ള പ്രഭാഷണം തികച്ചും എന്റെ ചിന്താഗതിക്ക് അനുസരിച്ചിട്ടുള്ളതായിരുന്നു. ഹുദൂറിന്റെ മുഖത്ത് വ്യക്തമായിരുന്ന പ്രകാശം വളരെ മനോഹരമായിരുന്നു.**

**● ഹുദൂറിന്റെ പ്രഭാഷണം അങ്ങേയറ്റം ആകർഷണീയവും ലോകത്തിലെ മുഴുവൻ ജനങ്ങൾക്കുമുള്ളതായിരുന്നു. ഈ സന്ദേശം ലോകം മുഴുവനുമുള്ള ആളുകളിൽ എത്തണമെന്നാണ് എന്റെ ആഗ്രഹം.**

**● ഹുദൂറിന്റെ പ്രഭാഷണം വളരെ ആകർഷഭരിതമായിരുന്നു. ഞാൻ വളരെ സന്തോഷവാനും ആകർഷിതനുമാണ്. ഖലീഫയിൽ ഒരു ആദരയുക്തമായ ഭയമുണ്ട്. ഞാൻ അദ്ദേഹത്തിന്റെ അടുത്തെത്തിയപ്പോൾ ഒരു വിറയൽപോലെ എനിക്കനുഭവപ്പെട്ടു. തീർച്ചയായും അദ്ദേഹത്തിൽ എന്തോ പരിശുദ്ധ ശക്തിനിലകൊള്ളുന്നു.**

**● ഖലീഫത്തുൽമസീഹ് ഇസ്‌ലാമിന്റെ ഉന്നതമായ മാർഗദർശിയാണ്. ഹുദൂർ വിവരിച്ചതെല്ലാം കൃത്യമായും അല്ലാഹു പറഞ്ഞതനുസരിച്ചാണ്. മറ്റു മുസ്‌ലീംകളും ഈ സന്ദേശം എത്തിച്ചുകൊടുക്കേണ്ടതാണ്.**

## അമീറുൽമുഅ്മിനീന്റെ പ്രഭാഷണവും അതിഥികളുടെ പ്രതികരണങ്ങളും

**2016 ഒക്ടോബർ 22(ശനിയാഴ്ച)**
**....കഴിഞ്ഞലക്കം തുടർച്ച**

അമീറുൽ മുഅ്മിനീന്റെ ഇന്നത്തെ പ്രഭാഷണം അതിഥികളുടെ മനസ്സുകളെ അഗാധമായി സ്വാധീനിക്കുന്നതായിരുന്നു. ഇതുസംബന്ധമായി ധാരാളം അതിഥികൾ തങ്ങളുടെ അഭിപ്രായങ്ങളും മനസ്സിലെ വികാരങ്ങളും പ്രകടിപ്പിക്കുകയുണ്ടായി.

* പാതിരി ചാൾസ് ഒലാങ്കോ(Uganda Martyrs United Church of Canada) തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: "ഞാൻ കണ്ടിടത്തോളം ഖലീഫത്തുൽ മസീഹ് ഇസ്‌ലാമിന്റെ ഏറ്റവും ഉന്നതനായ മാർഗദർശിയാണ്. ഏതുരീതിയിൽ, ഏതുകാര്യങ്ങളെ സംബന്ധിച്ച് ഹുദൂർ പറഞ്ഞുവോ അത് ദൈവത്തിന്റെ ഇച്ഛയ്ക്കനുസരിച്ചുതന്നെയാണ്. മറ്റു മുസ്‌ലിം നേതാക്കളും ഇതേ രീതിയിൽ സന്ദേശമെത്തിക്കേണ്ടതാണ്. ഇസ്‌ലാം അതിന്റെ വിശ്വാസികളെ മറ്റു മതങ്ങളുടെ അനുയായികളേയും സംരക്ഷിക്കാൻ നിർബന്ധിക്കുന്നു. ഈ ഇസ്‌ലാമിക അധ്യാപനം ഞാൻ ആദ്യമായിട്ടാണ് കേൾക്കുന്നത്. ഞാൻ ഹുദൂറിന്റെ പ്രസംഗത്തിൽ അങ്ങേയറ്റം ആകർഷിതനാണ്. എല്ലാ മതങ്ങളും മതമേധാവികളും ഒന്നിച്ചിരുന്ന് ചർച്ചചെയ്യണമെന്നത് ഹുദൂറിന്റെ ആഗ്രഹമാണ്."

* എൽസ് മാൾട്ടൻ ഒന്റാറിയോ തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു: "ഞാൻ ഹുദൂറിന്റെ പര്യടനത്തെ പ്രത്യേക വീക്ഷണത്തിലൂടെ നോക്കിക്കൊണ്ടിരിക്കുകയാണ്. കുറച്ചുമാസം മുമ്പേ യു.കെ ജൽസസാലാനയുടെ അവസരത്തിലും പിന്നീട് കനഡ ജൽസസാലാനയിലും ഹുദൂറിന്റെ പാർലമെന്റ് പര്യടനത്തിൽ പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയപ്പോഴും എന്റെ ഹൃദയംഗമമായ ആഗ്രഹമായിരുന്നു ഖലീഫത്തുൽ മസീഹുമായി കൂടിക്കാഴ്ച നടത്തണമെന്നത്. ഇന്ന് കൂടിക്കാഴ്ച നടന്നു. ഹുദൂറിന്റെ സന്ദേശം വളരെ ശക്തമായിരുന്നു. ലോകത്ത് ശാന്തിയും സമാധാനവും സ്നേഹവും എല്ലാവർക്കുംവേണ്ടി ആഗ്രഹിക്കുന്നതാണ് അദ്ദേഹത്തിന്റെ വ്യക്തിത്വം. എനിക്ക് എന്റെ വികാരങ്ങൾ വാക്കുകളിൽ വിവരിക്കാൻ സാധിക്കുന്നില്ല."

* ഹാന്റി മെനോറ്റി (റിട്ടയർഡ് ടീച്ചർ) തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: "ഖലീഫത്തുൽ മസീഹുമായി കൂടിക്കാഴ്ചയ്ക്കുശേഷം ഞാൻ വികാരഭരിതയായിരിക്കുകയാണ്. ഞാൻ ഹുദൂറിന്റെ സമാധാനപരമായ സന്ദേശത്തിൽ വളരെ ആകർഷിതയാണ്. ഹുദൂർ നമുക്കെല്ലാവർക്കും കൈത്തിരിയാകുന്നു; നമ്മൾ അദ്ദേഹത്തിന്റെ സന്ദേശം കേൾക്കുകയും പ്രവർത്തിക്കുകയുമാണെങ്കിൽ."

* ഗ്രേഗ് കെനഡി തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: "ഞാൻ ഇന്ന് എന്റെ സഹോദരിയുമായിട്ടാണ് വന്നിട്ടുള്ളത്. കാരണം അവൾ ഈ അടുത്തകാലത്ത് ഇസ്‌ലാം സ്വീകരിച്ചിരുന്നു. അഹ്‌മദിയ്യ ജമാഅത്ത് എന്ത് അധ്യാപനമാണ് നല്കുന്നതെന്ന് കാണാൻ ഞങ്ങൾ ആഗ്രഹിച്ചിരുന്നു. ഹുദൂറിന്റെ സന്ദേശം കേട്ട് എന്റെ സന്തോഷത്തിന് അതിരുകളില്ല. ഇത്രമാത്രം സ്നേഹിക്കുന്നവരും സഹായിക്കുന്നവരും ജനങ്ങൾക്ക് സേവനം ചെയ്യുന്നന്നവരുമായ ആളുകളിലാണല്ലോ എന്റെ സഹോദരി ചേർന്നിരിക്കുന്നത്! എന്തൊരു കാര്യമാണോ ഇന്ന് പഠിച്ചത് ഞാൻ അതിൽ വളരെ ആകർഷിതനാണ്."

* ബ്രേംടനിലെ മുൻമേയർ സൂസൻ കേനൽ തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഞാൻ അഹ്‌മദിയ്യാ ജമാഅത്തിനെ കഴിഞ്ഞ മുപ്പത് വർഷമായി അറിയുന്നു. ഖലീഫത്തുൽ മസീഹ് പങ്കെടുത്ത നിരവധി പ്രോഗ്രാമുകളിൽ ഞാനും പങ്കെടുത്ത് കഴിഞ്ഞിട്ടുണ്ട്. ഇതെനിക്ക് ബഹുമതിക്ക് നിമിത്തമാണ്. ഇന്നത്തെ പരിപാടിയിലേക്കും എനിക്ക് ക്ഷണം കിട്ടി. ഹുദൂറിന്റെ സന്ദേശം എപ്പോഴും സമാധാനത്തിന്റെ കളിത്തൊട്ടിലാണ്. അദ്ദേഹം എല്ലാവരോടും സ്നേഹം വെറുപ്പ് ആരോടുമില്ല എന്ന വിളംബരം നടത്തിക്കൊണ്ടിരിക്കുന്നു. ഞാൻ ജനങ്ങളോട്, പ്രത്യേകിച്ചും അല്ലാഹുവിന്റെ സന്ദേശം മനസ്സിലാക്കാത്തവരോട് പറയാനാഗ്രഹിക്കുകയാണ്, ഇതൊരു സമാധാന സന്ദേശമാണ്. ഇതിൽ ജനങ്ങൾക്കോ മൃഗങ്ങൾക്കോ അല്ലെങ്കിൽ ഏതെങ്കിലും ജീവജാലങ്ങൾക്കോ നഷ്ടംവരുത്തുന്നതായ ഒന്നുംതന്നെയില്ല. നമുക്കെല്ലാവർക്കുമുള്ള ദൈവത്തിന്റെ സന്ദേശമാണിത്.

* റവറന്റ് റോബർട്ട് ലായൽ(Minister of St.Andrews Presbyterian Church)തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഞാൻ ഇന്നത്തെ പ്രഭാഷണത്തിൽ വളരെ ആകർഷിതനാണ്. അതിന് കാരണം ഹുദൂറിന്റെ സന്ദേശമാണ്. അതിൽ സമാധാനത്തിന്റേയും സ്നേഹത്തിന്റേയും പ്രതീക്ഷയുടേയും സന്ദേശവുമുണ്ടായിരുന്നു. ഇത് എങ്ങനെയുള്ള സന്ദേശമാണെന്നാൽ ഇതിന് നിറം, കുലം, പാശ്ചാത്യം പൗരസ്ത്യം ഏതെങ്കിലും പ്രത്യേകസമയം അല്ലെങ്കിൽ കാലവുമായി ബന്ധമില്ല. മറിച്ച് ലോകം മുഴുവനുമുള്ള മനുഷ്യർക്കുള്ള സന്ദേശമാണ്. ലോകത്ത് നിരവധി തെറ്റായ വിവരങ്ങളും കിംവദന്തികളും ഭയവും പേടിയും പരന്നുകഴിഞ്ഞിട്ടുണ്ട്. എങ്കിലും നമ്മുടെ ഇടയിൽ ഏകോപിച്ചുള്ള കാര്യങ്ങളാണ് അധികമെന്നും ഭിന്നിപ്പിന്റെ കാര്യങ്ങൾ കുറവാണെന്നും ഇന്നത്തെ സന്ദേശത്തിൽ വ്യക്തമായിരുന്നു. ഇതൊരു വളരെ വലിയ സന്തോഷവാർത്തയാണ്. ഇത് ജനങ്ങൾ കേൾക്കേണ്ട ആവശ്യമുണ്ട്. ഇങ്ങനെയൊരു പ്രാധാന്യവും ഈ പ്രഭാഷണത്തിനുണ്ട്.

* പി.സി പാർട്ടി ഒന്റാറിയോ പ്രസിഡന്റ് ഡോക്ടർ ഇയാൻബർഗ് തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഞാൻ ഹുദൂറിനെ സംബന്ധിച്ച് സദുദ്ദേശ്യങ്ങൾ പ്രകടിപ്പിക്കുകയാണ്. ഞാൻ ഹുദൂറിന്റെ പ്രഭാഷണം അങ്ങേയറ്റം ആകർഷണീയമായി കണ്ടു. അവിടത്തെ സന്ദേശം സ്നേഹത്തിന്റേയും നീതിയുടേയും ന്യായത്തിന്റേയും സന്ദേശമായിരുന്നു. ഹുദൂറിന്റെ ഈ സന്ദേശം വ്യാപിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്.

* അൽമ(Alma) ടൊറാന്റോയിലെ ടീച്ചറാണ്. തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: എന്റെ അഭിപ്രായത്തിൽ ഹുദൂർ ലോകം മുഴുവനുമുള്ളവർക്ക് സമാധാനസന്ദേശം സമർപ്പിച്ചുകൊണ്ടിരിക്കുന്നുവെന്നത് വളരെ സന്തോഷകരമായ കാര്യമാണ്. ഈ സന്ദേശം മുസ്‌ലിംകളിൽ മാത്രം ഒതുക്കിനിറുത്തിയില്ല. മറിച്ച്, എല്ലാ വർഗ്ഗ-വർണ്ണത്തിലുള്ള ആളുകൾക്കുള്ള അവിടത്തെ സന്ദേശമായിരുന്നു. നമ്മൾ ലോകത്തിന്റെ അവസ്ഥ പരിശോധിക്കുകയാണെങ്കിൽ അവിടത്തെ സന്ദേശം അങ്ങേയറ്റം പ്രാധാന്യം വഹിക്കുന്നതാണ്. അതുകൊണ്ട് വ്യക്തമായ ഈ സന്ദേശം എല്ലാവരും കേൾക്കേണ്ടതാണെന്ന് ഞാൻ മനസ്സിലാക്കുന്നു.

* അസിസ്റ്റന്റ് പ്രിൻസിപ്പൽ കത്തോലിക് സ്കൂൾ മാസ്മോ ജനോബാൽ തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഇത്തരത്തിലുള്ള ശക്തമായ പ്രഭാഷണങ്ങൾ കേൾക്കാൻ അവസരം കിട്ടുമ്പോഴെല്ലാം ഞാൻ തീർച്ചയായും അതിൽ പങ്കെടുക്കുന്നു. ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണത്തിൽ ഞാൻ വ്യക്തിപരമായി വിശ്വസിക്കുന്ന ധാരാളം കാര്യങ്ങളുണ്ട്. അതിനോട് എനിക്ക് വളരെ സന്തോഷമുണ്ടായി.

* മുഹമ്മദ് അൽ ഹൽവാജി (പ്രസിഡണ്ട് നൈൽ അസോസിയേഷൻ ഓഫ് ഒന്റാറിയോ) തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഇന്നത്തെ സന്ദേശം വളരെ വ്യക്തമായിരുന്നു. നമ്മൾ എല്ലാവരും സ്നേഹത്തോടുകൂടി ജീവിക്കേണ്ടവരാണ്. നമുക്ക് ആരോടും വെറുപ്പ് വെക്കേണ്ട ആവശ്യമില്ല. നമ്മൾ പരസ്പരം വെറുപ്പ് വെച്ചുകൊണ്ടിരുന്നാൽ സമാധാനം സ്ഥാപിതമാവുകയില്ല. ഹുദൂറിന്റെ പ്രഭാഷണം പാർലമെന്റിൽ ഞാൻ കേട്ടപ്പോൾ, പാർലമെന്റിൽ ഈ രീതിയിൽ ഒരു മുസൽമാൻ നേതാവിന് പ്രസംഗിക്കാൻ കഴിയുമെന്ന് എനിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. ഹുദൂറിൽ ഭയത്തിന്റെ ലാഞ്ചനപോലും കാണാൻ കഴിഞ്ഞില്ല. അങ്ങേയറ്റം നിർഭയമായ രീതിയിൽ അവിടന്ന് പ്രസംഗിച്ചു. ഇതുതന്നെയാണ് ഇസ്‌ലാമിന്റെ ശരിയായതും സത്യമായതുമായ സന്ദേശമെന്ന് ജനങ്ങൾക്ക് ദൃഢവിശ്വാസമായി. അവിടന്ന് പറഞ്ഞു ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന യുദ്ധങ്ങൾക്ക് പിന്നിൽ കുറച്ചാളുകളുണ്ട്. അവരാണ് ഇതിൽനിന്ന് ഫലം കരസ്ഥമാക്കിക്കൊണ്ടിരിക്കുന്നത്. ഇന്നത്തെ പ്രസംഗത്തിൽ ഹുദൂർ എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്നതിനെ സംബന്ധിച്ച് സംസാരിച്ചു. ഇത് എല്ലാവരുടേയും പ്രവർത്തനരൂപരേഖ ആയിരിക്കേണ്ടതാണ്. ഇതുതന്നെ

**ശേഷം പേജ് 2ൽ**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin